Phone No. 2972.

27

# ഗ്രന്ഥാലോകം

തിരു: കൊച്ചി

ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

V. J. Ulahannan



കൽക്കട്ടാ നാഷണൽ ലൈബ്രറി

ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.
ഒറ്റപ്രതി അണ. 8.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ., ബി. എൽ.

വാല്യം 4 | ഫെബ്രുവരി 1952 | ലക്കം 2

# പത്രാധിപവീഥി

## 1. ഞങ്ങളെപ്പററി

ഗ്രന്ഥാലോകത്തിൻെറ ആകൃതിയിലും വലിപ്പത്തിലും വ്യത്യാസമൊന്നും വരുത്തുന്നില്ലെങ്കിലും ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം അല്പം ചില പരിഷ്കാരങ്ങളേർപ്പെടുത്തുവാൻ ഞങ്ങളുദ്ദേശിക്കുന്നു. സാഹിത്യസംബന്ധമായ ലേഖനങ്ങൾക്കും കവിതകൾക്കും തത്സംബന്ധമായ മററു കലാരൂപങ്ങൾക്കുമാണ് ഇതുവരെ ഗ്രന്ഥാലോകം പ്രസിദ്ധീകരണവിഷയത്തിൽ പ്രാധാന്യം കല്പിച്ചിരുന്നതു്. മററു സാഹിത്യമാസികകൾക്കെന്നപോലെതന്നെ ഗ്രന്ഥാലോകത്തിനും സാഹിത്യപോഷണപരമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള കർത്തവ്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. എന്നാൽ സാഹിത്യപോഷണംപോലെ തന്നേയോ അതിലുപരിയായോ മററു ചില കർത്തവ്യങ്ങൾകൂടി ഗ്രന്ഥശാലാസംഘത്തിൻെറ ആഭിമുഖ്യത്തിൽ നടന്നു

## ഈ ലക്കത്തിൽ


| | |
|---|---|
| പത്രാധിപവീഥി | |
| സാമൂഹ്യവിദ്യാഭ്യാസവും സംസ്ഥാനഗവർമ്മെൻറും | സി. നാരായണപിള്ള |
| അറന്തുററാണ്ടത്തെ അഭിഭാഷകജീവിതം | മള്ളൂർ ഗോവിന്ദപ്പിള്ള |
| അമേരിക്കൻലൈബ്രറി അസോസിയേഷൻ | |
| ഇൻഡെക്സും ക്യാററ്ലോഗും | |
| സംസാരിക്കുന്ന ഗ്രന്ഥങ്ങൾ | |
| വിദ്യാഭ്യാസപരിഷ്കാരം | |
| ഗ്രന്ഥശാലകൾ — മറെറാരു വീക്ഷണത്തിൽക്കൂടി | പി. എൻ. പണിക്കർ |
| ഗ്രന്ഥനിരീക്ഷണം. | സി. എൻ. |
| കൽക്കട്ടാ നാഷണൽ ലൈബ്രറി | |
| തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാലയെപ്പററി | ബി. എസ്. കേശവൻ |
| ഗ്രന്ഥശാലാവാർത്തകൾ | |

വരുന്ന ഒരു മാസികാഗ്രന്ഥത്തിന് നിർവഹിക്കുവാനുണ്ട്. ഇന്നു ലോകമൊട്ടുക്കു വളൎന്നു വികസിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പററിയും രാഷ്ട്രീയ പുനഃസംവിധാനത്തിൽ ആ പ്രസ്ഥാനത്തിന് നിറവേറവാനുള്ള ചുമതലകളെപ്പററിയും കൂടുതൽ കൂടുതൽ വിജ്ഞാനം വായനക്കാൎക്കു നൽകുവാനുള്ള കൎത്തവ്യം ഗ്രന്ഥശാലാസംഘത്തിന്റെ ഔദ്യോഗികപ്രസിദ്ധീകരണത്തിനുണ്ട്. നമ്മുടെ രാജ്യത്തെ വായനശാലകളുടെ സംഖ്യ വൎദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായി അവ സംഘടിപ്പിക്കുന്നതിലും ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാക്കുന്നതിലും വളരെയൊന്നും ചെയ്യുകാണുന്നില്ല. പുസ്തകങ്ങൾ ശേഖരിക്കുന്നതു സംബന്ധിച്ചും അവയ്ക്കു് ഇൻഡക്സുകൾ ക്യാററ്ലോഗുകൾ എന്നിവ ഉണ്ടാക്കുന്നതിനെപ്പററിയും വിതരണത്തെപ്പററിയും വായനക്കാരുടെ രസവാസനകളും അഭിരുചിയും ഉദ്ദീപിപ്പിക്കുന്ന വിഷയത്തിലും നാമിന്നു കേവലം അജ്ഞത മാത്രമാണ് പ്രദൎശിപ്പിച്ചു വരുന്നതു്. അതുകൊണ്ടു് ഗ്രന്ഥശാലാപ്രവൎത്തകന്മാൎക്കും സാമൂഹ്യവിദ്യാഭ്യാസം സംബന്ധിച്ച പ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവൎക്കും ഈ പ്രസിദ്ധീകരണം കൂടുതൽ പ്രയോജനകരമാക്കിത്തീൎക്കുവാൻ ഞങ്ങൾ ശ്രദ്ധിക്കുന്നതാണ്. അതുപോലെതന്നെ ഗ്രന്ഥശാലാസംഘത്തിന്റെ പ്രവൎത്തനങ്ങളെക്കുറിച്ചു് സംഘത്തിന്റെ പ്രചാരകന്മാരറിഞ്ഞിരിക്കേണ്ട വിഷയങ്ങളെപ്പററിയും ഗ്രന്ഥശാലകൾ നടത്തുന്നവരും ഉപയോഗിക്കുന്നവരും നിഷ്കൎഷിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ കാൎയ്യങ്ങളെപ്പററിയും കൂടുതൽ കൂടുതൽ പ്രതിപാദിക്കുവാനും ഞങ്ങളുദ്ദേശിക്കുന്നു. സാഹിത്യസംബന്ധമായ ലേഖനങ്ങൾ ഒഴിവാക്കുമെന്നു് ഇതുകൊണ്ടൎത്ഥമില്ല. സാഹിത്യത്തെയെന്നപോലെതന്നെ ഗ്രന്ഥശാലാപ്രസ്ഥാനത്തേയും പോഷിപ്പിക്കുവാൻ ഈ പ്രസിദ്ധീകരണം ഉതകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

## 2. ഗ്രന്ഥശാലാ സംഘവും രാഷ്ട്രീയ കാൎയ്യങ്ങളും

കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് ഗ്രന്ഥശാലാസംഘം ആർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ രാഷ്ട്രീയമായി കക്ഷി പിടിച്ചു് സ്ഥാനാൎത്ഥികളെ സഹായിക്കയും എതിൎക്കുകയും ചെയ്തുകൊണ്ടിരുന്നതായി ചില കേന്ദ്രങ്ങളിൽനിന്നു് ആക്ഷേപങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുന്നു. ഈ പരാതികളുടെ വാസ്തവികതയെപ്പററി പൂൎണ്ണമായ തെളിവുകളോ വിവരങ്ങളോ നൽകുവാൻ തയാറാകാതെ കേവലം ഒരു ആരോപണംകൊണ്ടു് മാത്രം തൃപ്തിപ്പെടുകയാണ് ഈ വിമൎശകന്മാരിൽ ഭൂരിപക്ഷവും ചെയ്തുകൊണ്ടിരിക്കുന്നതു്. ഏതെങ്കിലും ഒരു ആർഗനൈസറെപ്പററി വിശ്വസനീയമായ തെളിവുകൾ നൽകുവാൻ ഏതെങ്കിലും ആരോപണകൎത്താക്കൾ തയാറാകുമെങ്കിൽ അതിനെപ്പററി നിഷ്കൃഷ്ടമായ അന്വേഷണം നടത്തി കുററം തെളിയുന്ന പക്ഷം അങ്ങിനെയുള്ളവരെ നിൎദ്ദാക്ഷിണ്യമായി ജോലിയിൽനിന്നു് പിരിച്ചുവിടുവാൻ സംഘം എപ്പോഴും തയാറായിരിക്കുന്നതാണ്. സംഘം ആർഗനൈസറന്മാർ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയമായി കക്ഷി ചേരരുതെന്നും പ്രചരണം നടത്തരുതെന്നും സംഘം മുൻകൂട്ടി സൎക്കുലർപുറപ്പെടുവിച്ചിരുന്നു. അതിനു വിപരീതമായി ആരെങ്കിലും പ്രവ

ത്തിച്ചിട്ടുണ്ടെങ്കിൽ മററു യാതൊരു പരിഗണനയും കൂടാതെ അവക്കു ശിക്ഷ നൽകുവാൻ സംഘം മടിക്കുന്നതല്ല. നിർഭാഗ്യവശാൽ രാഷ്ട്രീയകക്ഷികളുടെ കാൺഫറൻസുകളിലും കമ്മിററികളിലും മാത്രമാണു് ഇത്തരം ആരോപണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഞങ്ങൾക്കറിവു ലഭിച്ചിട്ടുള്ളതു്. ആരുടെയും ഉത്തമ വിശ്വാസത്തെ ചോദ്യം ചെയ്യാതെ തന്നെ, ഗ്രന്ഥശാലാസംഘത്തെ സംബന്ധിച്ചിടത്തോളം ജീവസ്പശിയായ ഈ വിഷയത്തിൽ അവ്യക്തമായ ആരോപണങ്ങൾ പുറപ്പെടുവിച്ചു് തൃപ്തിയാകാതെ ഗ്രന്ഥശാലാസംഘത്തിൻെറ ഉത്തമ വിശ്വാസം പ്രകടിപ്പിക്കുവാൻ ഒരവസരം ഉണ്ടാക്കിത്തരണമെന്നു് ഞങ്ങളെല്ലാ വിമശകന്മാരോടും അഭ്യത്ഥിക്കുന്നു.

സംഘം പ്രവത്തകന്മാരോടും ഒരു വാക്കു പറയുവാൻ ഈ അവസരം ഞങ്ങൾ വിനിയോഗിക്കട്ടെ. രാഷ്ട്രീയകാര്യങ്ങളിൽ സംഘം പ്രവത്തകന്മാർ തലയിടരുതെന്നുള്ള നിർദ്ദേശം യാതൊരു സംവരണവും കൂടാതെയാണു് സംഘം അധികൃതർ പുറപ്പെടുവിച്ചിട്ടുള്ളതു്. ഏതൊരു രാഷ്ട്രീയകക്ഷി ഇവിടെ ഭരണം നടത്തിയാലും ഗ്രന്ഥശാലാസംഘം എപ്പോഴും ആ ഗവർമ്മെൻറിനോടു് ഭക്തിയും കൂറും പ്രകടിപ്പിക്കുവാൻ സന്നദ്ധമായിരിക്കുന്നതാണു്. തിരഞ്ഞെടുപ്പിലും മററു രാഷ്ട്രീയപ്രചരണങ്ങളിലും കക്ഷിപിടിച്ചു് ആരുടെ പ്രീതിയും അപ്രീതിയും സമ്പാദിക്കുവാൻ ഗ്രന്ഥശാലാസംഘത്തിനു് നിവ്വാഹമില്ല. അങ്ങിനെ ചെയ്യുന്നതിൻെറ ഫലം ദീർഘകാലമായ സേവനങ്ങളുടെ ഫലമായി നാം പടുത്തു കെട്ടിയ സംഘടനയെ ശിഥിലപ്പെടുത്തുകയെന്നുള്ളതായിരിക്കും. പോരെങ്കിൽ അധികാരത്തിലിരിക്കുന്ന ഗവർമ്മെൻറിൻെറ സഹകരണവും കാരുണ്യവും സംഘത്തിൻെറവളർച്ചയ്ക്കും ജനസേവനപരമായ പ്രവത്തനങ്ങൾക്കും അപരിത്യാജ്യമാണു്. രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവർമ്മെൻറുദ്യോഗസ്ഥന്മാർ സ്വീകരിക്കുന്ന നിലതന്നെയാണു് സംഘം പ്രവത്തകന്മാർക്കും അനുകരണാർഹമായിട്ടുള്ളതു്. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ രാഷ്ട്രീയകാര്യങ്ങളിൽ പ്രവത്തിക്കുന്നതിനെ എടുത്തുകാണിച്ചു് സംഘം പ്രവത്തകന്മാരുടെ രാഷ്ട്രീയപ്രവത്തനങ്ങളെ നീതികരിക്കുവാൻ ചിലർ ശ്രമം ചെയ്യുന്നതായ് ഞങ്ങൾക്കറിയാം. എന്നാൽ യാതൊരു താരതമ്യവുമില്ലാത്ത രണ്ടു സ്ഥാപനങ്ങളാണു് ഇവ. ഗ്രാൻറു ലഭിക്കുന്ന പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ രാഷ്ട്രീയകാര്യങ്ങളിലിടപെടുന്നുണ്ടെങ്കിൽ ഗ്രാൻറു ലഭിക്കുന്ന ഗ്രന്ഥശാലകളിലെ പ്രവത്തകന്മാർക്കും അതിനുള്ള സ്വാതന്ത്ര്യമുണ്ടു്. രാഷ്ട്രീയകാര്യങ്ങളിലിടപെട്ടതുകൊണ്ടു് ഒരു ഗ്രന്ഥശാലയ്ക്കും ഗ്രാൻറു നിഷേധിച്ചിട്ടില്ല. ഗ്രന്ഥശാലാപ്രവത്തകന്മാർ വ്യക്തിപരമായി രാഷ്ട്രീയകാര്യങ്ങളിലിടപെടുന്നതിനെ ഒരു പരിഷ്കൃത ഗവമ്മെൻറും തടയുകയുമില്ല. എന്നാൽ എല്ലാ രാഷ്ട്രീയകക്ഷികൾക്കും തുല്യാവകാശങ്ങളും അധികാരങ്ങളും ഉള്ള ഗ്രന്ഥശാലകളുടെ ഭരണസമിതികൾ സംഘടിതമായിത്തന്നെ രാഷ്ട്രീയകാര്യങ്ങളിലിടപെടുകയാണെങ്കിൽ ചിലപ്പോൾ ഗ്രന്ഥശാലയ്ക്കു തന്നെ തകച്ച സംഭവിച്ചു എന്നു വരാം. അതുകൊണ്ടു് കേവലം സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്ഥാപനങ്ങൾ ഔദ്യോഗികമായി രാഷ്ട്രീയ വടംവലികളിൽ ഇടപെടുന്നതു യുക്തമല്ല. ഗ്രന്ഥശാലാസംഘം ഗ്രാൻറു പള്ളിക്കൂടങ്ങളല്ല. വിവിധരാഷ്ട്രീയ കക്ഷികൾക്കു പ്രാബല്യമുള്ള ഗ്രാൻറുപള്ളിക്കൂടങ്ങളുടെ ഒരു

പൊതുസംഘടനയ്ക്കു് സംഘടനയെന്ന നിലയിൽത്തന്നെ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുവാൻ സാധ്യമാണോ? അതുപോലെ വിഭിന്നമായ രാഷ്ട്രീയാദർശങ്ങളുള്ള ഗ്രന്ഥശാലകളുടെ പൊതുസംഘടനയായ ഗ്രന്ഥശാലാസംഘവും രാഷ്ട്രീയ കാര്യങ്ങളിൽനിന്നു അകന്നുനിന്നേ മതിയാവൂ. ഗ്രന്ഥശാലാസംഘത്തിന്റെ ഔദ്യോഗിക പ്രവർത്തകന്മാർ രാഷ്ട്രീയ കാര്യങ്ങളിൽ കക്ഷി പിടിക്കയാണെങ്കിൽ ഗ്രന്ഥശാലാസംഘത്തിന്റെ നിഷ്പക്ഷത നിരർത്ഥകമായിത്തീരുന്നതാണു്. അതുകൊണ്ടു് ഇന്നു് ആർഗനൈസറന്മാരെപ്പററി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആരോപണങ്ങൾ ശരിയെങ്കിലും തെററെങ്കിലും ഈ ലേഖനത്തിലെ നിർദ്ദേശങ്ങൾ ഭാവിയിലെങ്കിലും അവർ പ്രത്യക്ഷരം പരിപാലിക്കുമെന്നു വിശ്വസിക്കുന്നു. അതു ഗ്രന്ഥശാലാസംഘത്തിന്റെ നിലനില്പിനു തന്നെ അത്യാവശ്യമാണു്. സംഘ നിർദ്ദേശങ്ങൾക്കു വിപരീതമായി രാഷ്ട്രീയവും കക്ഷിപരവുമായ പ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ ജോലി രാജിവച്ചിട്ടു് ആ സംരംഭങ്ങൾക്കു് മുതിരുകയാണു് വേണ്ടതു്. അങ്ങിനെയല്ലാതെ കക്ഷിമത്സരങ്ങളിലും രാഷ്ട്രീയ വടംവലികളിലും അവിഹിതമായി ഇടപെടുകയും അങ്ങിനെ സംഘത്തിന്റെ നിലനില്പിനെത്തന്നെ ഉലയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരുടെ സേവനം വേണ്ടെന്നു വയ്ക്കുവാൻ സംഘം നിർബന്ധിതമായിത്തീരുമെന്നു് ഒരു മുന്നറിയിപ്പു നൽകുവാൻ കൂടിയാണു് ഈ ലേഖനമെഴുതുന്നതു്.

---


## ബാലസാഹിത്യഗ്രന്ഥങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളെ പ്രത്യേകം പുരസ്കരിച്ചു് അവരുടെ പ്രായത്തിനും പ്രാപ്തിക്കും അനുയോജ്യമായവിധം മനശ്ശാസ്ത്രസിദ്ധാന്തങ്ങളെ സമാദരിച്ചു്, മനോഹരമായി തയാറാക്കിട്ടുള്ള ഈ ഗ്രന്ഥങ്ങൾ വിദ്യാലയങ്ങൾക്കും ഗ്രന്ഥശാലകൾക്കും കുട്ടികളുള്ള ഗൃഹങ്ങൾക്കും ഭൂഷണമായിരിക്കും. പ്രായഭേദമനുസരിച്ചു് നാലു ഗ്രേഡുകളായി തിരിച്ചിട്ടുള്ള

എഴുപതിൽപരം ഗ്രന്ഥങ്ങൾ ഇപ്പോൾ തയാറുണ്ടു്.

തിരു—കൊച്ചി ഗ്രന്ഥശാലാസംഘം ബുക്കു് സെലക്ഷൻ കമ്മിററി അംഗീകരിച്ചവ.

ലൈബ്രറികൾക്കു പ്രത്യേകം കമ്മിഷൻ

**ബാലൻ പ്രസിദ്ധീകരണങ്ങൾ**

505 നന്തൻകോട്ടു്, തിരുവനന്തപുരം.

# സാമൂഹ്യവിദ്യാഭ്യാസവും സംസ്ഥാനഗവമ്മെൻറും

സി. നാരായണപിള്ള

പ്രതിമാസം 40 രൂപാവീതം ശമ്പളം പററുന്ന നാല്പതോളം സാമൂഹ്യവിദ്യാഭ്യാസ പ്രവത്തകന്മാർ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് അവരുടെ തലയ്ക്കു മുകളിൽ ഒരു കൂര ഉണ്ടാക്കിക്കൊടുക്കുവാൻ ഗവമ്മെൻറു കൂട്ടാക്കാതിരുന്നതുകൊണ്ടു് വേണ്ടതുപോലെ പ്രവത്തിക്കുവാൻ അവസരം ലഭിക്കാതെ കഴിഞ്ഞ ആറുമാസം അലസരായിക്കഴിഞ്ഞുകൂടുകയായിരുന്നു. വയോജനവിദ്യാഭ്യാസബോർഡു് നേരിട്ടും രേഖാമൂലവും പല നിവേദനങ്ങളും ഗവമ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല. പരിശീലനം സിദ്ധിച്ചിട്ടുള്ള പ്രവത്തകന്മാക്കു് നാല്പതുരൂപാവീതം ഖജനാവിൽനിന്നു കൊടുക്കുന്നുണ്ടെങ്കിലും സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിലാരംഭിക്കുവാൻ ഓരോ മുറിയെങ്കിലും വാടകയ്ക്കെടുക്കുന്നതിനു് 10 രൂപകൂടി പ്രതിമാസം അനുവദിക്കുന്നതിനു ഗവമ്മെൻറു മടികാണിച്ചതുകൊണ്ടാണു് ഈ വിഷമസ്ഥിതി സംജാതമായതു്. ഗവമ്മെൻറിൻെറ വിദ്യാഭ്യാസനയം നിയന്ത്രിക്കുന്നവക്കു് സാമൂഹ്യകേന്ദ്രങ്ങൾ (Community Centre) എന്താണെന്നറിവില്ലാത്തതുകൊണ്ടോ, അവയ്ക്കു് ഗ്രാമീണപുനഃസംഘടനാപരമായ കാര്യങ്ങളിൽ വഹിക്കുവാനുള്ള പങ്കെന്താണെന്നു നിശ്ചയമില്ലാത്തതുകൊണ്ടോ, ആനയെ വാങ്ങിയിട്ടു് ചങ്ങല വാങ്ങുവാൻ മടിക്കുന്ന ഒരു നയമാണു് ഈ വിഷയത്തിൽ ഗവമ്മെൻറു സ്വീകരിച്ചതു്.

## നൂതനപരീക്ഷണം

വയോജനവിദ്യാഭ്യാസ സംരംഭങ്ങളിലെ ഏററവും പുരോഗമനാത്മകമായ ഗവേഷണമാണു് സാമൂഹ്യവിദ്യാഭ്യാസകേന്ദ്രം. ഇൻഡ്യയുടെ പഞ്ചവത്സരപദ്ധതിയിൽ സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾക്കു് അതിപ്രധാനമായ സ്ഥാനം കല്പിച്ചിട്ടുണ്ടു്. ഈ അടുത്തകാലത്തു് ബോംബേയിൽ സമ്മേളിച്ച സാമൂഹ്യവിദ്യാഭ്യാസകാൺഫറൻസിൻെറ ശുപാശകളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് സാമൂഹ്യകേന്ദ്രങ്ങളാണു്. ഇൻഡ്യാഗവമ്മെൻറിൻെറ പ്ലാനിംഗ്പദ്ധതി പുറത്തു വരുന്നതിനും ബോംബെസമ്മേളനത്തിനും മുൻപുതന്നെ തിരുവിതാംകൂർ-കൊച്ചി വയോജനവിദ്യാഭ്യാസബോർഡു് സാമൂഹ്യകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള ഒരു വിശദപദ്ധതി ഗവർമ്മെൻറിൽ സമർപ്പിക്കയും ഗവർമ്മെൻറു് അതു് അംഗീകരിച്ചു് പ്രവത്തകന്മാക്കു് പരിശീലനം നടത്തുവാൻ ഒരു ഗവേഷണകേന്ദ്രം ആരംഭിക്കയും ചെയ്തു. ആ നിലയിൽ ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് സാമൂഹ്യവിദ്യാഭ്യാസരംഗത്തു് ഏററവും നൂതനമായ പരീക്ഷണമാരംഭിച്ചതു് ഈ സംസ്ഥാനത്താണു്. അതിലേയ്ക്കുള്ള പ്രശസ്തി വൈസ് ചാൻസലർ ഉദ്യോഗമൊഴിഞ്ഞുപോയ മി. നന്ദൻ മേനവനുള്ളതാണു്.

മി. നന്ദൻ മേനവൻ അമേരിക്കയിൽനിന്നു് യൂറോപ്പുവഴി ഇൻഡ്യയിലേയ്ക്കു

തിരിച്ചുവരുമ്പോൾ ഏതാനും ദിവസങ്ങൾ പാരീസിൽ കഴിച്ചുകൂട്ടുകയുണ്ടായി. യൂനെസ്കോയുടെ ആഭിമുഖ്യത്തിൽ വയോജനവിദ്യാഭ്യാസം സംബന്ധിച്ച് അപ്പോൾ പാരീസിൽ ഒരു കാൺഫറൻസു നടക്കുകയായിരുന്നു. പ്രസ്തുത കാൺഫറൻസിൽ പങ്കെടുക്കുവാൻ ഒരു ഇൻഡ്യൻ പ്രതിനിധിയെ സമ്മേളനഭാരവാഹികൾ ആരാഞ്ഞു നടക്കുമ്പോഴാണ് മി. മേനോൻ പാരീസിലെത്തിയത്. യൂനെസ്കോസമ്മേളനഭാരവാഹികൾ മി. മേനവനെ കാൺഫറൻസിലെ ഇൻഡ്യൻ പ്രതിനിധിയായി നിർദ്ദേശിക്കയും മി. മേനവൻ ഈ സർവരാജ്യസമ്മേളനത്തിൽ അദ്ദേഹത്തിനു ലഭിച്ച പ്രാതിനിധ്യം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും ചെയ്തു. മി. മേനവനെയാണ് തിരുവിതാംകൂർ–കൊച്ചി ഗവർമ്മെൻറ് ഇവിടെ സംഘടിപ്പിച്ച സാമൂഹ്യവിദ്യാഭ്യാസബോർഡിന്റെ അദ്ധ്യക്ഷനാക്കിയത്. വയോജനവിദ്യാഭ്യാസസംരംഭങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന പരിജ്ഞാനവും അനുഭവങ്ങളും ഈ സംസ്ഥാനത്ത് സംഘടിപ്പിച്ചിട്ടുള്ള പരിപാടികൾക്കു രൂപം കൊടുക്കുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ട്.

## ഗവേഷണകേന്ദ്രം

സാമൂഹ്യകേന്ദ്രങ്ങൾ തുറക്കുവാൻ പരിശീലനം സിദ്ധിച്ചിട്ടുള്ള പ്രവർത്തകന്മാരാണ് ആദ്യമാവശ്യമായിട്ടുള്ളതെന്നു മനസ്സിലാക്കി ഒരു വയോജനവിദ്യാഭ്യാസ ഗവേഷണപരിശീലനകേന്ദ്രം തിരുവനന്തപുരത്താരംഭിക്കയാണ് ബോർഡാദ്യമായി ചെയ്തത്. മനുഷ്യന്റെ നാനാമുഖമായ ജീവിതവശങ്ങളെ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളെപ്പററിയും തത്വപരമായും പ്രായോഗികമായുമുള്ള ഒരു പരിജ്ഞാനം പ്രവർത്തകന്മാർക്കു നൽകുവാൻ ആറു മാസത്തെ പരിശീലനമാണ് ഈ കേന്ദ്രത്തിൽ നടത്തുന്നത്. അൻപതുപേർ വീതമുള്ള ഓരോ സംഘം യുവാക്കന്മാരെയാണ് ഓരോ തവണയും പരിശീലനത്തിനെടുക്കാറുള്ളത്. പരിശീലനകാലം പൂർത്തിയാക്കി പുറത്തുവരുന്ന എല്ലാ പ്രവർത്തകന്മാരേയും ഉടനടി 40 രൂപാവീതം പ്രതിമാസവേതനത്തിൽ അവരവരുടെ ഗ്രാമങ്ങളിൽ സാമൂഹ്യകേന്ദ്രങ്ങൾ തുറക്കുവാൻ നിയോഗിക്കണമെന്നുള്ളതായിരുന്നു ബോർഡിന്റെ ശുപാർശ. ഗവർമ്മെൻറു ബോർഡിന്റെ ശുപാർശകളംഗീകരിക്കുകയും, പരിശീലനകേന്ദ്രമാരംഭിക്കുവാനനുമതി നൽകുകയും, സാമൂഹ്യവിദ്യാഭ്യാസത്തിനു ബഡ്ജററിൽകൊള്ളിച്ചിട്ടുള്ള സംഖ്യ ബോർഡിന്റെ നിയന്ത്രണത്തിനു വിട്ടുകൊടുക്കയും ചെയ്തു. ബോർഡ് ഈ സംഖ്യയിൽ പരിമിതിപ്പെടുത്തി തന്നാണ്ടിലേക്ക് ഒരു ബഡ്ജററു തയാറാക്കുകയും പ്രസ്തുത ബഡ്ജററ് ഗവർമ്മെൻറംഗീകരിക്കയുമുണ്ടായി. എന്നാൽ ഓരോ ഇനങ്ങളും ചെലവു ചെയ്യുന്നതിനുമുൻപ് അതിലേക്ക് ഗവർമ്മെൻറംഗീകാരം മുൻകൂട്ടി വാങ്ങിയിരിക്കണമെന്നുകൂടി വ്യവസ്ഥചെയ്തിട്ടുണ്ട്.

## ബോർഡിന്റെ ശുപാർശകൾ

ഏതായാലും ആദ്യത്തെ ആറുമാസത്തിനുശേഷം കേന്ദ്രത്തിൽനിന്നും 40 പ്രവർത്തകന്മാർ വിജയികളായി. ഗവർമ്മെൻറംഗീകരിച്ചിട്ടുള്ള പദ്ധതിയനുസരിച്ച് നാല്പതാളുകളേയും ഉടനടി നിയമിക്കണമെന്നും അവർക്കലവൻസായി നൽകുന്ന സംഖ്യ കൂടാതെ 10 രൂപകൂടി ഒരു സ്ഥലം വാടകയ്ക്കെടുത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ വേണ്ടി അനുവദിച്ചുകൊടുക്കണമെന്നും ബോർഡു ശുപാർശചെയ്തു. പ്രസ്തുത ശുപാ

ശകളെപ്പററിയുള്ള പൂർണ്ണതീരുമാനം, അതിനുശേഷം ആറിലധികം മാസങ്ങൾ കഴിഞ്ഞിരിക്കുന്നു എങ്കിലും ഇന്നുവരെ ഗവമ്മെൻറിൽനിന്നു ലഭിച്ചിട്ടില്ലെന്നു പറയുമ്പോൾ ഇവിടത്തെ വയോജനവിദ്യാഭ്യാസസാരംഭങ്ങളുടെ പുരോഗതിയെപ്പററി വായനക്കാക്കു് ഏതാണ്ടനുമാനിക്കാവുന്നതേയുള്ളൂ.

ഈ ശുപാർശകളിൽചിലതു് സിക്രട്ടേറിയററ് ഗർഭഗൃഹത്തിൽ വച്ചലസിപ്പോയി. മററുചിലതു് അംഗഭംഗപ്പെട്ട ഭൂജാതമായി. എന്നുവേണ്ട ബോർഡിൻെറ ശുപാർശകളല്ല അവയുടെ ഒരു വികൃതരൂപമാണു് ഇന്നു് ഈ രാജ്യത്തുനടക്കുന്ന സാമൂഹ്യവിദ്യാഭ്യാസപരിപാടികൾ. ഇതൊന്നുകൂടി വിശദമാക്കട്ടെ!

## പ്രതിബന്ധങ്ങൾ

വയോജനവിദ്യാഭ്യാസബോർഡിൻെറ ശുപാർശകൾക്കു് ഈ രാജ്യത്തെ വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരുടെയും സിക്രട്ടേറിയററിലെ വിദ്യാഭ്യാസവകുപ്പിൻേറയും അംഗീകാരമുണ്ടു്. വിദ്യാഭ്യാസവകുപ്പിൻെറ സിക്രട്ടറിയും എഡ്യൂക്കേഷൻ ഡയറക്ടരും ബോർഡിലെ അംഗങ്ങളാണു്. ബോർഡംഗങ്ങൾ പൂർണ്ണമായി ചർച്ചചെയ്തു് ഐകകണ്ഠ്യേന അംഗീകരിച്ച പദ്ധതികളാണു് ഗവർമ്മെൻറിലേയ്ക്കു് സമർപ്പിച്ചതു്. എങ്കിലും സിക്രട്ടേറിയററിലുണ്ടായ പ്രതിബന്ധങ്ങൾമൂലം അന്നു നിലവിലിരുന്ന മന്ത്രിസഭ രാജിവയ്ക്കുന്നതുവരെ യാതൊരുത്തരവുകളും ബോർഡിൻെറ ശുപാർശകളെപ്പററി ഗവർമ്മെൻറിൽനിന്നു ലഭിക്കയുണ്ടായില്ല. ബോർഡിൻെറ ശുപാർശകളിൽ ധനവ്യയമുത്ഭവിക്കുന്നതുകൊണ്ടു് വിദ്യാഭ്യാസവകുപ്പുകഴിഞ്ഞാൽ ധനകാര്യവകുപ്പിൽക്കൂടി അവ പോകേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു് ധനകാര്യവകുപ്പു സിക്രട്ടറിയുടെ പ്രാതികൂല്യംകൊണ്ടായിരിക്കണം ബോർഡിൻെറ നിർദ്ദേശങ്ങളംഗഭംഗപ്പെട്ടുപോയതെന്നു വിചാരിക്കുവാൻ മതിയായ കാരണങ്ങളുണ്ടു്. ബഡ്ജററിൽ പെടുത്തിയിരുന്ന തുകയിൽ ഒരു പൈസപോലും കൂടുതൽ വ്യയത്തിനിടകൊടുക്കുന്ന യാതൊരു പദ്ധതിയും ബോർഡ് സമർപ്പിച്ചിരുന്നില്ല. അതുപോലെതന്നെ 50 കേന്ദ്രങ്ങൾ തുറക്കുവാൻ ബോർഡ് തയാറാക്കിയിരുന്ന ബഡ്ജററ് ഗവമ്മെൻറുതന്നെ അംഗീകരിച്ചിരുന്നതുമാണു്. ധനദുർവ്യയമോ അധികച്ചെലവോ ബോർഡ് നിർദ്ദേശിച്ചിട്ടില്ലാത്തിടത്തോളംകാലം ധനകാര്യവകുപ്പിനു് യാതൊരു പ്രതിബന്ധവുമുണ്ടാക്കുവാനവകാശമില്ലാത്തതാണു് ഗവർമ്മെൻറിൻെറ വിദ്യാഭ്യാസനയത്തെപ്പററി ധനകാര്യവകുപ്പുസിക്രട്ടറിക്കു് അഭിപ്രായം രേഖപ്പെടുത്തുവാൻ യാതൊരവകാശവുമില്ല. വിദ്യാഭ്യാസനയം വിദഗ്ദ്ധന്മാർ രൂപകൊടുക്കുന്ന ഒന്നാണു്. രൂപാ അണ പൈസയേപ്പററി എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കുവാൻമാത്രം ബാധ്യസ്ഥനായ ധനകാര്യവകുപ്പുസിക്രട്ടറി ഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തിൽ കൈകടത്തുന്നതും വിഘ്നപ്പെടുത്തുന്നതും ആ ഉപദേശം മന്ത്രിസഭ കൈക്കൊള്ളുന്നതും ഒരു പരിഷ്കൃത ഭരണത്തിലും കേട്ടുകേഴ്വിപോലുമില്ലാത്ത കാര്യമാണു്.

## ഉത്തരവിൻെറ അപൂർണ്ണത

ഏതായാലും അന്നത്തെ രണ്ടു മന്ത്രിമാർ രാജിവയ്ക്കുകയും ചീഫ്മിനിസ്റ്റർ മാത്രം ഗവമ്മെൻറായി അവശേഷിക്കയും ചെയ്തു. ബോർഡിൻെറ ശുപാർശകൾക്കു് യാതൊരു മറുപടിയും ഗവർമ്മെൻറിൽനിന്നു ലഭിച്ചതുമില്ല. ഈ ഘട്ടത്തിൽ ബോർഡംഗങ്ങൾ ചീഫ്മിനിസ്റ്ററെ കണ്ടു നിവേദനം

നടത്തിയതിൻെറ ഫലമായി 10 കേന്ദ്രങ്ങൾ കുറവുചെയ്ത 30 കേന്ദ്രങ്ങൾമാത്രം ആരംഭിച്ചുകൊള്ളുവാനുള്ള ഉത്തരവു് ചീഫ് സിക്രട്ടറിയിൽനിന്നു ലഭിക്കയുണ്ടായി. സാമൂഹ്യകേന്ദ്രങ്ങളാരംഭിക്കുവാൻ സ്ഥലവാടകയും മററുമായി 10 രൂപ അലവൻസുകൂടി പ്രവൎത്തകൎക്കു നൽകണമെന്നുള്ള ബോർഡുനിർദ്ദേശം ഗവർമ്മെൻറു തിരസ്കരിച്ചു. പ്രസ്തുത ആവശ്യങ്ങൾക്കു വേണമെങ്കിൽ പള്ളിക്കൂടങ്ങളോ മററോ ഉപയോഗിച്ചു കൊള്ളണമെന്നായിരുന്നു ഉത്തരവിലെ ചുരുക്കം.

### അജ്ഞത

ബോർഡിൻെറ ശുപാൎശകളോ, വയോജനവിദ്യാഭ്യാസപദ്ധതിയെപ്പററിയുള്ള മുൻരേഖകളുടെ ഏതെങ്കിലും പുറങ്ങളോ ഈ ഉത്തരവെഴുതുന്നതിനു മുൻപു് ഒന്നു മറിച്ചുനോക്കുവാനുള്ള ക്ഷമ ചീഫ്സിക്രട്ടറിയ്ക്കുണ്ടായിരുന്നുവെങ്കിൽ ഇത്ര ബുദ്ധിശൂന്യമായ ഒരുത്തരവദ്ദേഹം പാസ്സാക്കുമായിരുന്നില്ല. പരിശീലനകേന്ദ്രത്തിൽ നിന്നു പുറത്തുവരുന്ന പ്രവൎത്തകന്മാർ 50 പേൎക്കും കേന്ദ്രങ്ങളുണ്ടാക്കുവാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും കൂടുതൽ പ്രവൎത്തകന്മാരെ വീണ്ടും പരിശീലിപ്പിക്കുവാനുമുള്ള ഒരു പൂൎണ്ണ പദ്ധതിയാണു് ഗവൺമെൻറു് നയമായി സ്വീകരിച്ചിട്ടുള്ളതു്. യോഗ്യത സമ്പാദിച്ച 40 പേൎക്കുപോലും നിയമനം നൽകാതെ കൂടുതൽ യുവാക്കന്മാരെ സൌജന്യ പരിശീലനത്തിനെടുക്കുന്നതും അതിലേയ്ക്കു് ഖജനാവിൽ നിന്നു പണം ചെലവഴിക്കുന്നതും ഗവൺമെൻറ് നയത്തിൻെറ ഒരു ലംഘനമല്ലെയെന്നുപോലും അദ്ദേഹമാലോചിക്കയുണ്ടായില്ല. അതുപോലെ ബഡ്ജററനുവദിച്ചിട്ടുള്ള തുക ഗവർമ്മെൻറിൻെറ പ്രഖ്യാപിതനയമനുസരിച്ചു് വ്യയം ചെയ്യുവാനുള്ള ഒരു പദ്ധതിയാണു് ബോർഡ് സമൎപ്പിച്ചിട്ടുള്ളതെന്നുപോലും വായിച്ചു മനസ്സിലാക്കുവാനദ്ദേഹം തുനിഞ്ഞതുമില്ല. സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങൾ തുറക്കുവാൻ വാടകവകച്ചെലവിനും മററുമായി ആവശ്യപ്പെട്ടിരുന്ന 10 രൂപ അലവൻസ് നിഷേധിച്ചു് കേന്ദ്രങ്ങൾ പള്ളിക്കൂടങ്ങളിലാരംഭിക്കണമെന്നുത്തരവു് പാസ്സാക്കിയ ചീഫ്സിക്രട്ടറിയ്ക്കു് വയോജനവിദ്യാഭ്യാസത്തിൻെറയോ സാമൂഹ്യകേന്ദ്രങ്ങളുടേയോ പ്രവൎത്തനത്തെപ്പററി 'ഹരിശ്രീ'പോലും അറിഞ്ഞുകൂടെന്നു വ്യക്തമാകുന്നുണ്ടു്. സാമൂഹ്യകേന്ദ്രം ഒരു പ്രകടനകേന്ദ്രം (demonstration Centre) ആണു്. അതു ഗ്രാമവാസികളുടെ വിജ്ഞാനകേന്ദ്രവും വിനോദരംഗവും, തൊഴിൽശാലയും, എന്നുവേണ്ട എല്ലാവിധ ജീവിതപ്രവൎത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്ന ഒന്നായിരിക്കും. അല്ലാതെ വില്ലാശിപായിയും മററുമുള്ള ഒരുദ്യോഗസ്ഥൻെറ ആഫീസായിരിക്കയില്ലെന്നു മനസ്സിലാക്കണം. അതാണു് പള്ളിക്കൂടങ്ങളിൽ ആരംഭിക്കണമെന്നു ഗവർമ്മെൻറു പറയുന്നതു്. വയോജനവിദ്യാഭ്യാസപദ്ധതി അംഗീകരിച്ചതു് ഈ ഗവർമ്മെൻറാണു്; അതനുസരിച്ചു് പരിശീലനകേന്ദ്രമാരംഭിച്ചതു് ഈ ഗവർമ്മെൻറാണു്; സാമൂഹ്യകേന്ദ്രങ്ങളാരംഭിക്കുവാനനുവദിച്ചതു് ഈ ഗവർമ്മെൻറാണു്. എങ്കിലും ഈ പദ്ധതിയുടെ ഏതെങ്കിലും ഒരു വശത്തെപ്പററിപ്പോലും പ്രാഥമിക പരിജ്ഞാനമെങ്കിലുമുള്ള ഒരു ഗവർമ്മെൻറു് അജ്ഞതയുടെ മകുടോദാഹരണവും നിരൎത്ഥകവുമായ ഈ ഉത്തരവു പുറപ്പെടുവിക്കുമായിരുന്നില്ല. ഏതായാലും ഒരു കേന്ദ്രം തുറക്കുവാൻ ഒരു മുറിയ്ക്കു് വാടകയായി 10 രൂപ അനുവദിക്കുവാൻ ഗവർമ്മെൻറു വിസമ്മതിക്കുന്നതു

കൊണ്ടു് വയോജനവിദ്യാഭ്യാസപദ്ധതി മുഴുവൻതന്നെ ഇന്നൊരു സ്തംഭനാവസ്ഥയിലെത്തിയിരിക്കയാണു്. നാലു്പതു കേന്ദ്രങ്ങൾ മുപ്പതായി കുറച്ച തെററു് പിന്നീടു മനസ്സിലാക്കിയ ഗവർമ്മെൻറു ഇപ്പോൾ ആ തെററു തിരുത്തിയിട്ടുണ്ടു്. എന്നാൽ മുൻപു പറഞ്ഞതുപോലെ ആന വാങ്ങുവാൻ പണം ചെലവഴിക്കുന്ന ഗവർമ്മെൻറു് ചങ്ങല വാങ്ങാതെ ലാഭമുണ്ടാക്കുന്ന ദുഷിച്ചനയം അനുവർത്തിക്കുന്നതു മൂലം സാമൂഹ്യകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു സാധ്യമല്ലാതായിരിക്കുന്നു. ഒന്നുകിൽ കേന്ദ്രങ്ങൾക്കു് വാടക അനുവദിക്കണം അല്ലെങ്കിൽ പദ്ധതിതന്നെ നിശ്ശേഷം നിർത്തലാക്കണം. അല്ലാതെ സർക്കാരിൻെറ പണം ഫലശൂന്യമായി ചെലവഴിക്കുന്നതു് കുററകരമാണു്.

## എന്തുചെയ്യണം

ഗവർമ്മെൻറിൻെറ വയോജനവിദ്യാഭ്യാസനയമെന്താണെന്നു് ഇനിയെങ്കിലും വിശദമാക്കേണ്ടതാണു്. ഓരോ ഘട്ടത്തിലുംഉത്തരവിനായി ഓരോ കടലാസുകൾ ഗവർമ്മെൻറിലയച്ചിട്ടു് മറുപടിക്കുവേണ്ടി ബോർഡംഗങ്ങൾ ദിവസങ്ങളും ആഴ്ചകളും ചിലപ്പോൾ മാസങ്ങളും കാത്തിരുന്നിട്ടും മറുപടിലഭിക്കാതെ നിരാശപ്പെടുകയാണു്. അതുകൊണ്ടു് ചെയ്തുതീർക്കേണ്ട പല കാര്യങ്ങളും സ്വീകരിക്കേണ്ട പരിപാടികളും യഥാകാലം ചെയ്തുതീർക്കുവാനോ നടപ്പിൽ വരുത്തുവാനോ ഇപ്പോൾ കഴിയാതെയാണിരിക്കുന്നതു്. എത്ര സാമൂഹ്യകേന്ദ്രങ്ങൾ തുറക്കണമെന്നും അതിലേയ്ക്കു് എത്ര പ്രവർത്തകർവേണമെന്നും എത്ര കാലംകൂടി പരിശീലനകേന്ദ്രം തുടരണമെന്നും ഗവർമ്മെൻറു മുൻകൂട്ടി തീരുമാനിക്കണം. സാമൂഹ്യകേന്ദ്രങ്ങളെന്താണെന്നു് അധികൃതർ നേരിട്ടോ അല്ലെങ്കിൽ വിദഗ്ദ്ധോപദേശംമൂലമോ മനസ്സിലാക്കണം. അതു ഒരു ഗ്രാമത്തിനു പ്രയോജനപ്പെടത്തക്കരീതിയിൽ സജ്ജീകരിക്കയും പ്രവർത്തകരെ പ്രോത്സാഹിപ്പിക്കയും ചെയ്യണം. വയോജനവിദ്യാഭ്യാസം സംബന്ധിച്ചകാര്യങ്ങൾക്കു് മുൻഗണന നൽകി സിക്രട്ടേറിയററിലെ മനംമടുക്കുന്ന കാലതാമസമവസാനിപ്പിക്കണം വിദ്യാഭ്യാസകാര്യങ്ങളെപ്പററി വിദഗ്ദ്ധന്മാരുടെ ഉപദേശങ്ങൾ മാത്രമേ സ്വീകരിക്കാവൂ. ബഡ്ജററിൽ നീക്കിവെയ്ക്കുന്ന പണം ഓരോ ഘട്ടത്തിലും ഗവർമ്മെൻറനുമതിയ്ക്കുവേണ്ടി കാത്തിരിക്കാതെ ബോർഡിൻെറ യുക്തിക്കനുസരണമായി വ്യയംചെയ്യുവാൻ സ്വാതന്ത്ര്യം നൽകണം. സർവ്വോപരി വയോജനവിദ്യാഭ്യാസത്തെപ്പററിയുള്ള ഗവർമ്മെൻറുനയം പ്രഖ്യാപിക്കയും, ഏതൊരുദ്യോഗസ്ഥൻ പ്രതിബന്ധപ്പെടുത്തിയാലും നയപരമായകാര്യങ്ങളിൽ ഉദ്യോഗസ്ഥന്മാരുടേതിനേക്കാൾ വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചു മുന്നോട്ടുപോകയും വേണം.

[ഈ ലേഖനം അച്ചടിയിലായതിനു ശേഷം സാമൂഹ്യകേന്ദ്രങ്ങൾക്കുള്ള വാടക അലവൻസു് 10 രൂപ അനുവദിച്ചുകൊണ്ടു് ഗവർമ്മെൻറു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. എങ്കിലും ഈ ലേഖനത്തിലെ വാദമുഖങ്ങളൊന്നുംതന്നെ ദുർബലപ്പെടുന്നില്ല. കഴിഞ്ഞ ആറുമാസം പ്രവർത്തകന്മാർ സ്ഥലസൗകര്യമില്ലാത്തതുകൊണ്ടു് വിഷമിക്കയായിരുന്നു. ഗ്ര. പ.]

# അരനൂററാണ്ടത്തെ അഭിഭാഷകജീവിതം

## മള്ളൂർ ഗോവിന്ദപ്പിള്ള

തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി മഹാസഭ സ്ഥാപിച്ചു; പലരേയുംകൊണ്ടു് പ്രസംഗിപ്പിച്ചു;പല പ്രസംഗങ്ങളും ചെയ്തു; പത്രങ്ങളിൽ പല ലേഖനങ്ങളും എഴുതി— ബി. എൽ. പാസ്സാകുന്നതിനു മുമ്പുതന്നെ ഇങ്ങനെ ചില ഒച്ചപ്പാടുകൾ ഉണ്ടാക്കുകയും ഡിവിഷൻ കച്ചേരിയിലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതിയിലും ഒടുവിൽ ഹജൂർകച്ചേരിയിലും ക്ലാർക്കായിരിയ്ക്കുകയും അതിനുമുമ്പ് ഒരു സംവത്സരത്തോളം പള്ളിക്കൂടം വാദ്ധ്യാരായിരിയ്ക്കുകയും ചെയ്തതിനുശേഷമാണ് തിരുവനന്തപുരത്തു ഞാൻ വക്കീൽവേലയിൽ പ്രവേശിച്ചതു്. മൊണ്ടിക്കുമാരപിള്ള എന്നു വിളിച്ചുവന്ന അന്നത്തെ പ്രധാനപ്പെട്ട സിവിൽ ലായരുടെ അടുക്കൽ ജോലി പരിശീലിയ്ക്കാൻ എന്റെ ശുഭകാംക്ഷിയായ സി. വി. ഒരു പ്രഭാതത്തിൽ എന്നെ കൊണ്ടുചെന്നാക്കി. മിക്കവാറും അൻപതു കൊല്ലത്തിനു മുമ്പു നടന്ന ആ പ്രഭാതസമാഗമം ഇന്നും പുളകോൽഗമത്തോടുകൂടി ഞാൻ അനുസ്മരിയ്ക്കുന്നു. എന്നും രാവിലെ ശ്രീ. കുമാരപിള്ളയുടെ ആഫീസിൽ പോകും; 11 മണിവരെ അവിടെ ഇരിയ്ക്കും; എന്നെപ്പോലെ തൊഴിൽ പരിശീലനത്തിനു സന്നിഹിതരാകാറുള്ള രണ്ടു സ്നേഹിതന്മാരെപ്പോലെ അന്നന്നത്തെ വിചാരണയ്ക്കുള്ള റിക്കാർഡുകൾ നോക്കും; വക്കീലദ്ദേഹം കക്ഷികളുമായി സംസാരിയ്ക്കുന്നതെല്ലാം കേൾക്കും; കച്ചേരിയിൽ സമയം തെറാതെ പോകും; അവിടത്തെ നടപടികൾ എല്ലാം ശ്രദ്ധിച്ചു കൊണ്ടിരിക്കും; വൈകിയിട്ടു വീട്ടിൽ പോകും.

### രണ്ടുരൂപാ ഫീസ്

ആറുമാസത്തോളം അങ്ങനെ കഴിഞ്ഞതിനിടയ്ക്കു് എനിക്കു രണ്ടു രൂപ ഫീസു കിട്ടി. ഒരു കേസിൽ 44-ാം പ്രതിയായി ചേർത്തിരുന്ന ഒരാളിനെ കക്ഷിവർഗ്ഗത്തിൽ നിന്നു ഒഴിവാക്കണം എന്നു പറയുന്നതിനായിരുന്നു ആ വക്കാലത്തു്. ആ ഫീസു തന്നെ കക്ഷി സ്വമനസ്സാലെ എനിയ്ക്കു തന്നതല്ല. വക്കീലദ്ദേഹം പറഞ്ഞിട്ടുതന്നതാണ്. കക്ഷി ഫീസ് രൂപാ രണ്ടും എന്റെ നേരെ നീട്ടിയപ്പോൾ ഞാൻ അതു വാങ്ങിയില്ല. 'സിവിൾ കേസ്സിലൊക്കെ ഇങ്ങനെയാണ്; വാങ്ങണം; എല്ലാം ക്രമേണ ശരിയാകും' എന്ന് ശ്രീ. കുമാരപിള്ള മന്ദമായി, സ്നേഹപൂർവ്വമായി പറഞ്ഞു. ഞാൻ വാങ്ങി. ഉത്തരക്ഷണത്തിൽ എന്റെ ഹൃദയം സന്തപ്തമായി. 'ഈ കണക്കിനു ഞാൻ നാലു ചക്രം ഉണ്ടാക്കുന്നതെന്നാണ്? എന്റെ ദാരിദ്ര്യം എന്നു നീങ്ങാനാണ്?' എന്നൊരു ചിന്തയിൽ ഞാൻ മുഴുകി. ഒരാളു കൂടി ഞാൻ ഇങ്ങനെ ഇതികർത്തവ്യതാമൂഢനായി മുന്നോട്ടുനീങ്ങി. പിന്നീടു ഒരു പരീക്ഷണത്തിനുതന്നെ ദൃഢനിശ്ചയം ചെയ്തു. ശ്രീ. കുമാരപിള്ള കോടതിയിൽനിന്നു

മടങ്ങിവന്നു വിശ്രമിച്ചുകൊണ്ടിരുന്ന ഒരു സായംകാലത്തിൽ ഞാൻ അദ്ദേഹത്തെ കണ്ടു് 'പ്രത്യേകം ഒരു ആഫീസെടുക്കണമെന്നു വിചാരിയ്ക്കുകയാണു്; അവിടുത്തെ അഭിപ്രായം എന്താണാവോ?' എന്നു വിനീതമായി ചോദിച്ചു. 'വളരെ നല്ലതാണു്. നിങ്ങളെപ്പോലെ ബുദ്ധിമാന്മാരായ ചെറുപ്പക്കാർ അതുതന്നെയാണു് ചെയ്യേണ്ടതു്. ഇവിടെ വന്നു് ഇങ്ങിനെ മെനക്കെടുന്നല്ലൊ എന്നു ഞാൻ വിചാരിയ്ക്കാറുണ്ടു്. എവിടെ ചെന്നാലും നന്നാവും. ഈശ്വരൻ അനുഗ്രഹിയ്ക്കട്ടെ' എന്നു ഉദാരമതിയായ അദ്ദേഹം മറുപടിപറഞ്ഞു.

## ഇരുപത്തിരണ്ടു ബോംബെ

സ്വന്തമായി ആദ്യം വക്കാലത്തു ഫയലാക്കിയതു് ഒരു ക്രിമിനൽ കേസ്സിലാണു്. 7 രൂപാ ഫീസ്സു് കിട്ടി. അന്നത്തെ 7 ഇന്നത്തെ 70 ആണു്. ഫീസിന്റെ മെച്ചംകൊണ്ടുമാത്രമല്ല, കേസിന്റെ രസംകൊണ്ടും ഈ പുതിയ പരീക്ഷണം എന്നെ അതീവസംതൃപ്തനാക്കി. അക്കാലത്തു മജിസ്രേട്ടുകോർട്ടിൽ പ്രാക്ടീസുചെയ്തിരുന്നവർ എല്ലാംതന്നെ എന്നു പറയാം, മജിസ്രേട്ടു പരീക്ഷമാത്രം പാസ്സായിട്ടുള്ളവരും അതുതന്നെ പാസ്സായിട്ടില്ലാത്തവരും ആണു്. കോടതിയിൽനിന്നു് അനുവദിക്കുന്നആക്കു ക്രിമിനൽകേസിൽ വ്യവഹരിയ്ക്കാം എന്നൊരു ചട്ടമുള്ളതു മജിസ്രേട്ടന്മാർ അവരുടെ സേവകന്മാക്കുവേണ്ടി നന്നെ പ്രയോജനപ്പെടുത്താവുള്ള ഒരു കാലമായിരുന്നു അതു്. കുറെ കാലത്തേയ്ക്കുകൂടി ബി. എൽ. പാസ്സായിട്ടുള്ള വക്കീലന്മാരിൽ ഞാൻ മാത്രമേ മജിസ്രേട്ടുകോർട്ടിൽ പ്രാക്ടീസ് ചെയ്യാനുണ്ടായിരുന്നുള്ളു. അന്നു കോടതിയിൽ വാദപ്രതിവാദങ്ങൾ, ഹീയറിംഗ് ഇതൊക്കെ സമ്പൂർണ്ണമായി മലയാളത്തിൽത്തന്നെയാണു നടക്കാറു്. ചില മജിസ്രേട്ടുമാക്കു ഇംഗ്ലീഷുഭാഷതന്നെ നിശ്ചയമുണ്ടായിരുന്നില്ല. ഞാൻ ഒരു ജാമ്യഹർജിക്കാര്യത്തിൽ ആററിങ്ങൽ കോർട്ടിൽ ഇങ്ങനത്തെ ഒരു മജിസ്രേട്ടിന്റെ മുമ്പിൽ ഹാജരായി. ഒരു അതോറിട്ടിയായി '22 ബോംബയിൽ ഇങ്ങനെ പറഞ്ഞിരിയ്ക്കുന്നു' എന്നു ബോധിപ്പിച്ചു. അതിനു്, 'ഇരുപത്തിരണ്ടു ബോംബെയോ, ബോംബെ ഒന്നോ ഉള്ളു എന്നാണു് ഞാൻ ഇതുവരെ മനസ്സിലാക്കിയിരുന്നതു്. അല്ലേ ഗുമസ്തൻ?' എന്നാണു് ഉത്തരവായതു്. ഈ മജിസ്രേട്ടു സമുന്നതനായ ഒരു രാജസേവന്റെ കനിഷ്ഠസഹോദരനായിരുന്നു.

## ഘനചമ്മൻ മജിസ്രേട്ടു്

ഇതുപോലെ അനഭിജ്ഞനായ വേറൊരു മജിസ്രേട്ടു പ്രദർശിപ്പിച്ച വിഢ്ഢിത്തം നിമിത്തം ഒരു കൊലപ്പുള്ളിയെ വെറുതെ വിടേണ്ടതായിവന്നു. പ്രതിയുടെ കുററസമ്മതമായിരുന്നു തിരുവനന്തപുരം സെഷ്യൻസ്കോടതിയിൽ ജഡ്ജി ശ്രീ. നാരായണമേനോൻ വിസ്തരിച്ച ഒരു കൊലക്കേസിലെ പ്രധാനതെളിവു്. കുററസമ്മതം തെളിയിയ്ക്കാൻ അതു രേഖപ്പെടുത്തിയ മജിസ്രേട്ടിനെ വാദിഭാഗം സാക്ഷിയായി വിസ്തരിച്ചു. ചടങ്ങുകൾ എല്ലാം പൂർത്തിയാക്കി, ആ രേഖ വാദിഭാഗത്തെ ഉരുപ്പു ചീട്ടായി ഫയൽചെയ്തു. സർക്കാർ വക്കീൽ നാഗപ്പൻനായർ കൃതാർത്ഥനായി മന്ദസ്മിതം തൂകി അങ്ങനെ ഇരിപ്പായി. ജഡ്ജി സാധാരണ ശിക്ഷിയ്ക്കുന്ന സമ്പ്രദായക്കാരനായതുകൊണ്ടു് അദ്ദേഹവും വാദിഭാഗം തെളിവിന്റെ അന്യൂനഭാവത്തിൽ സന്തുഷ്ടനായി അങ്ങനെ ഇരിയ്ക്കുമ്പോൾ പ്രതിഭാഗത്തേക്കുവേണ്ടി പ്രസ്തുത മജിസ്രേട്ടിനോടു ക്രോസ്സിൽ ഇങ്ങനെ ഒരു

ചോദ്യം ഞാൻ ചോദിച്ചു: 'നിങ്ങൾ കുററപത്രം രേഖപ്പെടുത്തി; മുറപ്രകാരം ആണു് എല്ലാം രേഖപ്പെടുത്തിയതു് എന്നു മൊഴി കൊടുത്തതല്ലോ. എനിയ്ക്കു് ഒരു സംശയം. നിങ്ങൾ പ്രതിയെക്കൊണ്ടു സത്യം ചെയ്യിച്ചതിൻെറ ശേഷമാണോ അയാളുടെ കുററസമ്മതം രേഖപ്പെടുത്തിയതു്?' യാതൊരു ഭയാശങ്കകളും ഇടകൊടുക്കാതെ, എന്നാൽ പുച്ഛരസത്തോടുകൂടി മജിസ്ട്രേട്ടു പറഞ്ഞ ഉത്തരമിതാണു്: 'സംശയം ഒന്നും വേണ്ട, സത്യം ചെയ്യിച്ചിട്ടുതന്നെയാണു ഞാൻ പ്രതിയുടെ മൊഴി രേഖപ്പെടുത്തിയതു്.' സക്കാർവക്കീലും ജഡ്ജിയും ഇതുകേട്ടു് ഇരുന്ന ഇരുപ്പിൽ ഞെട്ടിപ്പോയി. പ്രതിയെ സത്യം ചെയ്യിച്ചുകൂടാ എന്നാണല്ലോ നിയമം. സത്യം ചെയ്യിച്ചു വാങ്ങുന്ന കുററസമ്മതം തെളിവിൽ സ്വീകാര്യമല്ലെന്നുള്ള സംഗതി അവക്കറിയാം. മജിസ്ട്രേട്ടിന്നു് അറിഞ്ഞുകൂടാ. 'എന്തു പറഞ്ഞു? പ്രതിയെക്കൊണ്ടു സത്യം ചെയ്യിച്ചെന്നോ? എന്നു ജഡ്ജി മജിസ്ട്രേട്ടിനെനോക്കി ഗജ്ജിച്ചു. എന്നിട്ടും തനിയ്ക്കു പററിയ ഏഭ്യത്തം ഘനചമ്മനായ ആ മജിസ്ട്രേട്ടിനു ഗ്രഹിയ്ക്കാൻ കഴിഞ്ഞില്ല. ഇതിനിടയ്ക്കു മജിസ്ട്രേട്ടുമാത്രം കേൾക്കത്തക്ക ശ്രുതിയിൽ 'ഇദ്ദേഹം ഇതു വെറുതെ പറയുകയാണു്, സത്യം ചെയ്യിച്ചിരിയ്ക്കുകയില്ല.' എന്നു ഞാൻ ഒന്നു പിറുപിറുത്തു., ഇതു കേട്ടു ജ്വലിച്ച കോപത്തോടുകൂടി 'വൈക്കത്തപ്പനാണെ ഞാൻ പ്രതിയെക്കൊണ്ടു സത്യം ചെയ്യിച്ചാണെ മൊഴിവാങ്ങിയതു്.' എന്നു മജിസ്ട്രേട്ടു തട്ടിമൂളിച്ചു.

ജഡ്ജി പേന താഴെ വച്ചു് 'കേസ് തുലച്ചു, എന്നു പറഞ്ഞു. സക്കാർവക്കീൽ എന്നാ ശപിച്ചു. അരമണിക്കൂറിനകം പ്രതിയെ വിട്ടതായി ജഡ്ജി വിധിയും പറഞ്ഞു.

## നാന്ദിയും ഭരതവാക്യവും

ക്രിമിനലും സിവിലും നടപടികൾ രണ്ടും മലയാളത്തിൽ ഭാഷാന്തരം ചെയ്തിട്ടുള്ളതു കഷ്ടിച്ചു വായിച്ചുമനസ്സിലാക്കാൻ ത്രാണിയുള്ള അക്കാലത്തെ മലയാള വക്കീൽ ദാരന്മാർ പേടികൂടാതെ ലോപായിൻറുകൾ കൈകാര്യം ചെയ്യുന്നതും ഹിയറിംഗു് നടത്തുന്നതും മററും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ പഠിത്തമുള്ളവരുടെ ദേഹത്തെ തൊലി ഉരിഞ്ഞുപോകും. അവരുടെ മെച്ചം തൊള്ള തുറക്കുക എന്നുള്ളതു മാത്രമാണു്. എല്ലാ കേസിനും ചേരുന്ന ഏതാനും വാചകങ്ങൾ ഇവർ നാന്ദിയായും ഭരതവാക്യമായും പ്രയോഗിയ്ക്കും. പ്രതിവക്കീൽ ഏകദേശം ഇങ്ങനെ പറയും. 'വാദിഭാഗംകേസ് ശുദ്ധമെ കളവും കൃത്രിമവും ആണെന്നു് ഒരു നോട്ടത്തിൽ സന്നിധാനത്തേക്കു ബോധപ്പെടുന്നതാണു്. സാക്ഷികൾക്കു പണം കൊടുത്തും മോഹബോധന ചെയ്തും കളവായി മൊഴികൊടുപ്പിച്ചിരിയ്ക്കുയാണു്. അവരുടെ തെളിവു മുഹൂത്തമാത്രം നിലനില്ക്കത്തക്കതല്ല. ഈ കള്ളക്കേസ്സുകൊണ്ടുവന്നതിന്നു് സർവ്വസാക്ഷിയായ ദൈവം ഇവരെ ശിക്ഷിക്കാതിരിയ്ക്കയില്ല. അതുകൊണ്ടു എല്ലാ സംഗതികളും സന്നിധാനത്തുനിന്നു് ആലോചിച്ചു പ്രതിയെ വിട്ടുതൽ ചെയ്യണമെന്നു ഭയഭക്തിപൂർവ്വം അപേക്ഷിയ്ക്കുന്നു'. എങ്ങും എങ്ങും തൊടാതെയും ഒരു ക്രമവും കൂടാതെയുമുള്ള ഇത്തരം പ്രസംഗശൈലി അധികകാലം നിലനിന്നില്ല. പ്ലീഡർഷിപ്പു് പരീക്ഷ പാസായിട്ടുള്ള പലരും മജിസ്ട്രേട്ടുകോട്ടിൽ പ്രത്യക്ഷപ്പെട്ടതോടുകൂടി അനഭിജ്ഞന്മാരായ വക്കീൽവേലക്കാർ അസ്തശോഭന്മാരായിത്തീന്നു. ഇപ്പോൾ ഒരു മുപ്പതുകൊല്ലമായിട്ടു് എല്ലാ മജിസ്ട്രേട്ടുകോടതികളിലും

അതുപോലെ മുൻസിഫ്കോടതികളിലും ബി. എൽ. കാരായ വക്കീലന്മാർ ധാരാളം വ്യവഹരിയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ കാലാന്തരത്തിൽത്തന്നെ ബി. എൽ. പാസായിട്ടുള്ള പലരേയും മജിസ്ട്രേട്ടന്മാരായും നിയമിച്ചു കഴിഞ്ഞിരിയ്ക്കുന്നു. പണ്ടു ജില്ലാകോടതികളിൽക്കൂടി ഇംഗ്ലീഷിന്റെ ഗന്ധംപോലും ഇല്ലാത്ത പലരും വക്കീലന്മാരായി വ്യവഹരിച്ചിരുന്നു. ഞാൻ പ്രാക്ടീസ് തുടങ്ങിയ കാലത്തു് തിരുവനന്തപുരം ജില്ലാകോടതിയിലെ പ്രമാണികളായ വക്കീലന്മാർ മൊണ്ടികുമാരപിള്ള, അനന്തരാമൻ കൊട്ടാരത്തിൽ പരമേശ്വരൻ പിള്ള, വെങ്കടസുബ്ബയ്യർ എന്നിവരാണ്. ഇവർക്കു മൂന്നുപേർക്കും ഇംഗ്ലീഷ് ലവലേശം അറിയാൻ പാടില്ലായിരുന്നു. എന്നാൽ ലോകവിജ്ഞാനത്തിൽ ഇവർ സമാനരഹിതരായിരുന്നു. ഇവരെപ്പോലെതന്നെ അക്കാലത്തു കൊല്ലം ജില്ലാകോട്ടിൽ കാവാലം നീലകണ്ഠപ്പിള്ളയും ആലപ്പുഴ ജില്ലാകോട്ടിൽ എം. ആർ. നീലകണ്ഠപ്പിള്ളയും പേർകേട്ട വക്കീലന്മാരായിരുന്നു. ഇവർക്കും ഇംഗ്ലീഷറിവാൻ പാടില്ലായിരുന്നു. സാക്ഷിവിസ്താരം ഒരു കലയാണെങ്കിൽ, അതിനു ബുദ്ധിയുടെ പ്രയോഗമാണ് അത്യന്താപേക്ഷിതമെങ്കിൽ, ആ കലയിൽ ശുദ്ധമലയാളികളായ ഇവർ മുന്നണിയിൽത്തന്നെ നിന്നിരുന്നു എന്നു സമ്മതിക്കണം. നിയമപ്രശ്നങ്ങൾ കോടതിയുടെ കൃപാകടാക്ഷത്തിനു വിട്ടിട്ട് പുറകോട്ടു ചാരിയിരിയ്ക്കുകയല്ലാതെ ഇവരെക്കൊണ്ടു വലിയ പ്രയോജനമൊന്നും കക്ഷികൾക്കുണ്ടാവാറില്ല. കൊലക്കേസുകളിലും മററും ഇവർക്ക് ഒരുത്തരും വക്കാലത്തു കൊടുക്കാറുമില്ല. നിർദ്ധനരായ പ്രതികൾക്ക് സർക്കാരിൽനിന്നുതന്നെ വക്കീലിനെ നിയമിച്ചുകൊടുക്കുന്ന പതിവു പണ്ടുപണ്ടേ ഉള്ളതാണ്. അങ്ങനത്തെ ഗൗരവപ്പെട്ട കേസുകളിൽ വാദിഭാഗം നടത്താൻ പണ്ടു പണ്ടാരവക്കീലന്മാരെ ഓരോ ജില്ലയിലേക്കും സ്ഥിരശമ്പളംകൊടുത്തു നിയമിയ്ക്കാറുണ്ട്. സർക്കാർ വക്കീലന്മാരെ പണ്ടാരവക്കീൽ എന്നാണ് എഴുത്തുകുത്തിൽ പറയാറുള്ളതു്. പണ്ടാരവക്കീലന്മാർക്കു ശമ്പളം തുച്ഛമായിരുന്നു. ശമ്പളത്തിന്റെ കുറവുകൊണ്ടു് പണ്ടാരവക്കീൽവേല ഉപേക്ഷിച്ചവരിൽ ഒരുവൻ ഞാനാണ്. അക്കാലത്തെ വക്കീൽഫീസ് ഇപ്പോഴുള്ളതിന്റെ അടുത്തെങ്ങും വന്നെത്തുകില്ല. പക്ഷെ ജീവിതസൗകര്യം അന്നുള്ളതിന്റെ പത്തിലൊന്നു ഇന്നില്ലല്ലൊ.

## ആദ്യത്തെ മോട്ടാർയാത്ര

തിരുവനന്തപുരത്തുനിന്നും വെളിയിൽ എല്ലാ കോടതികളിലും കേസുനടത്താൻ എന്നെ കക്ഷികൾ വന്നുവിളിയ്ക്കാറുണ്ടായിരുന്നു. എന്നാൽ എല്ലായിടത്തും ചെന്നു പററാനുള്ള വൈഷമ്യംകൊണ്ടു് പലരുടേയും അപേക്ഷ നിരസിക്കേണ്ടിവന്നിട്ടുണ്ട്. ആദ്യകാലത്തു് വള്ളത്തിൽ വേണം ആററിങ്ങൽ എത്താൻ. തിരുവനന്തപുരത്തുനിന്ന് അത്താഴംകഴിഞ്ഞു കല്ലാലക്കടവിൽചെന്നു വള്ളം കയറിയാൽ പിറേറന്നു പ്രഭാതത്തിലാണ് പൂവമ്പാറക്കടവിൽ അടുക്കുന്നതു്. അന്നത്തെ പകൽ മുഴുവൻ കേസിനായി ആററിങ്ങൽ ചിലവാക്കിയിട്ടു പഴയപോലെ തിരുവനന്തപുരത്തേക്കു വള്ളം കയറണം. പിറേറന്നു രാവിലെ തിരുവനന്തപുരത്തെത്തും. അപ്പോൾ ഒരുപകലും രണ്ടുരാത്രിയും ചിലവാക്കിയാലെ ആററിങ്ങൽ ഒരു കേസു നടത്താൻ ഒക്കുകയുള്ളു. കൊല്ലത്തെകഥ പറകയും വേണ്ട. കുറേക്കൂടി സമയം ലാഭിയ്ക്കാൻ വേണ്ടി പിന്നീട് ജഡ്ക്കാവണ്ടിയിൽ ആററിങ്ങൽ, കൊല്ലം, പാറശാല, നാഗർകോവിൽ ഈ സ്ഥലങ്ങളിൽ

കേസിനു പോയിത്തുടങ്ങി. ജഡ്ക്കാ വണ്ടി തവണവെച്ചാണ് പോകാറുള്ളത്. തീവണ്ടിയും മോട്ടാറും നടപ്പാകുന്നതു വരെ ഇങ്ങനെ ശ്രമപ്പെട്ടതന്നെ പൊയ്ക്കൊണ്ടിരുന്നു. ആലപ്പുഴ, പറവൂർ ഈ സ്ഥലങ്ങളിലേക്കു കറെനാൾകൂടി വള്ളംവഴിതന്നെ യാത്ര ചെയ്തിരുന്നു. ആറുവങ്ങൽ വള്ളത്തിൽ പോകാനുള്ള സമയംകൊണ്ടു് ഇന്നു ഡൽഹിയിൽ സുപ്രീംകോടതിയിൽ പോയി കേസ് നടത്താം. തിരുവനന്തപുരത്തു് ആദ്യം മോട്ടാർവണ്ടി കൊണ്ടുവന്നതു് മി. ബ്രൺഡൻ എന്ന സായ്പാണ്. അതു് ഉദ്ദേശം 40 കൊല്ലം മുമ്പാണ്. അയാൾക്കുവേണ്ടി ഒരു കേസിനു എന്നെ അയാളുടെ കാറിൽ കൊല്ലത്തുകൊണ്ടുപോയി. ഒന്നേകാൽ മണിക്കൂർകൊണ്ടു് ഞങ്ങൾ കൊല്ലെത്തെത്തി എന്നാണ് എന്റെ ഓർമ്മ. ആ വിസ്മയത്തെപ്പററി ഞാൻ കോടതിയിൽത്തന്നെ പറയുകയുണ്ടായി.

## ചാല ലഹളക്കേസ്സ്

തിരുവനന്തപുരത്തു ഞാൻ നടത്തിയ ഏററവും പ്രധാനപ്പെട്ട കേസ്സ് ചാല ലഹളക്കേസ്സാണ്. പോലീസുകാരേയും പട്ടാളക്കാരേയും ദേഹോപദ്രവം ചെയ്യുകയും ചാല പോലീസ്‌സ്റ്റേഷനു തീവെക്കുകയും തൊണ്ടിസ്സാമാനങ്ങൾ കൊള്ളചെയ്യുകയും മഹാരാജാവിന്റെ കൊട്ടാരത്തെ ആക്രമിക്കുകയും ചെയ്തവെന്നുള്ള കററത്തിനു 65 പേരെ പ്രതികളാക്കി പോലീസ് ചാർജ്ജ്ചെയ്ത കേസ്സാണിതു്. ഇതിലെസംഭവം ഉണ്ടായതു് 1083 ഇടവം 23-ാംനു- ചാലക്കമ്പോളത്തിൽ വെച്ചായിരുന്നു. ഈ കേസ് വിസ്തരിച്ചു കമ്മിററു ചെയ്തതു് സ്പെഷ്യൽ മജിസ്ട്രേട്ടു് മി. സത്യനേശൻ ആണ്. അതിനുശേഷം വിസ്തരിച്ചതു് സെഷൻസ് ജഡ്ജി കെ. നാരായണമേനോൻ ആണ്. എന്നെക്കൂടാതെ മെ. ശേഷയ്യർ, ഇട്ടിച്ചെറിയ, അച്യുതൻപിള്ള മുതലായ ചിലർകൂടി പ്രതിഭാഗം വക്കീലന്മാരായിരുന്നു. മുന്നൂറിനുമേൽ സാക്ഷികളെ ഈ കേസിൽ ക്രാസ്‌ചെയ്യേണ്ടിവന്നു. പല സംഘട്ടനങ്ങളും ജഡ്ജിയും പ്രതിഭാഗവുമായി നടക്കുകയുണ്ടായി. ഒടുവിൽ 65 പ്രതികളേയും കോടതിയിൽനിന്നു തടവുശിക്ഷക്കു വിധിച്ചു. ഇതിന്മേലുള്ള അപ്പീൽ ഹൈക്കോർട്ടിൽ രണ്ടു മാസത്തോളം നീണ്ടുനിന്നു. ജസ്റ്റീസ് ഹണ്ടും ജസ്റ്റീസ് ശങ്കരമേനോനും കൂടിയാണ് അപ്പീൽ കേട്ടതു്. ഇത്ര വളരെ നിയമപ്രശ്നങ്ങൾ ഉന്നയിച്ച വേറെ ഒരു കേസ് നമ്മുടെ ഹൈക്കോർട്ടിൽ ഉണ്ടായിട്ടില്ല. മൂന്നു കോടതികളിലും ഒരു ദിവസമെങ്കിലും മുടങ്ങാതെ വ്യവഹാരം നടത്താൻ ഇടവന്നതുകൊണ്ടാണ് എനിയ്ക്കു ക്രിമിനൽ നിയമവും നടപടിയും ഒരുവിധം ഭേദമായിട്ടു വശമാക്കാൻ കഴിഞ്ഞതെന്നുള്ള വസ്തുത വിശദമാക്കുക എന്നു മാത്രമെ ഈ കേസിനെ പ്പററിചെയ്ത അനാഖ്യാനം കൊണ്ടുദ്ദേശിക്കുന്നുള്ളു.

## കഴിഞ്ഞതൊക്കെ കൃതയുഗം

കീഴ്ക്കോടതിയിലെ കാര്യം ഇങ്ങനെ ചുരുക്കിയിട്ടു നമുക്കു പണ്ടത്തെ നമ്മുടെ ഹൈക്കോടതിയിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം. കഴിഞ്ഞതൊക്കെയും കൃതയുഗമത്രെ എന്നു പറയാറുള്ളതു പല പ്രകൃതത്തിലും നമ്മുടെ ഹൈക്കോടതിയ്ക്കു പററും. ഞാൻ ഹൈക്കോടതിയിൽ പ്രാക്ററീസ് തുടങ്ങിയകാലത്തു് ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത വക്കീലന്മാർ അവിടെയും ഉണ്ടായിരുന്നു. അവരിൽ രണ്ടുപേർ എസ്. ഗോവിന്ദപിള്ളയും, എസ്. പത്മ

നാഭപിള്ളയും ആയിരുന്നു. എസ്. പത്മനാഭപിള്ളയെ ചെന്താമര പത്മനാഭപിള്ളയെന്നും വിളിയ്ക്കും. ചുമന്നനിറത്തിൽ വികസിച്ച ഒരു മുഖമായിരുന്നു അദ്ദേഹത്തിന്റേതു്. അതുകൊണ്ടായിരിക്കാം ഈ രൂപകാലങ്കാരപ്രയോഗത്തിന്നു് അദ്ദേഹം വിഷയമായതു്. ഇവർക്കുമുൻപു രാമനാഥരായർ, വള്ളിയൂർ സുബ്രഹ്മണ്യയ്യർ, കുഞ്ചുവാര്യർ എന്നീ ത്രിമൂർത്തികൾ ഇംഗ്ലീഷുമായി യാതൊരു വേഴ്ചയും കൂടാതെ ഹൈക്കോടതിയിലെ വക്കീലന്മാരായി ശോഭിച്ചിരുന്നു. കൊച്ചുകൃഷ്ണമാരാർ, ജോൺ, ശേഷയ്യർ, അനന്തറാവു, മുത്തുനായകംപിള്ള, വീരരാഘവയ്യങ്കാർ, ഇവരാണു സാക്ഷാൽ ഹൈക്കോർട്ടുവക്കീലന്മാരായി എന്റെ അരങ്ങേററകാലത്തു ഹൈക്കോർട്ടുബാറിൽ ശോഭിച്ചിരുന്നതു്. ഇവരും ഒരുമിച്ചാണു് ഞാൻ ലോകാളേജ് പ്രിൻസിപ്പാലായി പോകുന്നതുവരെ പ്രാക്ററീസുചെയ്തിരുന്നതു്. എന്തൊരു സുവർണ്ണകാലം! ജഡ്ജിമാരോ വിഖ്യാതന്മാരായ നിയമപണ്ഡിതന്മാർ. നമ്മുടെ ഹൈക്കോർട്ടുവിധി പ്രിവികൗൺസിലിൽപോലും ഉദ്ധരിച്ചിട്ടുള്ളതു ലോ റിപ്പോർട്ടു നോക്കിയാൽ കാണാം. ഇന്നു് അഭിഭാഷകന്മാരുടെ സംഖ്യ ആവശ്യത്തിലധികം വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ ഒരുകാര്യം സമ്മതിക്കണം. ഇന്നത്തെപ്പോലെ വ്യാപകവും സൂക്ഷ്മവും ആയ രീതിയിൽ പണ്ടു നിയമപ്രശ്നങ്ങൾ നമ്മുടെ കോടതികൾ ചർച്ചചെയ്തു കണ്ടിട്ടില്ല. പലപല നവീനനിയമങ്ങൾ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു. അവയുടെ തന്നെയും, അവ തമ്മിലും, ഉരസൽകൂടാതെ സമുദായത്തിന്റെ സുരക്ഷിതാവസ്ഥ പരിപാലിയ്ക്കേണ്ടതായ ഭാരം ഇന്നത്തെപ്പോലെ പണ്ടുണ്ടായിട്ടില്ല. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷൻ വ്യാഖ്യാനിക്കാൻതന്നെ ഇന്നത്തെ സുപ്രിംകോടതി ഒട്ടധികംസമയം വ്യയം ചെയ്യേണ്ടതായിരിക്കുന്നു.

മിക്കവാറും അരശതാബ്ദംമുമ്പു് ഇവിടത്തെ ഏററവും ചെറിയ കോടതിയിൽ അഭിഭാഷകവൃത്തി ആരംഭിച്ചു ഇന്നു ഈ ഭാരതത്തിലെ ഏററവും വലിയ കോടതിയായ സുപ്രീംകോടതിയിലെ സീനിയർ അഡ്വോക്കേററായി വ്യവഹരിക്കാനുള്ള ഭാഗ്യം സിദ്ധിച്ച ഒരാൾക്കു് ഇങ്ങനെ ഒരു തിരിഞ്ഞുനോട്ടത്തിനു ന്യായമായ അവകാശമുണ്ടെന്നു വിശ്വസിയ്ക്കുന്നു.

[ആൾഇൻഡ്യാറേഡിയോ (തിരുവനന്തപുരം) വിന്റെ അനുവാദത്തോടുകൂടി]

---


# ശബ്ദതാരാവലി

## മലയാളനിഘണ്ടു

(പരിഷ്കരിച്ച നാലാം പതിപ്പു്)

മലയാളികൾക്കു് അപരിത്യാജ്യമായ ഒരു കോശഗ്രന്ഥം. ഇന്നുള്ള ഭാഷാനിഘണ്ടുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതെന്നല്ല, കുലങ്കഷമായ ഭാഷാപരിചയത്തിനു പര്യാപ്തമായതെന്നു പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ള ഈ ബൃഹത്കോശത്തിന്റെ ഒന്നാം വാല്യം തയാർ. ആകെ 1030 പുറമുള്ള ഈ വാല്യത്തിനു വില 12 ക. മാത്രം.

ഏകദേശം ഇത്രയുംവരുന്ന രണ്ടാംവാല്യം മാർച്ചു് അവസാനത്തിൽ പുറപ്പെടുന്നതാണ്.

കെ. മാത്യൂ,
ലൈബ്രേറിയൻ,
ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.

# അമേരിക്കൻ ലൈബ്രറി അസോസിയേഷൻ

ഇരുപതിനായിരത്തിൽപരം അംഗങ്ങളുള്ള അമേരിക്കൻ ലൈബ്രറി അസോസിയേഷൻ മിക്കവാറും ലോകത്തിലെ ഏററവും പ്രാചീനവും വിപുലവുമായ ഒരു സംഘടനയാകുന്നു. 1951 ജൂലൈമാസത്തിൽ ചിക്കാഗോവിൽ നടത്തിയ കാൺഫ്റൻസ് അതിൻെറ 75-ാമതു വാർഷികദിനമാണു കൊണ്ടാടിയതു്. ഗ്രന്ഥശാലകളുടെ താൽപ്പര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗ്രന്ഥശാലാപ്രവത്തകരുടേയും അഭ്യുദയകാംക്ഷികളുടേയും മേധാശക്തിയും സന്മനോഭാവവും പരസ്പരം പ്രയോജകീഭവിക്കുന്നതിനുമായി 1876-ൽ ആറോളം ലൈബ്രറി പ്രവത്തകരാണു് ഈ സ്ഥാപനം ഉണ്ടാക്കിയതു്.

ഐക്യനാട്ടിലെ പല മികച്ച പണ്ഡിതന്മാരും ഭരണധുരന്ധരന്മാരും ബിബ്ളിയാഗ്രഫിനിർമ്മാതാക്കളും ലൈബ്രറി സാഹിത്യവിചക്ഷണന്മാരും ഈ സ്ഥാപനത്തിലെ അംഗങ്ങളാണു്. ഇതിൻെറ നാവായ 'ദി ലൈബ്രറി ജേണൽ' 75 കൊല്ലത്തെ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. നിലവിലുള്ള ഗ്രന്ഥശാലകളെ പരിഷ്കരിക്കുന്നതിനു പുറമെ ലൈബ്രറി പ്രവത്തനം ഒരു പ്രധാന തൊഴിലാക്കി ഉയത്തുകയും ലൈബ്രറിപ്രസ്ഥാനത്തിനു ആരംഭമിടുകയും ചെയ്തു.

അമേരിക്കൻ ലൈബ്രറി അസോസിയേഷൻ ലോകത്തിലുള്ള ലൈബ്രറികളുടെ വളച്ചയെ സഹായിച്ചിട്ടുണ്ടു്. മററു പലരും അമേരിക്കൻ രീതികളെ പകത്തിയിട്ടുമുണ്ടു്. പുരാതനസ്ഥാപനമായ വത്തിക്കൻ ലൈബ്രറിയും മററു പല പുതിയ സ്ഥാപനങ്ങളും ഈ സംഘടനയുടെ ഉപദേശവും സഹായവും ആവശ്യപ്പെട്ടിട്ടുണ്ടു്.

ലൈബ്രേറിയന്മാരുടെ പരിശീലനത്തിലാണു് അമേരിക്കൻ ലൈബ്രറി അസോസിയേഷൻ ശ്രദ്ധപതിപ്പിച്ചതു്. ലൈബ്രറി വിദ്യാലയങ്ങൾക്കു ഒരു മാനദണ്ഡം നിശ്ചയിക്കുക, ആ മാനദണ്ഡത്തിനു പററിയ സ്കൂളുകൾ ഉണ്ടാക്കുക, ഈ തൊഴിലിൽ ഉൽസുകരായ അംഗങ്ങളെ ചേക്കുക മുതലായ ഉദ്ദേശങ്ങളോടുകൂടി ഒരു പ്രവത്തകസമിതി ഈ പ്രസ്ഥാനത്തെ നയിച്ചു.

സാമാന്യബുദ്ധി, സാധാരണ കഴിവു്, വിശാലമായ സാംസ്കാരിക പശ്ചാത്തലം, ആകർഷകമായ പെരുമാററം ഇത്രയും ഒരു ലൈബ്രേറിയനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങളാണു്. ജനങ്ങളോടു സ്വാഭാവികമായ പ്രതിപത്തിയും അവരെ സേവിക്കുന്നതിനുള്ള ആശയും അത്യാവശ്യമാണു്. മറേറതൊരു തൊഴിലിനെപ്പോലെയും വ്യക്തിവൈശിഷ്ട്യങ്ങളും തൽപ്പരതകളും ഇതിനെ ഒരു തൊഴിലാക്കി സ്വീകരിച്ചാൽ ആവശ്യമാണെന്നു കാണാം. പുസ്തകവിതരണം (അതുമാത്രമാണു് സാധാരണ നോക്കാവുള്ളതു്) കഴിഞ്ഞാൽ ഒരു സാധാരണ ലൈബ്രറിയിൽ മററു പല പ്രയോജനപ്രദമായ ജോലികൾക്കും പഴുതുണ്ടു്. ക്യാററ്ലാഗിംഗ് തന്നെ നോക്കുക. ഗ്രന്ഥങ്ങളെ വിഷയവിശകലനം ചെയ്തു തരം തിരിക്കുന്നതിനു് ഭാഷാപരിചയം, സാമാന്യജ്ഞാനം, പാണ്ഡിത്യം ഇവ അനുപേ

ക്ഷണീയമാണു്. കുട്ടികളുമായി സഹകരിക്കാൻ കഴിവുള്ള ലൈബ്രേറിയനു ഒരു കഥാകൃത്തിന്റേയും നടന്റേയും അദ്ധ്യാപകന്റേയും ഗുണങ്ങൾ ഉണ്ടായിരിക്കണം.

ഇന്നാകട്ടെ വിനോദങ്ങൾക്കു സന്ദർഭമുണ്ടാക്കുക, പ്രചോദനങ്ങൾക്കു വഴിതെളിക്കുക, വിജ്ഞാനത്തിനു ഗ്രന്ഥസമ്പത്തുമായി സമ്പക്കം പുലത്തുക തുടങ്ങി ലൈബ്രേറിയന്റെ പ്രവത്തനരംഗം വളരെ വിപുലമായിട്ടുണ്ടു്. മെഡിക്കൽ ലൈബ്രറികളിലും മററു ഗവേഷണ ലൈബ്രറികളിലും ലൈബ്രേറിയനു ഭാഷാജ്ഞാനം, ശാസ്ത്രത്തെപ്പററിയുള്ള സാമാന്യപരിജ്ഞാനം ആ പ്രത്യേക ശാഖയിലെ ഗ്രന്ഥസമുച്ചയത്തെപ്പററിയുള്ള പ്രത്യേകം പരിചയം ഇവ ആവശ്യമാണു്.

വിദ്യാലയങ്ങളിലെ ലൈബ്രേറിയനായിരിക്കുന്നതിനുള്ള പരിശീലനാവശ്യം ഐക്യനാട്ടിൽ വദ്ധിച്ചുവരികയാണു്. പ്രാഥമിക വിദ്യാലയങ്ങളിൽ പല വികസനസാദ്ധ്യതകളും ഉൾക്കൊള്ളുന്ന സ്ഥാനമാണു് ലൈബ്രേറിയന്റേതു്. ഭരണശേഷിയും വ്യാവസായികപശ്ചാത്തലവും ഉള്ള ഒരു വ്യക്തി ഒരു കാളേജിന്റേയോ, യൂണിവേഴ്സിററിയുടെയോ, പബ്ളിക് ലൈബ്രറിയുടേയോ ഡയറക്ടററാകാൻ പ്രാപ്തനാണു്.

കീഴ് സിൽബന്ധികളുമായി പെരുമാറുക, വ്യവസ്ഥിതി, ഭരണം, മേൽനോട്ടം മുതലായ പലതിന്റേയും തത്വങ്ങൾ പ്രായോഗികമാക്കുക ഇവയാണു് ആ സ്ഥാനത്തിന്റെ ചുമതലകൾ. ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിക്കുന്ന ഗ്രന്ഥശാലകളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടു്. പരിശീലനം സിദ്ധിച്ച ഒരു ലൈബ്രേറിയനു ഗ്രാമീണരുടെ ആവശ്യങ്ങളെ വളരെ തൃപ്തിപ്പെടുത്താൻ കഴിയും.

ഇനു ഗവേഷണ ലൈബ്രേറിയനാണു് വളരെ പ്രാധാന്യമർഹിക്കുന്ന വ്യക്തി. തൊഴിൽശാലകളും ഗവമ്മെൻറും സർവ്വകലാശാലകളും അവന്റെ സേവനം ആവശ്യപ്പെടുന്നു. അവന്റെ ജോലി വിജ്ഞാനത്തെ തേടിപ്പിടിക്കുകയും ഗവേഷണങ്ങളിൽ സഹായിക്കുകയുമാണു്. ഒരു ഗ്രന്ഥശാലയ്ക്കു് ആവശ്യമായ പുസ്തകങ്ങളും മററു സാമാനങ്ങളും തെരഞ്ഞെടുക്കുന്നതിൽ വികസനം പ്രാപിച്ച ഒരു കല അന്തർഭവിച്ചിരിക്കുന്നു. വിശാലമായ വിജ്ഞാനം, നിരൂപണബുദ്ധി, ഇന്നത്തെ സാമാന്യജനങ്ങളുടെ അഭിരുചിയെപ്പററിയുള്ള ബോധം ഇവയെല്ലാം അതിനു് ആവശ്യമാണു്. ഏതു പുസ്തകങ്ങൾ, ഏതേതു പ്രസിദ്ധീകരണങ്ങൾ, എന്തെല്ലാം ഇതര സാമഗ്രികൾ ഇവയാണു് ആവശ്യമെന്നു തീരുമാനിക്കുന്നതിനു കർമ്മകുശലതയും വിശകലനബുദ്ധിയും, നിയാമകത്വവും ആവശ്യമാണു്. ഒരു ലൈബ്രേറിയൻ പ്രസിദ്ധീകരണക്കാരോടും വില്പനക്കാരോടും നിത്യസമ്പക്കംപുലത്തണം. സംഭാവനകളെ ഉപയോഗിക്കുന്ന വിഷയത്തിലും കൈമാററത്തിലും ബഡ്ജററിന്റെ മേൽനോട്ടത്തിലും റിക്കാർഡുകൾ സൂക്ഷിക്കുന്നതിലും അയാൾ ജാഗരൂകനായിരിക്കണം.

ലൈബ്രേറിയൻ നിർവഹിക്കുന്ന ജോലികൾ വളരെയാണു്. ശ്രാവണ ദാശിനിക ലൈബ്രേറിയന്മാർ, ഫിലിം, റിക്കാർഡ് ഇവ തിരഞ്ഞെടുക്കുകയും പലപ്പോഴും ഫിലിം പ്രദശനത്തിനുവേണ്ടി എല്ലാപ്പണികളും ചെയ്യുകയും ചെയ്യും. വലിയ ലൈബ്രറികളിൽ പബ്ളിക് റിലേഷൻസു ഡയറക്ടറന്മാർ ഉണ്ടായിരിക്കും. അവർ ന്യൂസ്പേപ്പർ, റേഡിയോ, ടെലിവിഷൻ പ്രോഗ്രാം നടത്തുകയും ലൈബ്രറി പ്രസിദ്ധീകരണങ്ങൾ ചെയ്യുകയും പ്ലാററ്ഫാറങ്ങളിലും മററുംകൂടി നേതാക്കന്മാരുമായി സമ്പക്കംപുലത്തുകയും ചെയ്യാറുണ്ടു്.

ലൈബ്രേറിയന്മാക്ക വികസനത്തിനുള്ള എല്ലാ സഹായങ്ങളും ഐക്യസംസ്ഥാന ഗവർമ്മെൻറു ചെയ്തുകൊടുക്കുന്നു. വിദേശ ഭാഷ വശമുള്ളവക്ക ലോകത്തിൻെറ ഏതു ഭാഗത്തും ഉള്ള വിജ്ഞാനകേന്ദ്രങ്ങളിൽ പ്രവൎത്തിക്കുന്നതിനു സന്ദർഭങ്ങളുണ്ട്. ഈ കേന്ദ്രങ്ങൾ ഐക്യസംസ്ഥാന സ്റ്റേററുമായി സഹകരിച്ച് അന്യനാട്ടുകാരെ അമേരിക്കൻ ജീവിതരീതികൾ മനസ്സിലാക്കിക്കൊടുക്കുന്നു. എല്ലാ ഗവർമ്മെൻറുകളുടേയും ഡിപ്പാർട്ടുമെൻറുകളും ഏജൻസികളും സയൻസിലും മററു പ്രത്യേക ശാഖകളിലും പ്രാവീണ്യം നേടിയ ലൈബ്രേറിയന്മാരുടെ സേവനം തേടുന്നു. എല്ലാ തൊഴിലുകളും ലൈബ്രേറിയൻേറതിനോടു അനുബന്ധിച്ചിരിക്കുന്നു. അദ്ധ്യാപകൻ, ഡാക്ടർ, വക്കീൽ, എൻജിനീയർ തുടങ്ങി എല്ലാ തൊഴിലുകാരും ലൈബ്രേറിയനെ ആശ്രയിക്കുന്നു. അമേരിക്കയിൽ ലൈബ്രറിയുടെ സേവനത്തെ ആശ്രയിക്കുന്നതിനു ജനങ്ങൾക്കു പ്രത്യേകംപരിശീലനം വിദ്യാലയങ്ങളിലും, കാളേജുകളിലും നൽകിവരുന്നു. ഒരു വ്യക്തിയുടെ സാംസ്കാരിക ജീവിതത്തിൻെറ മാത്രമല്ല ദൈനംദിന തൊഴിൽജീവിതത്തിൻെറക്കൂടി ഒരു ഭാഗമാണ് ലൈബ്രറി എന്നു വന്നിട്ടുണ്ട്.

ഇന്ന് ഐക്യസംസ്ഥാനത്ത് 7400 ലൈബ്രറികളും ആകെക്കൂടി പന്ത്രണ്ടുകോടി അൻപതു ലക്ഷം ഗ്രന്ഥങ്ങളും ഉണ്ട്. അവ പത്തുകോടി ജനങ്ങൾക്ക് പ്രയോജകീഭവിക്കുന്നു. ആണ്ടുതോറും എഴുപതു ലക്ഷം പുതിയ പുസ്തകങ്ങൾ കൂട്ടിച്ചേക്കാറുണ്ട്. മുപ്പത്തഞ്ചു ലക്ഷം ഗ്രന്ഥങ്ങൾ വിതരണം നടത്തുകയും പതിനയ്യായിരം പരിശീലനം സിദ്ധിച്ചവർ ഉൾപ്പെടെ നാല്പതിനായിരം പേർ ഈ വായനശാലകളിൽ പ്രവൎത്തിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ എഴുപത്തിഅഞ്ചു കൊല്ലംകൊണ്ട് ലൈബ്രറിയുടെ ഏററവും പ്രധാനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ സേവനങ്ങളെ നിയന്ത്രിക്കുന്നതിനു നല്ല പരിശീലനം സിദ്ധിച്ച ലൈബ്രേറിയന്മാർ ആവശ്യമാണെന്ന് അമേരിക്കൻലൈബ്രറി അസോസിയേഷൻ ലോകത്തിനു ബോദ്ധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.


## ലൈബ്രറികൾക്കു് അത്യാവശ്യംവേണ്ട പുസ്തകങ്ങൾ

| | ക. | ണ. | സ. |
|---|---|---|---|
| ഉദയഭാനു 4 ഭാഗങ്ങൾ .... .... | 6 | 0 | 0 |
| മരതകപീഠം—പന്തളം കെ. പി. .... .... | 1 | 8 | 0 |
| സൽസാക്ഷി (നോവൽ) ... ... | 1 | 8 | 0 |
| ഗ്രാമസേവനം—സി. നാരായണപിള്ള .... .... | 1 | 8 | 0 |
| പ്രശസ്തവ്യക്തികൾ (തൂലികാചിത്രങ്ങൾ).... .... | 1 | 8 | 0 |
| ഹഷവൎദ്ധനൻ—ഏ. ബാലകൃഷ്ണപിള്ള ... ... | 1 | 8 | 0 |
| എൻെറ സ്വരാജ്—മുൻഷി പരമുപിള്ള .... ... | 1 | 12 | 0 |
| പണിമുടക്കം—സി. നാരായണപിള്ള .... ... | 1 | 8 | 0 |
| മുല്ലയ്ക്കൽഭവനം—സി. നാരായണപിള്ള .... .... | 2 | 0 | 0 |
| പരിഹാരം—എൻ. ബാലകൃഷ്ണൻനായർ .... .... | 1 | 0 | 0 |

വി. പി. യായോ നേരിട്ടോ ആവശ്യപ്പെടുക.

കമലാലയാ ബുക്കു്ഡിപ്പോ

തിരുവനന്തപുരം

# ഇൻഡെക്സും ക്യാററ്ലോഗും

കൈനിക്കര മാധവൻപിള്ള

........ഇൻഡെക്സിന്റേയും ക്യാററ്ലോഗിന്റേയും നിർമ്മാണരീതിയിൽ അന്യാദൃശമായ പല സാദൃശ്യങ്ങളുമുണ്ടു്. സംക്ഷിപ്താകർഷകപദങ്ങളും സാങ്കേതിക ലക്ഷ്യങ്ങളും കൊണ്ടു് ഒരു ഗ്രന്ഥത്തിലെ വിഷയവിവരങ്ങൾ കുറിക്കുന്ന വിഷയാനുക്രമണികയ്ക്കാണു് ഇംഗ്ലീഷിൽ ഇൻഡെക്സ് എന്നു പറയുന്നതു്. അതുപോലെ സംക്ഷിപ്തവാക്യങ്ങളും സാങ്കേതികലക്ഷ്യങ്ങളും കൊണ്ടു് ഒരു ഗ്രന്ഥാലയത്തിലെ ഗ്രന്ഥവിവരങ്ങൾ കുറിക്കുന്ന ഗ്രന്ഥവിവരണാനുക്രമണികയ്ക്കു് ഇംഗ്ലീഷിൽ ക്യാററ്ലോഗ് എന്നും പറയുന്നു. ഇൻഡെക്സിന്റെ ഉത്ഭവകേന്ദ്രം ഗ്രന്ഥങ്ങളിൽ ചേർക്കുന്ന വിഷയവിവരപ്പട്ടികയാണെന്നു പറയാമെങ്കിൽ ക്യാററ്ലോഗിന്റെ ജനനകേന്ദ്രം ഒരു ഗ്രന്ഥസമൂഹത്തെക്കുറിക്കുന്ന ഗ്രന്ഥവിവരപ്പട്ടികയാണെന്നും പറയാവുന്നതാണു്. പിൽക്കാലമുണ്ടായ പ്രയോഗപരിവർത്തനങ്ങളാണു് ഇൻഡെക്സിനും ക്യാററ്ലോഗിനും ഇന്നു കാണുന്ന നവീനസംസ്കരണ മാതൃകകൾ സൃഷ്ടിച്ചിട്ടുള്ളതു്. എങ്കിലും ലക്ഷ്യലക്ഷണങ്ങൾകൊണ്ടു് ഒരു ഗ്രന്ഥത്തിൽ ഇൻഡെക്സിനു കല്പിക്കാവുന്ന പ്രാധാന്യംതന്നെയാണു് ഒരു ഗ്രന്ഥശാലയിലെ ഗ്രന്ഥസമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരു ക്യാററ്ലോഗിനും സങ്കല്പിക്കാവുന്നതു്.

ഇൻഡെക്സ് നിർമ്മാണത്തിൽ ആദ്യകാലങ്ങളിൽ സ്വീകരിച്ചിരുന്ന വിഷയാനുക്രമസമ്പ്രദായം ആധുനികകാലങ്ങളിൽ Classified Catalogue) വിഷയവർഗ്ഗീകരണംചെയ്തു നിർമ്മിക്കുന്ന ക്യാററ്ലോഗിലും അനുകരിച്ചുകാണുന്നുണ്ടു്. അതനുസരിച്ചു് ഒരു ഗ്രന്ഥശാലയിൽ സമാഹരിക്കുന്ന ഗ്രന്ഥങ്ങളെയെല്ലാം വിഷയവർഗ്ഗവിശകലനംചെയ്തു് ക്യാററ്ലോഗിൽ ചേർക്കുന്നു. ഇതിനു വ്യത്യസ്തമായി ഇൻഡെക്സിൽ സ്വീകരിച്ചിരിക്കുന്ന അക്ഷരാനുക്രമനവീന സമ്പ്രദായത്തെ അനുകരിച്ചും വിഷയവർഗ്ഗീകരണസമ്പ്രദായം അക്ഷരാനുക്രമത്തിലാക്കിയും സൌകര്യാനുസരണം ക്യാററ്ലോഗുകൾ നിർമ്മിക്കുന്നുണ്ടു്.

ഒരു ഗ്രന്ഥത്തിലെ പ്രതിപാദ്യം എന്താണെന്നു ഗ്രഹിക്കുന്നതിനു അതു ആദ്യന്തം വായിച്ചുതീർക്കാതെതന്നെ സാധിക്കുന്നതിനും പ്രതിപാദ്യവിഷയങ്ങളിൽ കൂടുതൽ താല്പര്യമുള്ളവയിലേയ്ക്കു് പ്രയാസംകൂടാതെ ശ്രദ്ധപതിപ്പിക്കുന്നതിനുമാണല്ലോ ഇൻഡെക്സ് ഉപയുക്തമാകുന്നതു്. അതേരീതിയിൽ ഒരു ഗ്രന്ഥശാലയിലെ ഗ്രന്ഥസമ്പത്തു് എത്രയാണെന്നും, എന്തെല്ലാമാണെന്നും, എവിടെയെല്ലാമാണു നിക്ഷേപിച്ചിട്ടുള്ളതെന്നും വിശദമാക്കുന്ന നിർദ്ദേശപത്രികയാണു ക്യാററ്ലോഗ്.

ഇൻഡെക്സ് നിർമ്മാണത്തിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ ക്യാററ്ലോഗ് നിർമ്മാണത്തിലും വർഗ്ഗീകരണസമ്പ്രദായം വിഷയാനുക്രമത്തിൽ വേണമെന്നും അക്ഷരാനുക്രമത്തിൽ വേണമെന്നും വിപരീതവിദഗ്ദ്ധാഭിപ്രായകക്ഷികളുണ്ടു്. സാമാന്യജനങ്ങൾക്കും സാധാരണഗ്രന്ഥശാലകൾക്കും സൌകര്യപ്രദമായുള്ളതു്, അക്ഷരാനുക്രമ സമ്പ്രദായമാണെന്നാണു്

ഭൂരിപക്ഷാഭിപ്രായം. അതല്ല; രണ്ടുമാതൃകകളും സ്വീകരിച്ചു് രണ്ടുപക്ഷക്കാർക്കും വിഷയവർഗ്ഗീകരണ സമ്പ്രദായത്തിലും അക്ഷരാനുക്രമത്തിലും പ്രത്യേകമായി ക്യാററ്ലോഗുകൾ ഉണ്ടാക്കേണ്ടതാണെന്നു് ഒരു മദ്ധ്യസ്ഥകക്ഷിയുമുണ്ടു്. അതിന്റെ നേതൃത്വംവഹിക്കുന്ന ഒരു ഗ്രന്ഥശാലാഭരണതന്ത്രജ്ഞനാണു് അഖിലേന്ത്യാഗ്രന്ഥശാലാസംഘത്തിന്റെ പ്രധാനപ്രവർത്തകനായ എസ്. ആർ. രംഗനാഥൻ. അദ്ദേഹത്തിന്റെ വിദഗ്ദ്ധാഭിപ്രായവും നമ്മൾക്കു് ആദരണീയമാണു്.

ഇൻഡെക്സ് ഇല്ലാതെയും ഗ്രന്ഥങ്ങൾ രചിക്കുന്നില്ലേ? അതുപോലെ ക്യാററ്ലോഗു് ഇല്ലെങ്കിലും ഗ്രന്ഥശാലയുടെ പ്രവർത്തനം നടക്കുകയില്ലേ? എന്നു ചോദിക്കുന്ന ഉപരിപ്ലവബുദ്ധികൾ ഇക്കാലത്തും ഉണ്ടായെന്നുവരാം. അവരോടു് ഒരു സമാധാനമേ പറയുവാനുള്ളു. അതു മറെറാന്നുമല്ല; മനുഷ്യനു സഞ്ചാരത്തിനു പ്രകൃതിദത്തമായ കാലുകൾ ഉണ്ടല്ലോ. പിന്നെന്തിനാണു് അവൻ നിത്യവും വിവിധരീതിയിലുള്ള വാഹനസൗകര്യങ്ങൾക്കു താല്പര്യം പ്രകടിപ്പിക്കുന്നതു്? അതിന്റെ കാരണം സ്പഷ്ടമാണു്. ഇന്നു് വിമാനസഞ്ചാരംകൊണ്ടു് ഒരു ഭൂലോകപര്യടനം പൂർത്തിയാക്കാൻ ലേശവും പ്രയാസമില്ല. പക്ഷേ കാൽനടയായി ശ്രമിക്കുന്നു എന്നിരിക്കട്ടെ: അതു നിരാശതാന്ത്യമായ ഒരു ആയുഷ്കാലനിഷ്ഫലപ്രയത്നമായേ കലാശിക്കയുള്ളു.

ഒരു ഗ്രന്ഥശാലയുടെ പ്രവർത്തനകാര്യക്ഷമതയ്ക്കും അതിന്റെ പ്രയോജനപൂർത്തിക്കും ഉത്തമോപകരണമായി കരുതാവുന്നതു് അതിനെ പരാമർശിക്കുന്ന ക്യാററ്ലോഗാണു്. ഇവിടെ ക്യാററ്ലോഗ് എന്നു പറയുന്നതു വെറും ഒരു പുസ്തകവിവരപ്പട്ടികയുടെ സങ്കല്പത്തിലല്ല. അതു പുസ്തക വില്പനശാലക്കാരും ചില ഗ്രന്ഥശാലക്കാരും മനോധർമ്മംപോലെ പരിഷ്കരിച്ചും അല്ലാതെയും സൃഷ്ടിക്കുന്നുണ്ടു്. അവയ്ക്കു് (Book list) ബുക്ക്ലിസ്ററു് എന്ന പേരാണു നൽകേണ്ടതു്. ക്യാററ്ലോഗിന്റെ മാതൃകാപാഠം ബുക്ക്ലിസ്റ്റ് അഥവാ ഗ്രന്ഥവിവരപ്പട്ടികയായിരിക്കാമെങ്കിലും അതിന്റെ സകല പഴയ സമ്പ്രദായങ്ങളേയും അതിലംഘിച്ചുണ്ടായിട്ടുള്ള ദീർഘകാല പരിവർത്തനപരിപാകംകൊണ്ടു് ക്യാററ്ലോഗ് നിർമ്മാണം ഒരു സാങ്കേതികവിഷയമായി പരിണമിച്ചിട്ടുണ്ടു്. പ്രയോജനത്തേയും പ്രയോഗസൗകര്യത്തേയും ആസ്പദമാക്കി ചില രൂപവ്യത്യാസങ്ങളും സ്വഭാവഭേദങ്ങളും സ്വീകരിച്ചാണു് ക്യാററ്ലോഗ് നിർമ്മാണം ഇന്നു സാങ്കേതികരീതിയിൽ പരിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതു്.

ക്യാററ്ലോഗ് നിർമ്മാണത്തിൽ സ്വീകരിച്ചിട്ടുള്ള സ്വരൂപഭേദങ്ങൾ അനുസരിച്ചു കാർഡ് ക്യാററ്ലോഗ്, (Sheaf Catalogue) ഷീഫ് ക്യാററലോഗ്, അച്ചടിച്ച ക്യാററലോഗ് എന്നിങ്ങനെ മൂന്നു വിധങ്ങളാണു് സാധാരണ കാണുന്നതു്. ഇതിൽ കാർഡ് ക്യാററ്ലോഗു് ക്യാബിനററിൽ ക്രമാനുസരണം തരംതിരിച്ചു വെയ്ക്കുന്നതു ഒരു ഗ്രന്ഥശാലയിലെ ഉപയോഗത്തിനു മതിയാകുമെന്നും, സൗകര്യപ്രദമാണെന്നും അതാതു കാലങ്ങളിൽ സമ്പാദിക്കുന്ന പുതിയ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തി ക്യാററ്ലോഗ് പൂർത്തിയാക്കാൻ സഹായകരമാണെന്നും സമ്മതിക്കാം. എന്നാൽ അതിനു രണ്ടു വലിയ കുറവുകൾ ഉണ്ടു്. ഒന്നാമതു് ഒരു ഗ്രന്ഥശാലയിൽ കൂടുന്ന വായനക്കാർ അനവധിയുള്ളതുകൊണ്ടു് അവർക്കു് എല്ലാം ഒരേ സന്ദർഭത്തിൽ ഒന്നോ രണ്ടോ ക്യാബിനററിൽ മാത്രം തയാറാക്കി സൂക്ഷിക്കുന്ന

കാർഡ് ക്യാററ്ലോഗ് പരിശോധിക്കുക സാദ്ധ്യമല്ല. അനവധി പ്രതികൾ ഉണ്ടാക്കി വേണ്ടത്ര ക്യാബിനററുകളും സമ്പാദിച്ച് കാർഡ്ക്യാററ്ലോഗ് വർദ്ധിപ്പിക്കാമെന്നുവെച്ചാൽ അതിനും ഒരു പരിമിതിയുണ്ടു്. എന്നല്ല, അങ്ങനെ ഒരു പരീക്ഷണം ഒരു ഗ്രന്ഥശാലയും ഇഷ്ടപ്പെടുകയില്ല; അതു് അത്ര വ്യയഹേതുകവും വിഷമകരവും, പരിപൂർണ്ണ ഫലപ്രാപ്തിയില്ലാത്തതുമാണു്. രണ്ടാമതു കാണുന്ന ന്യൂനത കാർഡു് ക്യാററ്ലോഗ് ഗ്രന്ഥശാലയിൽ ഉപയോഗപ്പെടുത്താമെന്നല്ലാതെ ആവശ്യാനുസരണം പുറമേ കൊണ്ടുപോയി പ്രയോജനപ്പെടുത്താവുന്നതല്ലെന്നുള്ളതാണു്.

ഷീഫ് ക്യാററ്ലോഗിന്റെ സമ്പ്രദായം ഒരു ബുക്കിന്റെ സൗകര്യത്തെ ആശ്രയിച്ചാണെന്നു പറയാം. കാർഡ് ക്യാററ്ലോഗ്പോലെ കയ്യെഴുത്തിലോ ടൈപ്പുചെയ്തോ ഒരു ബുക്കിന്റെ താളുകളുടെ പരിണാമത്തിൽ തയ്യാറാക്കുന്ന ഇത്തരം ക്യാററ്ലോഗിനു കൂടുതൽ പ്രതികൾ തയ്യാറാക്കുന്നതിനും സന്ദർഭാനുസരണം കുറിപ്പുകൾ ചേർക്കുന്നതിനും ഗ്രന്ഥശാലയിൽ എവിടെയും കൊണ്ടുവെച്ചു പരിശോധിക്കുന്നതിനും സൗകര്യമുണ്ടെന്നുള്ള വിശേഷതയാണു പറയാവുന്നതു്. അതും ആവശ്യാനുസരണം പ്രതികൾ ഉണ്ടാക്കുന്നതിനോ പുറമേ കൊണ്ടുപോയി ചർച്ചചെയ്യുന്നതിനോ പ്രയോജനപ്പെടുന്നില്ല.

അതുകൊണ്ടു് ഗ്രന്ഥശാലാഭാരവാഹികൾക്കും ഗ്രന്ഥപാരായണക്കാർക്കും ഒരുപോലെ സംതൃപ്തി നേടാവുന്ന മാർഗ്ഗം അച്ചടിച്ച ക്യാററ്ലോഗ് തന്നെയാണ്. അതിനു എത്ര പകർപ്പുകൾ വേണമെങ്കിലും ഉണ്ടാക്കാമെന്നുള്ളതുകൊണ്ടു് ഗ്രന്ഥശാലയ്ക്കു് അകത്തും പുറത്തും ഒരുപോലെ പ്രയോജനപ്പെടുത്താമെന്നും ഇതരഗ്രന്ഥശാലകളുമായി ഗ്രന്ഥസംബന്ധമായ സമ്പർക്കം പുലർത്താമെന്നുമുള്ള വിശേഷഗുണങ്ങളുണ്ടു്. എങ്കിലും ഒരു ന്യൂനതയും സാധാരണ കണ്ടുവരുന്നുണ്ടെന്നു സമ്മതിക്കാം. അതു കാലാനുസരണം സംഭരിക്കുന്ന ഗ്രന്ഥങ്ങൾ അച്ചടിച്ച ക്യാററ്ലോഗിൽ ചേർക്കാൻ അല്പമോ, അശ്രദ്ധകൊണ്ടു പലപ്പോഴും അനല്പമോ ആയ കാലവിളംബം ഉണ്ടാകുമെന്നുള്ളതാണു്. എങ്കിലും മേൽപറഞ്ഞ ഗുണദോഷങ്ങൾ തുലനംചെയ്തു തീരുമാനിക്കുമ്പോൾ അച്ചടിച്ച ക്യാററ്ലോഗ് തന്നെയാണ് ഗ്രന്ഥശാലകൾക്കു കൂടുതൽ സ്വീകാര്യമായുള്ളതെന്നു സമ്മതിക്കാം. (മലയാളരാജ്യം)

## 2. സംസാരിക്കുന്ന ഗ്രന്ഥങ്ങൾ

### അന്ധന്മാർക്കു വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു

“അന്ധന്മാരെ അവർക്കുതന്നെ രൂപമില്ലാത്ത ഒരു മാർഗ്ഗത്തിൽകൂടി ഞാൻ നയിക്കും, അന്ധകാരത്തെ അവർക്കു ഞാൻ പ്രകാശമാക്കിമാററും”. ഇസയ്യാ ദീർഘദർശിയുടെ ഈ പ്രവചനത്തെ ‘സംസാരിക്കുന്ന ഗ്രന്ഥങ്ങൾ’ അഥവാ പ്രാചീനവും സമീചീനവുമായ സാഹിത്യങ്ങളെ അന്ധന്മാർക്കു ആസ്വാദിക്കത്തക്കനിലയിൽ രേഖപ്പെടുത്തിയിട്ടുള്ള സ്വനഗ്രാഹി റിക്കാർഡുകൾ ഇന്നു അർത്ഥവത്താക്കിയിരിക്കുന്നു.

1500 പേരടങ്ങിയ ഒരു മാതൃകാലിസ്ററിൽനിന്നു്, പരുത്തതോ ഇടറിയതോ അല്ലാത്ത മധുരസ്വരത്തിൽ, വായിക്കുന്നതിനു ഇഷ്ടമുള്ളഭാഗം തെരഞ്ഞെടുക്കുന്നതിന്

'സംസാരിക്കുന്ന ഗ്രന്ഥങ്ങൾ' അന്ധന്മാരായ വായനക്കാർക്ക ഇന്ന സൗകര്യം നൽകുന്നു. ഒരു സ്വിച്ച് അമർത്തിയാൽമതി, ശ്രവണത്തിനായിത്തന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ അന്ധന്മാർക്ക "വായിക്ക"വാൻകഴിയും.

ഐക്യസംസ്ഥാന ഗ്രന്ഥശാലാസംഘടന ഒരു വാർഷിക നിക്ഷേപമാർഗ്ഗമായി അന്ധന്മാരായ വായനക്കാർക്ക് സംസാരിക്കുന്ന ഗ്രന്ഥങ്ങൾ കടമായി വിതരണം ചെയ്യുന്നതിന് വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ട്. ഈ സംഘടനയുടെ അംഗഗ്രന്ഥശാലകൾ സംസാരിക്കുന്ന ഗ്രന്ഥങ്ങൾ "വായിക്കുന്ന"വരുടെ ഒരു കമ്മിററിയുമായി സഹകരിച്ചാണ് അവയ്ക്ക പേരുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. അമേരിക്കയിൽ അന്ധന്മാർക്കവേണ്ടിയുള്ള സ്ഥാപനം അവരുടെ ന്യൂയോർക്ക സ്ററുഡിയോവിലാണ്, (അന്ധന്മാർക്കുവേണ്ടിയുള്ള ഈ ഗ്രന്ഥങ്ങൾ) റിക്കാർഡുചെയ്യുന്നതു്. അനന്തരം കേന്ദ്രസ്ഥാപനത്തിൽനിന്ന 28 അംഗഗ്രന്ഥശാലകൾക്ക്, അന്ധന്മാരായ വായനക്കാർക്ക കടമായി വിതരണം ചെയ്യുന്നതിന്, അവ നൽകപ്പെടുന്നു.

ബ്രയിലി നിർമ്മിച്ചിട്ടുള്ള 'ഉയർന്ന' അക്ഷരമാലാരീതി അന്ധന്മാരായ 'വായനക്കാർക്ക്' എന്താണ പര്യാപ്തമായി തോന്നാത്തതെന്ന് അമേരിക്കൻ അന്ധസമിതി ഡയരക്ടറായ എം. റാബേർട്ട് ബാർനെററിനോട ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് ഇപ്രകാരമാണ്.

"അമേരിക്കയിൽ രണ്ടുലക്ഷത്തോളം വരുന്ന അന്ധന്മാരിൽ പലർക്കും ബ്രയിലി അക്ഷരമാലാരീതി സുഗ്രാഹ്യമല്ലെന്ന പതിനേഴുകൊല്ലങ്ങൾക്കുമുമ്പുതന്നെ ഞങ്ങൾക്ക തോന്നി. അതുകൊണ്ട ശബ്ദത്തെമാത്രം ആശ്രയിച്ച് ഒരു പുതിയ വായനാരീതി, അന്ധന്മാരുടെ വായനാപ്രശ്നത്തിന പരിഹാരമായി ഉണ്ടാക്കാൻ ഞങ്ങൾ തീർച്ചപ്പെടുത്തി."

## പ്രവർത്തനം

ശബ്ദം പ്രതിധ്വനിപ്പിക്കുന്ന യന്ത്രങ്ങൾ അപേക്ഷകർ യഥാസ്ഥാനങ്ങളിൽനിന്നും കടമായി വാങ്ങുന്നു. അതിനുശേഷം വായനയ്ക്കു ആവശ്യമായ ഭാഗങ്ങൾ ഒരു പട്ടികയിൽനിന്നും തെരഞ്ഞെടുത്തു് അംഗഗ്രന്ഥശാലകളിലേക്ക അയയ്ക്കുന്നു. യഥാകാലം ഒന്നോ അധികമോ പെട്ടികളിലായി രണ്ടുവശവും രേഖപ്പെടുത്തിയിട്ടുള്ള പത്തോ ഇരുപതോ റിക്കാർഡുകൾ പോസ്ററിൽ വന്നുചേരുന്നു. സാധാരണ കിട്ടാവുന്നതു് രണ്ടുവശവും ഉപയോഗിക്കാവുന്ന പതിനെട്ട റിക്കാർഡുകളാണ്. ഒൻപതുമണിക്കൂർസമയം നീണ്ടുനില്ക്കുന്നതാണിവ.

പല സമയങ്ങളിലായി സുപ്രസിദ്ധനടികളായ ഇവാ, ലിഗാലീൻ, കാർണീലിയാ, ഓടിസ്സ്കിന്നർ തുടങ്ങിയവർ സംസാരിക്കുന്ന ഗ്രന്ഥങ്ങൾ റിക്കാർഡുചെയ്തിട്ടുണ്ട്. അമ്പതോളം നാടകങ്ങൾ ഇവർ ഈ വിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചില ഗ്രന്ഥകാരന്മാരും അവരുടെ കൃതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജൂവാൻ, സ്ററൂതർ മിസസ് മിനിവർ എന്ന ഗ്രന്ഥം മുഴുവനെയും റിക്കാർഡുചെയ്തിട്ടുണ്ട്. മിസിസ് എലിനോർ റൂസ്വെൽട്ട്, തോമസ്മാൻ, സാമർ സൊറസ്മോം, തുടങ്ങി മററുപലരും അവരുടെ ഗ്രന്ഥങ്ങളിൽ ചില ഭാഗങ്ങൾ റിക്കാർഡുചെയ്തിട്ടുണ്ട്.

ചില സന്ദർഭങ്ങളിൽ മററു രാജ്യങ്ങൾക്ക വിതരണം ചെയ്യുന്നതിനായും റിക്കാർഡിംഗ് നടത്തിയിട്ടുണ്ട്.

അമേരിക്കൻ ഫൗണ്ടേഷൻ അഫ് ദി ഓവർസീസ്ബ്ലൈൻഡ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ എറിക്ബൗൾട്ടർ ഇങ്ങിനെ അഭിപ്രായപ്പെടുന്നു. "സമീപഭാവിയിൽത്തന്നെ അന്യരാജ്യങ്ങളിലെ ആവശ്യത്തിനായി സംസാരിക്കുന്ന ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിപാടികൾ ഞങ്ങൾക്കുണ്ട്. അന്ധന്മാരായ വായനക്കാർ വളരെ കൂടുതലുള്ള രാജ്യത്ത് റിക്കാർഡു ചെയ്യുന്നതിനാവശ്യമായ സ്റ്റുഡിയോ നിർമ്മിക്കുന്നതിനും ഞങ്ങൾ വേണ്ട സഹായം ചെയ്യുന്നതാണ്. മററു സ്ഥലങ്ങൾക്കു ഞങ്ങൾ റിക്കാർഡു ചെയ്ത പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നതാണ്."

(അമേരിക്കൻ റിപ്പോർട്ടർ)


## ഗ്രന്ഥശാലകൾക്കാവശ്യമുള്ള റിക്കാർഡുകൾ

അധികൃതമായി അച്ചടിപ്പിച്ചു വില്ക്കുന്നതിനു തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘം 11—1—51-ലെ 7922-ാം നമ്പർ കത്തനുസരിച്ച് എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. സംഘം അംഗീകരിച്ചതന്ന മാതൃകയനുസരിച്ചുള്ള ഫാറങ്ങളും രജിസ്റ്ററുകളും നല്ല കടലാസ്സിൽ ഭംഗിയായി തയ്യാർചെയ്തിട്ടുണ്ട്.

| | 1 കായർ ബുക്ക് | | | 2 കായർ ബുക്ക് | | | 3 കായർ ബുക്ക് | | |
|---|---|---|---|---|---|---|---|---|---|
| | രൂ. | ണ. | സ. | രൂ. | ണ. | സ. | രൂ. | ണ. | സ. |
| A അംഗരജിസ്റ്റർ | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| B പ്രവേശനാപേക്ഷാഫാറം 100-നു | 1 | 8 | 0 | 0 | 0 | 0 | 0 | 0 | 0 |
| C പുസ്തകങ്ങളുടെ സ്റ്റോക്കു രജിസ്റ്റർ | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| D വായനക്കാരുടെ രജിസ്റ്റർ | 1 | 8 | 0 | 3 | 0 | 0 | 4 | 8 | 0 |
| E ഗ്രന്ഥവിതരണ രജിസ്റ്റർ | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| F മാസവരി രജിസ്റ്റർ | 2 | 0 | 0 | | | | | | |
| G നാൾവഴി | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| H പേരേട് | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| I ഇൻവേഡ് രജിസ്റ്റർ | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |
| J ഔട്ട്‌വേഡ് രജിസ്റ്റർ | 1 | 12 | 0 | 3 | 8 | 0 | 5 | 0 | 0 |

K രസീതുബുക്ക് (100 രസീതടങ്ങിയതു്) ഒന്നിനു 10 ണ.

[പത്തു രസീതു ബുക്കിനു ഒന്നിച്ചാർഡർ തരുന്നപക്ഷം ഗ്രന്ഥശാലയുടെ പേർ ചേർത്തു് അച്ചടിപ്പിച്ചയക്കുന്നതാണ്.]

L അക്വിറ്റൻസ് റോൾ 2 0 0 [അരകായർ 1 ക.]

M ഉപകരണ രജിസ്റ്റർ ഒന്നിനു 6 ണ.

N മാസാന്ത്യക്കണക്കു ഫാറം 100-നു 2 ക. 8 ണ.
ടി 24 മാസത്തേയ്ക്കു മതിയാകുന്ന ബുക്കിനു 12 ണ.

O ഗ്രന്ഥവിതരണ രജിസ്റ്റർ പേരേട് 1 8 0 3 0 0 4 8 0

P പ്രസിദ്ധീകരണ രജിസ്റ്റർ ഒന്നിനു 1 ക.

Q ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസനു 6 ണ.

R ഇൻസ്പെക്ഷൻ ഡയറി 1 കായർ 2 ക. അരകായർ 1 ക.

മററിനങ്ങൾ തയ്യാറാകുന്നു. ആവശ്യക്കാർ ഉടനെ ആർഡറയക്കുക.

ആർ. മാധവപ്പൈ,
ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ, തുറവൂർ.

# വിദ്യാഭ്യാസപരിഷ്കാരം

## കേന്ദ്രഗവമ്മെൻറിൻെറ പരിപാടി

കേന്ദ്രഗവർമ്മെൻറ് പ്ലാനിംഗ് കമ്മിഷൻെറ ശുപാർശയെ ആധാരമാക്കി ഇൻഡ്യ ഒട്ടാകെയുള്ള സാമൂഹ്യവും അടിസ്ഥാനപരവുമായ വിദ്യാഭ്യാസത്തിൻെറ വികസനത്തെ പ്രധാനമായും പരിഗണിച്ച് ഒരു പഞ്ചമുഖപദ്ധതി രൂപവൽക്കരിക്കുകയും അതു് പ്രാദേശികഗവമ്മെൻറുകളുടെ ശ്രദ്ധയ്ക്കും സഹകരണത്തിനുമായി വിതരണം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. അതിൻെറ പ്രവത്തനത്തിനു പ്രാരംഭചെലവുകൾക്കായി 1952-53-ലേക്കു കേന്ദ്രഗവർമ്മെൻറ് ഒരു കോടി രൂപാ നീക്കിവച്ചിരിക്കുന്നു. കൂടുതൽ തുക അർഹിക്കത്തക്ക പുരോഗതി ഈ പദ്ധതിയ്ക്കുണ്ടായാൽ കൂടുതൽ തുക നീക്കിവച്ചേക്കാനിടയുണ്ടു്.

കേന്ദ്രഗവർമ്മെൻറ് വിദ്യാഭ്യാസമന്ത്രിസഭ, വിഭാവനം ചെയ്യുന്ന ഒന്നാമത്തെ പദ്ധതി ഇപ്രകാരമാണു്. ട്രെയിനിംഗ് കാളേജ് അദ്ധ്യാപകന്മാരായി പരിശീലിപ്പിക്കുന്നതിനായി ഓരോ രാജ്യത്തും പ്രായോഗികപരിശീലനത്തിനും പ്രകടനത്തിനും ഒരു സംപൂർണ്ണ അടിസ്ഥാനവിദ്യാലയം സംഘടിപ്പിച്ച ട്രെയിനിംഗ് കാളേജ് ഉണ്ടായിരിക്കുക, പ്രാഥമിക വിദ്യാലയത്തിലേക്കു അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനായി രണ്ടു ജൂണിയർ അടിസ്ഥാന വിദ്യാലയങ്ങൾ സംഘടിപ്പിച്ച ഒരു ട്രെയിനിംഗ് വിദ്യാലയം ഉണ്ടായിരിക്കുക, അഞ്ചു സുസംഘടിതമായ സാമൂഹ്യകേന്ദ്രങ്ങൾ ഉണ്ടാക്കുക, ഗ്രാമീണനേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിനു ഒരു ജനതാകാളേജ് ഉണ്ടാക്കുക, ഒരു ഗ്രന്ഥശാലപ്രസ്ഥാനം തുടങ്ങുക, ഗ്രാമീണനാഗരികസമുദായ ഉന്നമനത്തിനു പ്ലാനിംഗ് കമ്മിഷൻ ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾക്കു വിധേയമായി നൂറു ഗ്രാമങ്ങൾ അടങ്ങിയ ഒരു വിഭാഗത്തിനു ആവശ്യമായ പ്രാഥമിക വിദ്യാലയങ്ങൾക്കു ഗ്രാൻറ് നൽകാൻ വ്യവസ്ഥചെയ്യുക.

### ഉദ്ദേശം

ഈ പദ്ധതിയുടെ സാമാന്യോദ്ദേശം അനുകൂലപരിതസ്ഥിതിഗതികളിൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ ട്രെയിനിംഗ് കാളേജ് അധ്യയനം വരെ അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ പൂർണ്ണമായ ആശയം പ്രവത്തനത്തിൽ കൊണ്ടുവരികഎന്നുള്ളതാണു്. ഓരോ വ്യക്തിക്കും അനുയോജ്യമായ സാങ്കേതിക സാമർത്ഥ്യത്തെ പ്രവത്തനത്തിൽ കൂടി വിപുലമാക്കുന്നതിനും വിശാലമായ ഒരു സാമൂഹ്യവിദ്യാഭ്യാസ പരിപാടി അതിനോടു് ഘടിപ്പിക്കുന്നതിനും പ്രാദേശിക ജനതയുടെ ജീവിതത്തിൽ അവയുടെ പ്രത്യാഘാതം ശരിക്കു മനസ്സിലാക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കപ്പെടുന്നു. ദൃഢമായ വിദ്യാഭ്യാസാടിസ്ഥാനം ഉറപ്പിക്കുന്നതിനും, വേണ്ടിവരുമ്പോൾ ശരിയായമാർഗ്ഗങ്ങളിൽ വികസിക്കുന്നതിനു് പ്രയോജനപ്രദമായ രീതികളും സങ്കേതങ്ങളും ഏർപ്പെടുത്തുന്നതിനും ഇപ്രകാരം സാധ്യമാകുമെന്നു പ്രത്യാശിക്കുന്നു. പ്രാദേശികഗവർമ്മെൻറുകളുമായി ആലോചിച്ചുതീരുമാനിക്കുന്ന ഒരു അടിസ്ഥാനത്തിൽ കേന്ദ്രഗവർമ്മെൻറ് ഈ പ്രസ്ഥാനത്തിൻെറ ചെലവിൽ ഓഹരിവഹിക്കുന്നതാണു്.

രണ്ടാമത്തെ പദ്ധതി തെരഞ്ഞെടുക്കപ്പെടുന്ന സെക്കണ്ടറി വിദ്യാലയങ്ങളിൽ വിദ്യാ

ഭ്യാസത്തിന്റെ ഉന്നമനത്തിനും, അധ്യയന ഗവേഷണങ്ങൾക്കായി ട്രയിനിംഗ് സ്കൂളുകളിൽ ഗ്രാൻറുകൊടുക്കുന്നതിനും ഉള്ളതാണ്. നിലവിലുള്ള വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്നതിനു യോഗ്യതയേയും നിർദ്ധനതയേയും പരിഗണിച്ച് വേതനങ്ങൾ നൽകുക എന്നതും പദ്ധതി ഉൾക്കൊള്ളുന്നു. സെക്കൻററി വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കുന്നതിനു ദീർഘകാലപദ്ധതി ആസൂത്രണം ചെയ്യുന്നതിനു ഒരു സെക്കൻററി എഡ്യൂക്കേഷൻകമ്മീഷൻ നിയമിക്കുന്നതിനും ഇൻഡ്യാഗവർമ്മെൻറ് ചിന്തിക്കുകയാണ്. ഈ പദ്ധതിപ്രകാരം 1952-53-ലേക്കു ഗ്രാൻറിനത്തിൽ മൂന്നുലക്ഷംരൂപാ നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നു.

## പ്രായപൂർത്തിവന്നവർക്ക് പുസ്തകങ്ങൾ

1952-53-ലേക്കു ഏഴുലക്ഷം രൂപാ നീക്കിവച്ചിരിക്കുന്ന മൂന്നാമത്തെ പദ്ധതി കുട്ടികൾക്കും പ്രായപൂർത്തിവന്നവർക്കും അടിസ്ഥാനപരവും സാമൂഹ്യവുമായ വിദ്യാഭ്യാസത്തിനു അനുയോജ്യമായ ഗ്രന്ഥങ്ങൾ നിർമ്മിക്കുക, ഹിന്ദിഭാഷ വിശേഷിച്ച് അതു മാതൃഭാഷഅല്ലാത്ത ദേശങ്ങളിൽ പ്രചരിപ്പിക്കുക എന്നിവയാണ്. കൂടാതെ അടിസ്ഥാനപരവും സാമൂഹ്യവുമായ വിദ്യാഭ്യാസത്തിന്റെ വികസനത്തിനു ആവശ്യമായ ശ്രാവണദാർശനിക സഹായങ്ങൾ (audio-visual) ഉണ്ടാക്കുന്നതിനു പല പ്രാദേശിക രാജ്യങ്ങളിലും നിന്ന് വിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കുന്നതിന് ഒരു പൈലററ് പ്രാജക്ററ് (മുന്നോടി പദ്ധതി) ഉണ്ടാക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസപരമായോ സാംസ്കാരികമായോ, പരിശീലനങ്ങളോ പ്രവർത്തനങ്ങളോ, നടത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാൻറുകൊടുക്കുന്നതിനും, ലൈബ്രറി പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കു സഹായം നൽകുന്നതിനും, പ്രത്യേക വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് സാമൂഹ്യകേന്ദ്രങ്ങളാക്കുന്നതിനും, യൂത്ത് വെൽഫയർ കേന്ദ്രങ്ങൾ ഉദ്ധരിക്കുന്നതിനും അന്തർദ്ദേശീയധാരണയുളവാക്കുന്നതിനും മററുമുള്ള പരിപാടികളാണു നാലാമത്തെ വിഭാഗത്തിൽപ്പെട്ടതു്. ഇതിലേക്കു 50 ലക്ഷംരൂപാ നീക്കിവച്ചിട്ടുണ്ട്. ദുർഗ്ഗുണപരിഹാരവിദ്യാഭ്യാസകേന്ദ്രങ്ങൾക്കായി ഒരു ലക്ഷം രൂപാ 1952-53-ലേക്കു നീക്കിവച്ചിട്ടുള്ളതാണ് അഞ്ചാമത്തേതു്.

ഈ പദ്ധതികളെപ്പററി നിർദ്ദേശങ്ങൾ തരുന്ന പ്രാദേശിക ഗവർമ്മെൻറുകളോടു ഈ വിഷയത്തിൽ ഒരു അഭ്യർത്ഥനയുണ്ടു്. ഇതിന്റെ ആവശ്യത്തിലേക്കു ഉപയോഗശൂന്യങ്ങളായി കിടപ്പുള്ള കൊട്ടാരങ്ങളോ പട്ടാളങ്ങളെ പാർപ്പിച്ചിരുന്ന സ്ഥാനങ്ങളോ ഉപയോഗിച്ച് ഈ വിഷയത്തിൽ ചെലവ് വളരെ ചുരുക്കണമെന്നാണ് കേന്ദ്രം സൂചന നൽകുന്നതു്. ഏതിനും മാർച്ച് 15, 16 ഈ തീയതികളിൽ ഡൽഹിയിൽ സമ്മേളിക്കുന്ന വിദ്യാഭ്യാസ ഉപദേശകസമിതിയുടെ സമ്മേളനത്തിൽ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിനു സൗകര്യപ്പെടുത്തി മാർച്ച് 1-ാം തീയതിക്കു മുൻപു ഈ വിഷയത്തിലുള്ള നിരൂപണങ്ങളും നിർദ്ദേശങ്ങളും കേന്ദ്രത്തെ അറിയിക്കണമെന്നു പ്രാദേശിക ഗവൺമെൻറുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

# ഗ്രന്ഥശാലകൾ—മറെറാരു വീക്ഷണത്തിൽക്കൂടി

പി. എൻ. പണിക്കർ

തിരുവിതാംകൂർ കൊച്ചിയിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ സംഘടിതമായ പ്രവൎത്തനത്തിനു അനുയോജ്യമായ പ്രോത്സാഹനം വേണ്ടതു ഗവർമ്മെൻറിൽനിന്നും ലഭിക്കുന്നില്ലെന്നുള്ള പല്ലവി എത്ര ഉരുവിട്ടാലും അധികമാകുന്നതല്ല. ജനകീയഭരണം വിജയിക്കണമെങ്കിൽ—അതിനു പൗരബോധം ആവശ്യമാണെങ്കിൽ—ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ പ്രവൎത്തനത്തിൽ ഏതൊരു രാജ്യസ്നേഹിയും സന്തോഷിക്കതന്നെ ചെയ്യും.

ഓരോ വായനശാലയും ശരിയായി നടത്തുന്നതിനു കുറഞ്ഞപക്ഷം ഒന്നു രണ്ടു പ്രവൎത്തകന്മാരുടെ ഫുൾടൈം ജോലി തന്നെ വേണ്ടിയിരിക്കുന്നു. പബ്ളിക്കിൽനിന്നും പണം പിരിക്കുക, ശരിയായ കണക്കുകൾ വയ്ക്കുക, പൊതുജനങ്ങളെ പാരായണകുതുകികളാക്കുക, പുസ്തകവിതരണം നടത്തുക മുതലായി മുഴുവൻ സമയവും ജോലി ചെയ്യേണ്ട രണ്ടോ മൂന്നോ പ്രവർത്തകരുടെ ഇടവിടാതെയുള്ള സേവനംകൊണ്ടുമാത്രമേ ഓരോ വായനശാലയ്ക്കും പുരോഗമിക്കുവാൻ സാധിക്കുകയുള്ളു. ഇപ്രകാരം പ്രവൎത്തിക്കുന്നവൎക്കു ശമ്പളമോ, അലവൻസോ, മററു യാതൊരു വിധമായ പ്രതിഫലമോ ലഭിക്കുന്നില്ലെന്നുള്ളതും ഏവൎക്കും അറിയാവുന്ന ഒരു പരമാൎത്ഥംമാത്രമാണു്. അങ്ങിനെ പ്രതിഫലേച്ഛപോലും ഇല്ലാതെ ദേശനന്മക്കുവേണ്ടി പ്രവൎത്തിക്കുന്നതിനുള്ള സേവനമനസ്ഥിതി ഈ മണ്ഡലത്തിൽക്കൂടെ പൊതുജനങ്ങൾക്കു് ഉണ്ടാകുവാൻ സാധിക്കുന്നുണ്ടു്.

ഈ രാജ്യത്തിൽ ജാതിയുടേയോ മതത്തിൻേറയോ അടിസ്ഥാനത്തിൽ സ്വപ്നം കാണാത്തതും കക്ഷേകക്ഷിഭേദ വ്യത്യാസമില്ലാത്തതും, എല്ലാപാർട്ടികളിലെ ആളുകൾ ഉൾക്കൊള്ളുന്നതുമായ സംഘടനഗ്രാമങ്ങളെ സംസ്കാരസമ്പന്നമാക്കുന്ന—ഗ്രന്ഥശാലകൾ മാത്രമാണു്. വിഭിന്നപാർട്ടിയിൽ ഉള്ളവൎക്കു ചില പൊതുതാൽപ്പര്യത്തിൻെറ പേരിൽ ഐക്യമായി പെരുമാറാൻ കഴിയുമെന്നുള്ള പൗരബോധത്തിൻെറ ബാലപാഠം പഠിപ്പിക്കുന്ന വയോജനവിദ്യാലയവും ഗ്രന്ഥശാല തന്നെയാണു്. ഇങ്ങനെയുള്ള ഈ പ്രസ്ഥാനത്തെ പൊതുജനങ്ങൾ മുന്നിട്ടിറങ്ങി പ്രവൎത്തനക്ഷമമാക്കുമ്പോൾ അവർക്കു് സർവ്വ പിൻതുണയും നൽകേണ്ടതു ഒരു ജനകീയ ഗവർമ്മെൻറിൻെറ പരിപാവനമായ കൎത്തവ്യം മാത്രമാണു്. നാലുകൊല്ലം മുൻപു് തിരുവിതാംകൂർ വിഭാഗത്തേയ്ക്കു മാത്രം ഒരുലക്ഷംരൂപാ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുവേണ്ടി ബഡ്ജററുചെയ്ത ഗവർമ്മെൻറു് ഇന്നും കൊച്ചിവിഭാഗംകൂടി ഉൾപ്പെട്ട ഈ തിരു-കൊച്ചി സംസ്ഥാനത്തേയ്ക്കു വെറും ഒരുലക്ഷംരൂപാമാത്രം നീക്കിവച്ചിരിക്കുന്നതു് ഓൎക്കുമ്പോൾ പ്രവൎത്തകരെ നിരാശരാക്കുന്നതിൽ അൽഭുതപ്പെടാനില്ല. ഉദ്ദേശം മുന്നൂറോളം വായനശാലകൾ ഉണ്ടായിരുന്ന ഘട്ടത്തിലാണു ഗവർമ്മെൻറു് ഒരുലക്ഷംരൂപാ നീക്കിവച്ചിരുന്നതു്. ആയിരത്തഞ്ഞൂറോളം വായനശാലകളാണു് പ്രോൽസാഹനത്തിനുള്ള അർഹതയോടുകൂടി ഇന്നു പുരോഗമിക്കുന്നതു്.

ഒരു വില്ലേജിൽ ഒരു നല്ല ഗ്രന്ഥശാലയും താലൂക്കിൽ ഒരു സെൻട്രൽ ലൈബ്രറിയും കരംതോറും ഓരോ വായനശാലയും ഉണ്ടായിരിക്കണമെന്നുള്ള പ്ലാൻ അനുസരിച്ച് ഒരു പഞ്ചവൽസര പദ്ധതിപ്രകാരം പ്രവൎത്തനം ആസൂത്രണം ചെയ്തുവരികയാണ്. ഒരു വായനശാലയ്ക്കു നൽകുന്ന മിനിമം ഗ്രാൻറ 75 രൂപാമാത്രമാണ്. കൊച്ചീ ഗവർമ്മെൻറ അവിടുള്ള ഒരു വായനശാലയ്ക്കു മിനിമംകൊടുത്തിരുന്ന ഗ്രാൻറാണു ഈ 75 രൂപാ. പണമില്ലാത്തതിനാൽ കഴിഞ്ഞകൊല്ലം മിനിമംഗ്രാൻറ 60 രൂപയായി കുറയ്ക്കുകയാണു ചെയ്തതു്. ഇക്കൊല്ലം അതിലും കുറയുക തന്നെ ചെയ്യും. ഈ ഗ്രാൻറുതുകയ്ക്കു് 75 ശതമാനം പുസ്തകം വാങ്ങിയാൽ മതിയെന്നു നിർദ്ദേശമുണ്ടെങ്കിലും ഗ്രന്ഥശാലാകുതുകികളായ പ്രവൎത്തകന്മാർ കൊടുക്കുന്ന മുഴുവൻഗ്രാൻറുതുകയും അതിലിരട്ടിതുകയും പുതിയ പുസ്തകങ്ങൾവാങ്ങി ഗ്രന്ഥശാലകളെ പരിപോഷിപ്പിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെ ഗവർമ്മെൻറിൽനിന്നും കിട്ടുന്ന ഗ്രാൻറുതുകയിൽ ഒരു പൈപോലും ദുർവിനിയോഗംചെയ്യാതെ യഥാർത്ഥമൂലധനചെലവിലേക്കുമാത്രം ചെലവാക്കി വരുന്നതു് ഗ്രാൻറുവാങ്ങിവരുന്ന പ്രസ്ഥാനത്തിനു ഒരു മാതൃക തന്നെയാണെന്നു ഞങ്ങൾക്കു അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഒരു ഗ്രന്ഥശാല ശരിയായി നടത്തുന്നതിനു പുസ്തകങ്ങൾപോലെതന്നെ, പത്രമാസികകൾ വരുത്തുക, പുസ്തകങ്ങൾ ബയൻറ ചെയ്യിക്കുക, ഒരു പ്യൂണിനുള്ള അലവൻസെങ്കിലും കൊടുക്കുക, ഉപകരണങ്ങൾ ഉണ്ടാക്കുക, റിക്കാർഡുകൾ സജ്ജമാക്കുക മുതലായി എത്രയെത്ര ആവശ്യങ്ങൾക്കു കുറഞ്ഞതു് മിനിമം യോഗ്യതയുള്ള ഒരു ഗ്രന്ഥശാല മാസം 25 രൂപാ ചെലവു ചെയ്യുമ്പോൾ ഗവർമ്മെൻറ നൽകുന്ന സഹായധനം എത്രയോ തുച്ഛമാണെന്നു ബോധ്യമാകുന്നതാണു്. ഇതിനും പുറമേ ഗ്രന്ഥശാലയ്ക്കു ആവശ്യമായ സ്ഥലം വാങ്ങി മന്ദിരങ്ങൾ കെട്ടുന്നതിനും മററും പ്രവൎത്തകർ വളരെയേറെ ത്യാഗങ്ങൾ സഹിച്ചുവരുന്നുണ്ടു്. ഈ വക പ്രവൎത്തനങ്ങൾ ഗവർമ്മെൻറ നേരിട്ടു ഏറെറടുത്തു നടത്തുകയാണെങ്കിൽ ഗവർമ്മെൻറിനു എത്രമാത്രം ധനവ്യയം ഉണ്ടാകുമെന്നു് മനസ്സിലാകുന്നതാണു്. ഗ്രന്ഥശാലകൾക്കു പ്രോത്സാഹനം നൽകുന്ന വിഷയത്തിൽ അമേരിക്ക മുതലായ പരിഷ്കൃതരാജ്യങ്ങളുമായി ഞങ്ങൾ താരതമ്യം ചെയ്യാൻ തുനിയുന്നില്ല. രണ്ടുകൊല്ലംമുമ്പു് കൊച്ചിയിൽ ചെയ്ത സഹായം മാത്രമേ ഞങ്ങൾ ചിന്തിക്കുന്നുള്ളു. കൊച്ചീവിഭാഗത്തിൽ ഗ്രാൻറിനു പുറമെ അലമാറി മുതലായ ഉപകരണങ്ങളും റിക്കാർഡുകളും കെട്ടിടത്തിനു ആവശ്യമായ തടിയും ഗവർമ്മെൻറു് യഥാവസരം നൽകി വന്നിരുന്നു.

കൂടാതെ വായനശാലകളുടെ ആവശ്യത്തിനു കെട്ടിടംവയ്ക്കുന്നതിനു പുറമ്പോക്കുസ്ഥലത്തിനു അപേക്ഷിച്ചാൽ അതിനു മുൻഗണനനൽകി കാലതാമസം വരുത്താതെ അനുവദിക്കുന്നതിനുപോലും നിർദ്ദേശമുണ്ടായിരുന്നുവെന്നു അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇന്നു പൊതുജനങ്ങൾ ഉൽസാഹപൂർവ്വം മുന്നിട്ടുനിൽക്കുന്നതുകൊണ്ടാണോ ഈ വക സഹായങ്ങൾ ഒരു ജനകീയഗവർമ്മെൻറ തുടരാത്തതെന്നു് ഞങ്ങൾ ഖേദപൂർവ്വം ചോദിച്ചുകൊള്ളട്ടെ.

ഗവർമ്മെൻറിന്റെ ചുമതലയിൽ അപ്ലിഫ്ററ് / ഡിപ്പാർട്ടുമെൻറ് മുഖേനയും പ്രൈമറിസ്കൂളിനോടനുബന്ധിച്ചും ഏതാനും ലൈബ്രറികൾ നടത്തിവന്നിരുന്നതിനുള്ള ചെലവു് ഗവർമ്മെൻറിനു

അറിയാവുന്നതാണ്. അങ്ങിനെ ഗവമ്മെൻറു നേരിട്ടുനടത്തിവന്നിരുന്ന വായനശാലകളെക്കാൾ എത്രയോ അഭിവൃദ്ധിയും പൊതുജനസഹകരണവുമാണു ഇന്നു ഗ്രന്ഥശാലകൾക്കുള്ളതെന്നു നമ്മുടെ ജനകീയ ഗവമ്മെൻറിനു അഭിമാനിക്കാൻകഴിയുന്ന ഒരു പരമാർത്ഥമല്ലയോ? ഇന്നു ഒരു വായനശാലയ്ക്കുവേണ്ടി രണ്ടു സെൻറു പുറമ്പോക്കുസ്ഥലത്തിനു അപേക്ഷിച്ചാൽ അതിന് എത്രയോ സമയം കാത്തിരുന്നാലും, വളരെയേറെ ത്യാഗങ്ങൾസഹിച്ചാലും ഭൂരിഭാഗവും നിരാശാജനകമായ മറുപടികളാണു ലഭിച്ചുകൊണ്ടിരിക്കുന്നതു്. എഡ്യൂക്കേഷൻകോഡിൽ ബിൽഡിംഗ്ഗ്രാൻറിനു വ്യവസ്ഥയുണ്ടെങ്കിലും ബിൽഡിംഗ്ഗ്രാൻറുതരാൻ നിർവ്വാഹമില്ലെന്നുള്ള നിർദ്ദാക്ഷിണ്യമായ മറുപടിയാണു തുടരെത്തുടരെ ലഭിച്ചുകൊണ്ടിരിക്കുന്നതു്. ഒരു വ്യക്തിയും ഒരു സംഘടനയുംകൂടി പുറമ്പോക്കുസ്ഥലത്തിനു അപേക്ഷിച്ചാൽ ഒരു പൊതുകെട്ടിടംകെട്ടുന്നതിനുള്ള രണ്ടുസെൻറുസ്ഥലമെങ്കിലും എത്രയും നിശ്ചിതമായ വ്യവസ്ഥയോടുകൂടിയും പൊതുജനസ്ഥാപനത്തിനു നൽകിയിട്ട് ബാക്കിസ്ഥലം മുഴുവൻ ആ വ്യക്തിക്കുകൊടുത്താലും ഞങ്ങൾക്കു നിരാശയില്ലായിരുന്നു. വായനശാലക്കാർ അപേക്ഷിക്കുന്ന രണ്ടു സെൻറു സ്ഥലത്തിനു സമീപമുള്ള സ്ഥലത്തെപ്പറ്റി ഒരു വ്യക്തി സ്വപ്നം കാണാതിരിക്കുകയും ഇതിലേക്കു ശുപാർശചെയ്യേണ്ട എതെങ്കിലും ഒരു ഉദ്യോഗസ്ഥനു അപ്രിയമില്ലാത്തെയുള്ള ആളുകൾ ആ സ്ഥലത്തുണ്ടാകുകയും ചെയ്താൽ, വളരെവളരെക്കാലത്തെ പരിശ്രമത്തിൻെറ ഫലമായി ചിലപ്പോൾ രണ്ടുസെൻറുസ്ഥലം കിട്ടിയെന്നും വരാം. ഇതിലൊക്കെ ലജ്ജാവഹമായി ഞങ്ങൾക്കു പറയുവാനുള്ളതു്, ഈ അടുത്തകാലത്തു് ഇന്നത്തെ ഭരണകൂടത്തിനു സാരഥ്യം വഹിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്ന ചില പ്രമുഖവ്യക്തികൾ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു പ്രോത്സാഹനം നൽകാൻപാടില്ലെന്നു നിസ്സങ്കോചം പൊതുരംഗത്തിൽവച്ച് വാദപ്രതിവാദം നടത്തി എന്നുള്ളതാണ്. ഇതു് ഏററവും നിർഭാഗ്യകരമായിപ്പോയി. അവരുടെ വാദങ്ങൾ വായനശാലകൾ കമ്മ്യൂണിസ്ററ് ആദർശത്തിൽപോകുകയാണെന്നാണ്. അവരിൽ ചിലരുടെ നിയമസഭാസ്ഥാനലബ്ധിയിൽ വായനശാലകൾ സഹായിച്ചില്ലത്രെ. ചിലരുടെ തോൽവിക്കുകാരണം വായനശാലകൾ ആണുപോലും. ഇതിൽ ഞങ്ങൾക്കു അനുകമ്പയാണുള്ളതു്. ഗ്രാൻറുവാങ്ങുന്ന വായനശാലകൾ ഇന്നഇന്ന പാർട്ടിക്കു അനുകൂലമായി വക്കുചെയ്യണമെന്നു ഒരുഗവമ്മെൻറുശാസനമുണ്ടായാൽ അതനുസരിച്ചില്ലെങ്കിൽ വായനശാലകളെ പഴിക്കുന്നതു് പക്ഷെ ശരിയായേക്കാം. കോൺഗ്രസ് പ്രവത്തകരിൽ ചിലർ അവക്കു വായനശാലകൾ അനുകൂലം ചെയ്തില്ലെന്നു ശകാരിക്കുന്നു. സോഷ്യലിസ്ററുകാരിലും, കമ്മ്യൂണിസ്ററുകാരിലും ചിലർ കാൺഗ്രസിൻെറ പ്രചരണായുധങ്ങളാണ് വായനശാലകളെന്നു മുദ്രയടിക്കുന്നു. ഇങ്ങിനെ ഏതൊരുപാർട്ടിയ്ക്കുംവിധേയമല്ലാത്തവിധം കേവലം നിഷ്പക്ഷതയോടുകൂടി തനി സാംസ്കാരികമായ രംഗത്തിൽ നിലകൊള്ളുന്നതുതന്നെയാണു വായനശാലകൾക്കുള്ള മേന്മയായി ഞങ്ങൾ ഗണിക്കുന്നതു്. ഗ്രന്ഥശാലകൾക്കു ഒരുലക്ഷംരൂപാ ഗ്രാൻറുകൊടുക്കുന്നതു് ഇല്ലാതാക്കിയാൽ ഇവിടെ കമ്മ്യൂണിസം നശിപ്പിക്കാൻകഴിയുമെന്നു ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അങ്ങനെയുള്ളവരുടെ ബാലിശമായ അഭിപ്രായത്തെപ്പററി ഞങ്ങൾക്കു സഹതാപമേയുള്ളൂ.

ഗവർമ്മെൻറിൻെറ ചുമതലയിൽ നടത്തുന്ന തിരുവനന്തപുരം പബ്ളിക് ലൈബ്രറിപോലുള്ള സ്ഥാപനങ്ങളിൽ വാങ്ങുന്ന പുസ്തകങ്ങൾതന്നെയാണ് ഗ്രാൻറു നൽകുന്ന വായനശാലകളിലും വാങ്ങിവെയ്ക്കുന്നതു്. ഗവർമ്മെൻറു നിരോധിച്ച ഒരു പുസ്തകംപോലും വായനശാലകളിൽ വാങ്ങുന്നില്ല. ഇങ്ങനെയുള്ള യാഥാർത്ഥ്യം ഇരിക്കെ—അങ്ങാടിയിൽതോററതിനു അമ്മയോടു് —എന്നപോലെ യാതൊരുവിധമായ ഒരു വിപ്ലവമനസ്ഥിതിയും കാട്ടാതെ രാഷ്ട്രസൃഷ്ടിപരമായ സാംസ്കാരിക പ്രവർത്തനങ്ങളിൽ എളിയ കഴിവുകൾ ഉപയോഗിക്കുന്നവരോടു് എന്തുമാകാം എന്നുള്ളമനസ്ഥിതി അല്ലെങ്കിൽപിന്നെ ഇമ്മാതിരി ധാർഷ്ട്യത്തിനു പൊതുജനങ്ങൾതന്നെ സമാധാനം പറഞ്ഞുകൊള്ളട്ടെ.


## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| എം. ആർ. കെ. സി. ചെറുകഥകൾ (ഒന്നാംഭാഗം) സി. കുഞ്ഞിരാമമേനോൻ | 2 | 0 | 0 |
| കർമ്മഗതി (ടി. കെ. രാമൻമേനോൻ) | 2 | 0 | 0 |
| സഞ്ജയപൂജ. (എം. കൊച്ചുണ്ണിമേനോൻ B. A.) | 1 | 12 | 0 |
| വേശ്യ. (വി. പി. ജോസഫ്) | 1 | 8 | 0 |
| അഗതികൾ ,, | 1 | 0 | 0 |
| ധർമ്മഭടൻ ,, | 0 | 8 | 0 |
| പ്രതിജ്ഞ (ബി. ജി. കുറുപ്പ്) | 2 | 4 | 0 |
| കർമ്മഫലം ,, | 1 | 8 | 0 |
| പത്മജാദേവി ,, | 1 | 8 | 0 |
| ചിത്രശലഭം ,, | 1 | 8 | 0 |
| കാമധേനു ,, | 1 | 4 | 0 |
| ജ്യോതിഷമാർഗ്ഗദീപിക (വി. കരുണാകരമേനോൻ) | 1 | 8 | 0 |
| കലാസമ്പത്തു് (സി. എ. കുഞ്ഞുണ്ണിരാജ, B. A., B. L) | 1 | 4 | 0 |
| കൊച്ചുകള്ളി (ശങ്കരൻ കരിപ്പായി) | 1 | 0 | 0 |
| കപടലോകത്തിൽ (ജെ. ഹെൻടി B. A.) | 1 | 0 | 0 |
| പ്രേമത്തിൻെറ പൊൻനിറം (കെ. കെ. കുഞ്ഞുണ്ണിമേനോൻ B. A.) | 0 | 12 | 0 |
| ബി. എ. ക്കാരി (പി. കെ. പരമേശ്വരൻനായർ) | 0 | 12 | 0 |
| കൂലിബാക്കി (കെ. ജെ. മററത്തോളി) | 0 | 12 | 0 |
| അകായിലേയ്ക്കു് (സി. ദാമോദരമേനോൻ) | 0 | 12 | 0 |
| പൂനിലാവു് (പി. കുഞ്ഞിരാമൻനായർ) | 0 | 8 | 0 |
| പൂമാല (വി. കമലാകരമേനോൻ) | 0 | 8 | 0 |
| പൂരം കാണാൻ (ഭരതൻ എരനെല്ലൂർ) | 0 | 6 | 0 |

വിശ്വഭാരതി പ്രസ്സ് & ബുക്കു് ഡിപ്പോ,
തൃശ്ശിവപേരൂർ

*Telegrams:* **"NEATPRINT"** *Trichur.*

ഗ്രന്ഥനിരിക്ഷണം

# നിരീക്ഷണം

ശ്രീ. കുററിപ്പുഴ കൃഷ്ണപിള്ള ഇന്നു് ഒരു ഭൌതികവാദിയാണു്. ഒരു കാലത്തു് അദ്ദേഹം ഈശ്വരഭക്തിയിലും വേദാന്തത്തിലും മുഴുകി അങ്ങിനെ കഴിഞ്ഞുകൂടിയ ഒരു ഗീതാഭക്തനായിരുന്നു. അന്നദ്ദേഹത്തിന്റെ ആദശ്പുരുഷൻ സ്വാമി വിവേകാനന്ദനും ദിവ്യസൂക്തങ്ങളും വിവേകാനന്ദവാക്യങ്ങളുമായിരുന്നു. അദ്വൈതത്തിനപ്പുറം ഒരു സിദ്ധാന്തവുമില്ലെന്നു് അക്കാലത്തദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. പിന്നീടദ്ദേഹം എച്ചു്. ജി. വെൽസിൻെറ ഒരാരാധകനായിത്തീരുകയും വെൽസിനെപ്പോലെ ശാസ്ത്രീയമായ മനോഭാവത്തോടുകൂടി ലോകത്തെ വീക്ഷിക്കുവാൻ തുടങ്ങുകയും ചെയ്തു. അതിനുശേഷം ബർട്രൻഡ്റസ്സലിൻെറ ഗ്രന്ഥങ്ങളദ്ദേഹത്തെ ആകർഷിക്കുവാൻ തുടങ്ങിയതോടുകൂടി ഒരു യുക്തിവാദിയായിത്തീർന്നു. ഇപ്പോഴാകട്ടെ മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരെക്കാൾ വിജ്ഞാനമാർഗ്ഗങ്ങളിൽ വെളിച്ചം വീശിയിട്ടുള്ള മറെറാരാളേയും അദ്ദേഹം കാണുന്നില്ല. മാർക്സിസം വിജ്ഞാനശ്രേണിയുടെ പരമോന്നതപടിയാണെന്നു് അദ്ദേഹത്തിനു പറയാൻ അല്പം മടിയുണ്ടെങ്കിലും ലോകത്തിലുണ്ടായിട്ടുള്ള വിശ്രുതരായ എല്ലാ ചിന്തകന്മാരും മാർക്സിൽനിന്നു് ഒരു പടി താഴെയാണു നില്ക്കുന്നതെന്നദ്ദേഹം ദൃഢമായി വിശ്വസിക്കുന്നു. മഹാത്മാഗാന്ധിയേയും പണ്ഡിററു് നെഹ്റുവിനേയും പണ്ടെന്നപോലെ അദ്ദേഹം വിലമതിക്കുന്നില്ല. ഇങ്ങിനെ ആദ്ധ്യാത്മികത്വത്തിൽ നിന്നു് ശാസ്ത്രീയത്തിലേയ്ക്കും അവിടെനിന്നു യുക്തിവാദത്തിലേയ്ക്കും അവസാനമായി മാർക്സിൻെറ ഭൌതിക വാദത്തിലേയ്ക്കും അദ്ദേഹം ക്രമേണ വളൎന്നുകൊണ്ടിരിക്കയാണു്. നാളെ അദ്ദേഹത്തിൻെറ വിശ്വാസപ്രമാണങ്ങളേതായിരിക്കുമെന്നു് ഇപ്പോൾ പ്രവചിക്കുക സാധ്യമല്ല. ഇവയൊന്നും എൻെറ അഭ്യൂഹങ്ങളല്ല. "എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം" എന്ന തലക്കെട്ടിൽ വിമർശനവിഷയമായ ഗ്രന്ഥത്തിൽ അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള ഒരു ലേഖനത്തിലേററുപറയുന്ന സത്യങ്ങളാണു്. മി. കൃഷ്ണപിള്ളയുടെ ഗ്രന്ഥമാസ്വദിക്കുവാൻ അദ്ദേഹത്തിൻെറ മാനസിക പരിവത്തനങ്ങളുടെ ഒരു പശ്ചാത്തലം സഹായകമായതുകൊണ്ടാണു് ഇങ്ങിനെ ഒരു പ്രതിപാദനം ആവശ്യമായിത്തീൎന്നതു്. മി. കൃഷ്ണപിള്ളയുടെ മാനസിക പരിവത്തനങ്ങളെ അടിസ്ഥാനമാക്കിത്തന്നെ ഈ ഗ്രന്ഥം വിമർശിക്കുവാനും ഇതു സഹായിക്കുന്നുണ്ടു്.

ശ്രീ. കൃഷ്ണപിള്ള അപ്പപ്പോഴായി എഴുതിയിട്ടുള്ള പന്ത്രണ്ടു ഉപന്യാസങ്ങളുടെ ഒരു സമാഹാരമാണു് ഈ ഗ്രന്ഥം. ഇവയിൽ ആശയവാദം, മാനസികമായ ദഹനക്കേടു്, അഹിംസ–ഒരു മൂടുപടം, റീയലിസം എന്നീ ആദ്യത്തെ നാലു ലേഖനങ്ങളിൽ ഒരു ഭൌതികവാദിയായ മി. കൃഷ്ണപിള്ളയെ വായനക്കാൎക്കു് തെളിഞ്ഞുകാണാം. തൂലികാചിത്രങ്ങൾ, കുമാരനാശാൻെറ സ്വാഗതപഞ്ചകം ചിന്താവിഷ്ടയായ സീതയുടെ സംസ്കൃത തർജ്ജിമ എന്നിങ്ങനെ പിന്നീടുള്ള മൂന്നു ലേഖനങ്ങൾ സഹൃദയനായ ഒരു സാഹിത്യ വിമർശകൻെറ തൂലികത്തുമ്പിൽനിന്നു ജന്മമെടുത്തവയാണു്. "എന്നെ ഏററവും ആകഷിച്ച ഗ്രന്ഥം" എന്ന എട്ടാമത്തെ ലേഖനം മി. കൃഷ്ണപിള്ളയുടെ മാനസിക

വളച്ചുയേക്കറിക്കുന്ന സംക്ഷിപ്തമായ ഒരു ആത്മകഥാകഥനമാണ്. ദ്വേവതാഭീതി, അലക്സാണ്ഡർസ്സൂന്ദനായതു് എന്നീ ഒൻപതും പത്തും ലേഖനങ്ങളിൽ ഗ്രന്ഥകാരൻ അദ്ദേഹത്തിൻെറ ഗവേഷണബുദ്ധി അല്പമൊന്നു തുറന്നുകാണിക്കുന്നു. പതിനൊന്നും പന്ത്രണ്ടും ലേഖനങ്ങൾ മി. കൃഷ്ണപിള്ളയ്ക്കു് നേരിട്ടു പരിചയമുള്ള ശ്രീ. ഏ. ബാലകൃഷ്ണപിള്ള, നാലപ്പാട്ടു് എന്നിവരെപ്പററിയുള്ള ആസ്വാദനങ്ങളാണ്. ഗ്രന്ഥത്തിൽ പന്ത്രണ്ടു ലേഖനങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും വിഷയവിവരങ്ങളിൽ പതിനൊന്നെണ്ണം മാത്രമാണ് അക്കമിട്ടുചേർത്തിട്ടുള്ളതെന്നുകൂടി പറയേണ്ടതായിട്ടുണ്ടു്.

ഒന്നാമതായി ഗ്രന്ഥത്തിലെ ആശയവാദംതന്നെ ഒന്നു പരിശോധിക്കാം. ഒരു കാലത്തു് സ്വാമി വിവേകാനന്ദനെ ആദർശപുരുഷനായിക്കരുതി ഭഗവദ്ഗീത മനഃപാഠമാക്കിയ കൃഷ്ണപിള്ളയ്ക്കു് ഇന്നു് തത്വജ്ഞാനികൾ ഇരുട്ടടഞ്ഞ മുറിയിൽ അവിടെയില്ലാത്ത കറുത്ത പൂച്ചയെ അന്വേഷിച്ചു് തപ്പിനടക്കുന്നവരാണ്. മി. കൃഷ്ണപിള്ള ഇപ്പോൾ ഒരു ശാസ്ത്രവാദിയായി വളർന്നിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകമോർമ്മിക്കണം. കണ്ണുകൾകൊണ്ടുകാണാവുന്നതും കൈകൾകൊണ്ടു സ്പർശിക്കാവുന്നതും യുക്തികൊണ്ടു ധരിക്കാവുന്നതുമായ കാര്യങ്ങൾ മാത്രമേ അദ്ദേഹം വിശ്വസിക്കുന്നുള്ളു. മോട്ടാർകാറും തീവണ്ടിയും ആകാശവിമാനവും മനുഷ്യൻെറ നിത്യജീവിതത്തിൽ ഒഴിച്ചുകൂടവാൻ വഹിയാത്ത ആവശ്യങ്ങളാണ്. എന്നാൽ ആദ്ധ്യാത്മികചിന്തകൾക്കും തത്വശാസ്ത്രാഖ്യാനികൾക്കും മനുഷ്യജീവിതത്തോടു് എന്തു ബന്ധമുണ്ടെന്നാണ് അദ്ദേഹം ചോദിക്കുന്നതു്. ഈ പ്രായോഗികവാദത്തിൻെറ മുൻപിൽ പ്ലേറോ മുതൽ രാധാകൃഷ്ണൻ വരെയുള്ള ആശയവാദികൾ ഉത്തരംമുട്ടി സ്തംഭിച്ചു നിന്നുപോകുകയല്ലാതെ എന്തുചെയ്യും. പോരെങ്കിൽ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള വേർപാടാണ് ബൂർഷ്വാ ഫിലാസഫിയുടെ ഏററവും വെറുപ്പു ജനിപ്പിക്കുന്ന സ്വഭാവമെന്നു് ലെനിൻ പറഞ്ഞിട്ടുമുണ്ടു്. അതിനപ്പുറം വാദിക്കുവാൻ ഏതൊരു ആദ്ധ്യാത്മിക ചിന്തകനാണ് ഇന്നുവരെ ലോകത്തിലുണ്ടായിട്ടുള്ളതു്.

മി. കൃഷ്ണപിള്ളയെപ്പോലുള്ളവർ ലാടം കെട്ടിയ കുതിരയേപ്പോലെ മുന്നോട്ടു പാഞ്ഞുകൊണ്ടിരിക്കുകയാണ്. മുൻപിലുള്ള മാർഗ്ഗമല്ലാതെ മററൊന്നുമവർ കാണുന്നില്ല. കാണുന്നതല്ലാതെ മററൊന്നുമവർ വിശ്വസിക്കുകയുമില്ല. ജീൻസ് എഡിംഗ്ടൻ, സി. വി. രാമൻ ഇവരൊക്കെ എന്തുതന്നെ പറഞ്ഞിരുന്നാലും അവയൊക്കെ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അബദ്ധപ്പഞ്ചാംഗങ്ങളാണ്. കാരണം മററു ശാസ്ത്രജ്ഞന്മാർ അവരെ കളിയാക്കി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നുള്ളതാണ്. മതത്തേയും ആദ്ധ്യാത്മികചിന്തയേയും സയൻസ് പൊളിച്ചുകളഞ്ഞിരിക്കുന്നു എന്ന ഒരു നിഗമനത്തിലാണ് മാർക്സിൻെറ അർദ്ധസത്യങ്ങളും അസത്യങ്ങളും അദ്ദേഹത്തെക്കൊണ്ടുചെന്നെത്തിച്ചിട്ടുള്ളതു് പക്ഷേ മാർക്സിനും ലെനിനുമെന്നുവേണ്ട അവർക്കു മുൻപും പിൻപുമുള്ള ചാർവ്വാകമതസ്ഥന്മാർക്കുകൂടിയും നിഷേധിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതും ശാസ്ത്രജ്ഞന്മാർക്ക് ഇന്നുവരെ എത്തി നോക്കുവാൻപോലും കഴിഞ്ഞിട്ടില്ലാത്തതുമായ അജ്ഞാതവും എന്നാൽ അനുഭവമാത്രവേദ്യവുമായ ചില ലോകരഹസ്യങ്ങൾ ഗ്രന്ഥകാരനെ അലട്ടുന്നില്ല. മി. കൃഷ്ണപിള്ള അദ്ദേഹത്തിൻെറ സിന്താന്തങ്ങളുടെ 'അഥാറിററി' യായി സ്വീകരിക്കുന്ന ഡാക്ടർ റസൽ "പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന

ലോകത്തിന് പുതിയ ആശകൾ" New hopes for a changing world) എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. പ്രകൃതിയുടെ അജ്ഞാതവും അദൃശ്യവും അപ്രമേയവുമായ ശക്തിയുടെ മുൻപിൽ മനുഷ്യൻ എത്ര നിസ്സാരനാണെന്നും, ആ മഹാശക്തിയെ ശാസ്ത്രത്തിന്റെ പേരിൽ അഹംകാരത്തോടും ധാർഷ്ട്യത്തോടും സമീപിക്കുന്നതു് എത്ര വിപൽക്കരമാണെന്നും മനുഷ്യന്റെ ശക്തിയും വിജ്ഞാനവും എത്ര പരിമിതമാണെന്നും അദ്ദേഹം ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. കാലഗതി മി. റസ്സലിനെ പക്വമതിയാക്കിത്തീർത്തിരിക്കുന്നു. പക്ഷേ മി. കൃഷ്ണപിള്ള അദ്ദേഹത്തിന്റെ വാദമുഖങ്ങൾ സ്ഥാപിക്കുവാൻ ഇപ്പോഴും റസ്സലിനെത്തന്നെ ഉദ്ധരിക്കുന്നുണ്ടു്. മി. കൃഷ്ണപിള്ളയെപ്പോലെ ഉദരത്തിന്റെ ഒരു പ്രശ്നമല്ലാതെ മറ്റൊരു പ്രശ്നവും ഇന്നു ലോകത്തിലില്ലെന്നു വിശ്വസിക്കുന്നവർക്ക് മാർക്സിന്റെ അദ്ധ്യാത്മ്യങ്ങൾ അല്പമാശ്വാസംനൾകുമെന്നു സമ്മതിക്കാം. എന്നാൽ മതത്തേയും ആദ്ധ്യാത്മിക ചിന്തകളേയും നിഷേധിക്കുന്നവർക്ക് അവയെ ആവേശത്തോടുകൂടി അനുകൂലിക്കുന്നവർക്കുള്ളതിൽക്കവിഞ്ഞ വാദമുഖങ്ങൾകൊണ്ടു് ആരേയും യാതൊന്നും വിശ്വസിപ്പിക്കുവാനോ മാനസാന്തരപ്പെടുത്തുവാനോ കഴിഞ്ഞിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. ലോകത്തിലുണ്ടായിട്ടുള്ള സകല ചിന്തകന്മാരേയും അവരുടെ ചിന്താഫലങ്ങളേയും കൃഷ്ണപിള്ളയേപ്പോലെ ആവേശഭരിതനായി പുഛിച്ചുതള്ളുവാനും വിജ്ഞാനത്തിന്റെ അവസാനവാക്ക് മാർക്സ് പറഞ്ഞുകഴിഞ്ഞിരിക്കുന്നു എന്നു വിശ്വസിക്കുവാനും സാദ്ധ്യമല്ല. അതു് ഉപരിപ്ലവമായ ചിന്താഗതിയാണു്; ബാലിശമായ വാദമാണു്. ആദ്ധ്യാത്മിക ചിന്തകളെ ഗാഢാശ്ലേഷം ചെയ്യുന്ന മതഭ്രാന്തന്മാരിലും കവിഞ്ഞ ഉന്മാദമാണു് മാർക്സിന്റെയും ലെനിന്റെയും പുറകേ സഞ്ചരിക്കുന്ന ഭൌതികവാദികൾ പ്രദർശിപ്പിക്കുന്നതെന്നു മാത്രം അദ്ദേഹം മനസ്സിലാക്കിയാൽ നന്നു്. കമ്യൂണിസ്റ്റ് സെല്ലുകളിലെ 'തത്തമ്മേ പൂച്ച പൂച്ച' എന്ന വിദ്യാഭ്യാസത്തിലും വിജ്ഞാനസംഭരണത്തിലും കവിഞ്ഞു് അറിയേണ്ടതായി മറ്റൊന്നുമില്ലെന്നു വിശ്വസിക്കുന്നവർക്ക് മി. കൃഷ്ണപിള്ളയുടെ ഉറക്കമരുന്ന് ആശ്വാസപ്രദമായേക്കാം. സ്വന്തം യുക്തിവിചാരത്തിൽ പാകപ്പെടുത്താതെ ഗ്രന്ഥങ്ങളിൽ കാണുന്നതെല്ലാം വലിച്ചുവാരി പച്ചയോടെ ഉള്ളിലേയ്ക്കു് തട്ടിവിടുന്നതു് വിപൽക്കരമാണെന്നു സ്ഥാപിക്കയാണു് മാനസികമായ ദഹനക്കേടു് എന്നലേഖനം കൊണ്ടു് ഗ്രന്ഥകർത്താവു് സാധിച്ചിട്ടുള്ളതു്. "എല്ലാ ജ്ഞാനവും അടങ്ങിയിരിക്കുന്നതു് വിലയിരുത്താനുള്ള പ്രാപ്തിയിലാണു്" എന്നുള്ളഉപദേശം സർവ്വത്ര സ്വീകാര്യമാണു്. എന്നാൽ വിലയിരുത്താനുള്ള പ്രാപ്തിക്കുറവാണു് മി. കൃഷ്ണപിള്ളയുടെ ആദ്യലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്നതെന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ടു്.

അഹിംസ ഒരു മൂടുപടം എന്ന മൂന്നാമത്തെ ലേഖനവും മി. കൃഷ്ണപിള്ളയുടെ അസഹിഷ്ണുതയ്ക്കു് മറ്റൊരുദാഹരണമാണു്. ഹിംസിക്കുവാനുള്ള പ്രേരണയുണ്ടാക്കുന്ന ചുററുപാടുകൾ നിശ്ശേഷം ഇല്ലാതാക്കിയിട്ടു് അഹിംസ ഉപദേശിക്കണമെന്നദ്ദേഹം സമർത്ഥിക്കുന്നു. ഇതു കൊക്കിനെ പിടിക്കുന്ന മാർഗ്ഗമാണു്. ഹിംസിക്കുവാനുള്ള പരിതസ്ഥിതികൾ മാററിയാൽ ആരും അഹിംസ ഉപദേശിക്കേണ്ടതില്ല. വന്യമൃഗങ്ങൾ പോലും ആഹാരത്തിനു വേണ്ടിയാണു് ഹിംസിക്കുന്നതു്. പരിഷ്കൃതമാനസനായ മനുഷ്യൻ കൊല്ലുവാനുള്ള രസംകൊണ്ടല്ല ഭൂരിഭാഗവും കൊലചെയ്യുന്നതു്.

ഹിംസയ്ക്കു പ്രേരണ നല്കുന്ന ചുററുപാടുകളിൽ അഹിംസ പരിശീലിക്കണമെന്നാണു് അഹിംസാവാദികൾ പറയുന്നതു്. മുറിക്കകത്തു് അടിച്ചിരുന്നുകൊണ്ടു് അഹിംസ പരിശീലിക്കുന്നതിൽ യാതൊരു മേന്മയുമില്ല. എത്ര വളരെ അഹിംസാവ്രതമനുഷ്ഠിക്കുന്നവരും ഹിംസ ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടു് അഹിംസയുടെ മാഹാത്മ്യം ഇടിഞ്ഞുപോകുന്നില്ല. അഹിംസ ഒരു ലക്ഷ്യമാണു്: ആ ലക്ഷ്യപ്രാപ്തിയ്ക്കുള്ള ഒരു ശ്രമം എവിടെയുണ്ടായാലും അതു ശ്ലാഘനീയമാണു്. ലക്ഷ്യത്തിലെത്തുവാൻ ആർക്കുംതന്നെ കഴിഞ്ഞില്ലെന്നുവരാം. മഹാത്മഗാന്ധിതന്നെ അദ്ദേഹത്തിൻെറ പരാജയം സമ്മതിച്ചിട്ടുണ്ടു്. ലക്ഷ്യപ്രാപ്തി സുഗമമല്ലാത്തതുകൊണ്ടു് അതിലേയ്ക്കുള്ള ശ്രമമുപേക്ഷിക്കണമെന്നാരെങ്കിലും വാദിക്കയാണെങ്കിൽ അതസംബന്ധമാണെന്നു പറയാതെ ഗത്യന്തരമില്ല.

'റീയലിസ'മാണു് നാലാമത്തെ ലേഖനം. സാഹിത്യത്തിൽ ഓരോ കാലത്തു് ഓരോ പ്രസ്ഥാനങ്ങൾ വളർന്നു തഴച്ചു് വായനക്കാരെ ആനന്ദിപ്പിച്ചിട്ടുണ്ടു്. ക്ലാസിസം, റൊമാൻറിസം, റീയലിസം ഇവയൊക്കെ ഓരോ സാഹിത്യപ്രസ്ഥാനമാണു്. അവയൊക്കെ അതാതു കാലങ്ങളിലുള്ള വായനക്കാരുടെ അഭിരുചിയെ പ്രതിഫലിപ്പിക്ക മാത്രമാണു് ചെയ്യുന്നതു്. ഈ പ്രസ്ഥാനങ്ങളിലൊക്കെ ശാശ്വതമായ ഗ്രന്ഥങ്ങളും ജന്മമെടുത്തിട്ടുണ്ടു്. അതുകൊണ്ടുതന്നെ ഇതിലൊരു പ്രസ്ഥാനം മറെറാന്നിനെക്കാൾ മെച്ചമാണെന്നാരും വാദിക്കയില്ല. ഷേക്സ്പിയരും കാളിദാസനും റിയലിസ്റ്റിക്കു് സാഹിത്യകാരന്മാരല്ലാത്തതുകൊണ്ടു് അവരുടെ കൃതികൾക്കു് വല്ല അപകർഷവും സംഭവിച്ചിട്ടുണ്ടോ? കല ജീവിതചിത്രീകരണമാണു്. ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കുന്നതിനെ ആരും അപലപിച്ചിട്ടില്ല. സമകാലീനമായ ജീവിതത്തെ യഥാർത്ഥമായി ചിത്രീകരിക്കുന്നതാണു് റിയലിസ്റ്റിക്കു് സാഹിത്യം. എന്നാൽ മൂടുപടമിടാതെ ജീവിതം പ്രതിപാദ്യമാക്കുന്നതു് ആക്ഷേപാർഹമല്ലെന്നുള്ള മി. കൃഷ്ണപിള്ളയുടെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുവാൻ സാധ്യമല്ല. ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളും നഗ്നമായി ചിത്രീകരിക്കുന്നതു് റിയലിസമല്ല. റിയലിസം കേവലം യാന്ത്രികമായ ഛായാഗ്രഹണവുമല്ല. ഫോട്ടോ എടുക്കുന്ന ഒരാളെപ്പോലെ ജീവിതത്തിൻെറ വിവിധവശങ്ങൾ നഗ്നമായി അച്ചടിയിലാക്കുന്നതു കലയല്ല. കലാകാരൻെറ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നു് ചുററുപാടുമുള്ള യാഥാർത്ഥ്യങ്ങൾ കലാരൂപത്തിൽ പുറത്തു വരുമ്പോൾ അതു ഛായാഗ്രഹണത്തിൻെറ പ്രതീതിയുണ്ടാക്കുന്നില്ല. ഫോട്ടോഗ്രാഫറെപ്പോലെ എല്ലാ വിശദവിവരങ്ങളും കലാകാരൻ എടുത്തു പ്രദർശിപ്പിക്കയുമില്ല. മൂടിവയ്ക്കേണ്ടവ മൂടിവച്ചും സൂചിപ്പിക്കമാത്രം ചെയ്യേണ്ടതു് ഒരു ചിത്രകാരനെപ്പോലെ നേരിയവരകൾകൊണ്ടുമാത്രം സൂചിപ്പിച്ചും വ്യക്തമായി വർണ്ണിക്കേണ്ടവ വ്യക്തിത്വത്തോടുകൂടി വർണ്ണിച്ചുമാണു് റിയലിസ്റ്റിക്കു് സാഹിത്യകാരൻ കലാനിർമ്മാണം ചെയ്യുന്നതു്. വസ്തുസൌന്ദര്യമല്ല പ്രതിപാദനസൌന്ദര്യമാണു് കലാസൌന്ദര്യമെന്നുള്ള റിയലിസ്റ്റിക്കു് സാഹിത്യകാരൻെറ നവീനാദർശത്തോടു യാതൊരെതിർപ്പും ആർക്കുമുണ്ടായിരിക്കയില്ല. ദാരിദ്ര്യവും, രോഗവും, വ്യഭിചാരവും ഒക്കെ കലാവിഷയങ്ങളാണു്. എന്നാൽ എങ്ങിനെയാണവ സുന്ദരമായി പ്രതിപാദിക്കേണ്ടതെന്നും എത്രമാത്രം പ്രതിപാദിക്കണമെന്നും കലാകാരനാണു് തീർച്ചയാ

ക്കേണ്ടതു്. കലാകാരന്റെ ഭാവനയാകുന്ന മൂശയിലുരുകി അവ പുറത്തു വരുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽക്കൂടി മാത്രമാണു് വായനക്കാർ അവ ദർശിക്കുന്നതു്. സാധാരണക്കാരന്റെ മാംസചക്ഷുസ്സുകൾക്കു ഗോചരമല്ലാത്ത ഒരു ലാവണ്യം ആ പ്രതിപാദ്യവസ്തുവിൽ നാം കണ്ടെത്തുന്നു. അതു മൂടുപടമില്ലാത്ത നഗ്നമായ വിവരണമല്ല, പിന്നെയോ കലാസുഭഗത്വം തുളുമ്പുന്ന ജീവിത ചിത്രീകരണമാണു്. പട്ടിണിയും രോഗവും ജീവിതത്തിലുണ്ടു്. ജീവിതത്തിലവയ്ക്കു് ഏററവും വലിയ സ്ഥാനവുമുണ്ടു്. പക്ഷേ അവ മാത്രമാണു് ഇന്നത്തെ ജീവിതമെന്നും, ജീവിതത്തിന്റെ മറുവശങ്ങൾ ചിത്രീകരിക്കുന്നതു് റിയലിസമല്ലെന്നും ആരെങ്കിലും പറയുകയാണെങ്കിൽ അതിനോടു യോജിക്കുവാൻ സാധ്യമല്ല. അതുപോലെതന്നെ ഡാക്ടർ ശസ്ത്രക്രിയ ചെയ്യുന്നതുപോലെ ജീവിതവ്രണങ്ങളെല്ലാം കീറി മുറിച്ചിടുകയാണു് റിയലിസ്റ്റിക്കു് സാഹിത്യകാരൻ ചെയ്യേണ്ടതെന്നുള്ള മി. കൃഷ്ണപിള്ളയുടെ അഭിപ്രായത്തോടു യോജിക്കുവാൻ നിവൃത്തിയില്ല. അതു കലാകാരന്റെയല്ല ശാസ്ത്രകാരന്റെ ജോലിയാണു്. ജീവിതവ്രണങ്ങൾ മുറിച്ചുകീറി പ്രദർശിപ്പിക്കുന്നതു് സുന്ദരമായ കാഴ്ചയല്ല പിന്നെയോ ബീഭത്സതയാണു്. കലാകാരന്റെ ജോലി അവ മുറിക്കലല്ല പിന്നെയോ സൃഷ്ടിപരമായ സംയോജനമാണു്. ജീവിതത്തിലെ വ്രണങ്ങൾ എത്രമാത്രം തുറന്നു കാണിക്കണമെന്നും എവിടെ തിരസ്കരണികൊണ്ടു് മറച്ചിടണമെന്നും മനസ്സിലാക്കുവാനുള്ള ഔചിത്യബോധമാണു് ഒരു കലാകാരന്റെ വിദഗ്ദ്ധതയുടെ മാനദണ്ഡം.

മി. കൃഷ്ണപിള്ളയുടെ സാഹിത്യവിമർശനങ്ങളടങ്ങിയ അടുത്ത മൂന്നു ലേഖനങ്ങളിലാണു് അനുഗ്രഹീതമായ അദ്ദേഹത്തിന്റെ തൂലികയുടെ ഓജസ്സും ഭംഗിയും വെളിപ്പെടുന്നതു്. സാഹിത്യാസ്വാദനശേഷി അദ്ദേഹത്തിന്റെകൂടെപ്പിറവിയാണു്. തൂലികാചിത്രങ്ങളെപ്പററിയുള്ള സംക്ഷിപ്തലേഖനത്തിൽ ആ സാഹിത്യശാഖയെപ്പററി പറയുവാനുള്ളതു മുഴുവൻ അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ ആശാന്റെ സംസ്കൃതപദ്യങ്ങളുടെ മനോഹാരിത്വം അദ്ദേഹം വിവരിച്ചിട്ടുള്ളതു് ഏതൊരു വിദ്യാർത്ഥിയും വായിച്ചിരിക്കേണ്ടതാണു്. അലക്സാണ്ഡരെ സ്കന്ദനാക്കിയ മി. ഗോപാലപിള്ളയുടെ ഗവേഷണവും മി. കൃഷ്ണപിള്ളയുടെ വ്യാഖ്യാനവും തികച്ചും വിദഗ്ദ്ധവും പാണ്ഡിത്യപ്രചുരവുമാണെങ്കിലും അതു മുഴുവനും അപ്പടി വിഴുങ്ങുവാൻ ആരും തയാറാകുമെന്നു തോന്നുന്നില്ല. മി. ബാലകൃഷ്ണപിള്ളയേയും നാലപ്പാടിനേയുംപററിയുള്ള ഉപന്യാസങ്ങൾ നന്നായിട്ടുണ്ടു്.

ഒരു സംഗതി തീർച്ചയാണു്. മി. കൃഷ്ണപിള്ള ഒരൊന്നാംതരം സാഹിത്യവിമർശകനാണെന്നു തെളിയിക്കുന്ന പല ഭാഗങ്ങളും ഈ ചെറു ഗ്രന്ഥത്തിലുണ്ടു്. എന്നാൽ ശാസ്ത്രീയവും തത്വജ്ഞാനപരവുമായ കാര്യങ്ങളിലേയ്ക്കു കടക്കുമ്പോൾ അദ്ദേഹം കാട്ടുകേറുകയല്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ തൂലിക വിമർശനരംഗങ്ങളിൽ പൂർവ്വാധികം പ്രത്യക്ഷപ്പെടുമെന്നു പ്രതീക്ഷിക്കാം. ഒരു പക്ഷേ ഭൌതികവാദത്തിൽ നിന്നു് അദ്ദേഹം വീണ്ടും ആദ്ധ്യാത്മികലോകത്തിലേയ്ക്കും ഗീതാപാരായണത്തിലേയ്ക്കും തിരിച്ചുപോയേക്കുമെന്നും പ്രത്യാശിക്കാം. കുറഞ്ഞകാലംകൊണ്ടു് അദ്ദേഹത്തിൽ പടിപടിയായുണ്ടായ വിപ്ലവാത്മകമായ മാററങ്ങൾ തുല്യശീഘ്രതയിൽ അദ്ദേഹത്തെ പിന്നോട്ടു തിരിച്ചുവിടുകയില്ലെന്നാർക്കു് എങ്ങിനെ പറയാം.

സി. എൻ.

ഗ്രന്ഥകർത്താ:-കുററിപ്പുഴ കൃഷ്ണപിള്ള
മംഗളോദയം പ്രസ്സ്, തൃശ്ശൂർ
വില രൂ. 1. ണ 4.

# NBS

## ഗ്രന്ഥശാലകൾക്ക്

ആവശ്യമുള്ള എല്ലാ മലയാള പുസ്തകങ്ങളും
ലഭിക്കുന്ന കേരളത്തിലെ ഏകസ്ഥാപനം

## 1952-ലെ
## വലിയ കാററലോഗ്

ഏപ്രിൽ ആദ്യവാരത്തിൽ നിങ്ങൾക്കു ലഭിക്കുന്നതാണ്. 1952 മാർച്ച് 31 വരെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളുടേയും വിവരങ്ങൾ ഇതിൽ കാണാം.

## നാഷനൽ ബുക്ക് സ്റ്റാൾ

പോസ്റ്റ് ബോക്സ് 40 ... കോട്ടയം

(ഉടമസ്ഥന്മാർ: സാഹിത്യപ്രവർത്തകസഹകരണസംഘം ക്ലിപ്തം)

GRAMS: "BOOKS" KOTTAYAM    *Pohne*: 272

# കൽക്കട്ടാ നാഷണൽ ലൈബ്രറി

## ചരിത്രം

1835 ആഗസ്റ്റ് 31-ാം തീയതി കൽക്കട്ടാനഗരത്തിലെ ദീർഘദർശികളായ ഏതാനും പൗരന്മാർ, സുപ്രീംകോടതി ജഡ്ജി ശ്രീ. ജെ. പി. ഗ്രാൻറിൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് കൽക്കട്ടാ പബ്ലിക് ലൈബ്രറി തുടങ്ങുകയും, "24 ഫർഗാനാ" അസിസ്റ്റൻറ് സർജൻ ഡാക്ടർ എഫ്. പി. സ്ട്രോംഗ്ദാരയുടെ വസതിയിൽ ആദ്യമായി അതിനെ സ്ഥാപിക്കുകയും ചെയ്തു. കഴിഞ്ഞ ശതകത്തിൻെറ മദ്ധ്യത്തോടുകൂടി അതു് റൈറേട്ടേഴ്സ് ബിൽഡിംഗിലേക്കും അവിടെനിന്നും സ്ട്രാൻഡ്റോഡിലുള്ള മൈററ് കാഫ് ഹാളിലേക്കുംമാററി സ്ഥാപിക്കപ്പെട്ടു.

ഈ ശതകത്തിൻെറ ആരംഭത്തിൽ ഗവമ്മെൻറ് കൽക്കട്ടായിലുള്ള പല ഡിപ്പാർട്ട്മെൻറു ലൈബ്രറികളിലെ സ്റ്റാക്കുമായി കൂട്ടിചേക്കുന്നതിനായി ഈ ലൈബ്രറികളിലെ സ്റ്റാക്കു് ഏറെറടുത്തു. ഈ ഡിപ്പാർട്ട്മെൻറുലൈബ്രറികൾ ഫോർട്ടുവില്യം ഈസ്ററഇൻഡ്യാ കാളേജിലേയും ലണ്ടൻ ഈസ്റ്റ്ഇൻഡ്യാ ബോർഡിലേയും ലൈബ്രറികളിൽനിന്നും പലേ നിക്ഷേപങ്ങളും നേടിയിരുന്നു.

1904-ൽ ബർഡ്വാൻ ഡിസ്ട്രിക്റ്റിൽപ്പെട്ട ബുഹാറിലെ മൗലവി സെയിദു സദുറിഡീൻ അഹമ്മദു ആംമുസാവി.സമിൻഡാർ അറബിക്, പെർഷ്യൻ ഉർദു ഇനങ്ങളിലേക്കു 1500 അച്ചടിച്ച പുസ്തകങ്ങളും 950 അറബിക് പെർഷ്യൻ കൈഎഴുത്തു ഗ്രന്ഥങ്ങളും ഇതിനു ദാനംചെയ്തു. ദാതാവിൻെറ ജനനസ്ഥലത്തെ അനുസ്മരിപ്പിക്കുന്നതിനായി ഇതിനെ ബുഹാർലൈബ്രറി എന്നു വിളിച്ചുവരുന്നു.

## പേരുമാററം

1948-ൽ ഇംപീരിയൽ ലൈബ്രറിയെ നാഷനൽലൈബ്രറി എന്നു നാമകരണം ചെയ്തു.

## കെട്ടിടം

1840 ഡിസംബർ 26-ാം തീയതി ഫ്റീമേസൻസ് സംഘക്കാർ ശിലാസ്ഥാപനംനടത്തിയ കൽക്കട്ടാമൈററ്കാഫ് ഹാളിൽ 1902 മുതൽ 1923 വരെ ഈ ലൈബ്രറി സ്ഥാപിച്ചിരുന്നു. 1923 അവസാനത്തിൽ ഇതു് മിലിററി സെക്രട്ടറിയേററു ബിൽഡിംഗിലേക്കു മാററപ്പെട്ടു. കഴിഞ്ഞ യുദ്ധത്തിനുശേഷം അലിപ്പൂരിൽ ബംഗാൾ ഗവർണ്ണർമാർ അധിവസിച്ചിരുന്നതും ഒടുവിൽ കൽക്കട്ടാ സന്ദർശിക്കുന്ന വൈസറായി മാക്കായി മാററിസ്ഥാപിച്ചിരുന്നതുമായ ബൽവഡീയർ മന്ദിരങ്ങളിലേക്കു ലൈബ്രറി മാററിസ്ഥാപിച്ചു. വായനശാലാഭാഗം ഇന്നും പൂർവ്വസ്ഥാനമായ മിലിററി ബിൽഡിംഗിൽത്തന്നെ നടക്കുകയാണു്. ആക്സ്ഫോഡിലെ ബാഡ്ലിയൻ ലൈബ്രറിയിലേയും, കാനഡായിൽ ടൊറൻെറാ പബ്ലിക് ലൈബ്രറിയിലേയും രീതി അനുസരിച്ച് റബ്ബർ ചക്രങ്ങളിൽ ഉരുളുന്ന ഷെൽഫുകളിലാണു പുസ്തകങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. സ്ഥലം ഏററവും ചുരുക്കി ഉപയോഗിക്കുന്നതിനും, ശുദ്ധവായു തടവുകൂടാതെ സഞ്ചരിക്കുന്നതിനും ഏററവും ലഘു ശ്രമത്തിൽ പൊടി തുടയ്ക്കുന്നതിനും ഈ രീതി സഹായകമാണു്.

ഭരണം

ഇതിന്റെ സംരക്ഷണം ഇൻഡ്യാഗവർമ്മെൻറിന്റെ വിദ്യാഭ്യാസമന്ത്രിസഭയിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. എന്നാൽ ഭരണം ഇൻഡ്യാഗവർമ്മെൻറു നിയമിക്കുന്ന ഒരു സമിതിയാൽ നിക്ഷിപ്തമാണ്. ഇൻഡ്യാഗവർമ്മെൻറിന്റെ വിദ്യാഭ്യാസോപദേഷ്ടാവു് ഇതിന്റെ പ്രസിഡൻറും, നാഷനൽ ലൈബ്രറി ലൈബ്രേറിയൻ സെക്രട്ടറിയുമാണ്. കൽക്കട്ടാ യൂണിവേഴ്സിററിയെ പ്രതിനിധീകരിച്ചു് ഒന്നും, പടിഞ്ഞാറെ ബംഗാൾ ഗവർമ്മെൻറിന്റെ പ്രതിനിധികളായി 4-ം മററു സ്റ്റേറുകളുടേതായി 4-ം ഈ സമിതിയുടെ അംഗങ്ങളായുണ്ടു്.

സ്ററാക്കു്

ആണ്ടുതോറും കൂട്ടിച്ചേർക്കവുള്ള റഫറൻസ് പുസ്തകങ്ങളും വിവിധവിഷയങ്ങളിലായി പുറപ്പെടാവുള്ള സ്റ്റാൻറാഡുകൃതികളും ഒഴിച്ചാൽ ഇൻഡ്യയെ പരാമർശിക്കുന്ന ഇൻഡ്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള ഏററവും പ്രധാനവും അപൂർവ്വവുമായ മിക്ക പുസ്തകങ്ങളും ഇവിടെയുണ്ടു്. ഇപ്പോൾ 1640 കൈഎഴുത്തുപ്രതികൾ കൂടാതെ തന്നെ 539719 പുസ്തകങ്ങൾ ഈ ലൈബ്രറിയിലുണ്ടു്.

സൗകര്യങ്ങൾ

വിദ്യാർത്ഥികൾക്കും, ഗവേഷകന്മാക്കും സാധാരണ വായനക്കാർക്കും പ്രത്യേക സൗകര്യങ്ങൾ ചെയ്തിട്ടുള്ള മുറികൾ ധാരാളമുണ്ടു്. സ്ത്രീകൾക്കു പ്രത്യേക വായനമുറികളുണ്ടു്. ത്രപാജാമൃത്തിൽ ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ ഏതു ഭാഗത്തുള്ളവക്കും പുസ്തകം കടം കൊടുക്കാറുണ്ടു്. വായനശാലയിൽ വായിക്കുന്ന അംഗങ്ങൾക്കും പുസ്തകം എടുക്കുന്നവക്കും മെമ്പർസ്ഥാനത്തിനു ഫീസുകൾ കൊടുക്കേണ്ടതില്ല. പ്രത്യേകമായ റഫറൻസുകൾ വളരെ ശുഷ്കാന്തിയോടുകൂടി നടത്തപ്പെടും.

സംഭാവനകൾ

പരേതനായ ശ്രീ. അശുതോഷ്മുഖോപതി ശേഖരിച്ചു് സൂക്ഷിച്ചിരുന്ന ഏററവും വിലയേറിയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും 1949-ൽ അദ്ദേഹത്തിന്റെ മകൻ ഈ ലൈബ്രറിക്കു് സംഭാവന ചെയ്തിട്ടുണ്ടു്. സാഹിത്യം, ചരിത്രം, തത്വശാസ്ത്രം, ധനതത്വശാസ്ത്രം, ഗണിതം, ജ്യോതിഷം, തുടങ്ങി വിവിധശാഖകളിലുമായി 80000 ഗ്രന്ഥങ്ങൾ ഈ സംഭാവനയിൽപ്പെടുന്നു. ഈ സമാഹാരത്തിനു സർ അശുതോഷ് മുഖോപതികളക്ഷൻ എന്നാണു പേരു്.

ഇൻഡ്യാഗവർമ്മെൻറിന്റെ സ്റ്റേററു മിനിസ്ററി ഹൈദ്രബാദു് റസിഡൻസി ലൈബ്രറിയിൽനിന്നും മിലിററി ഗവർമ്മെൻറിനാവശ്യമുള്ള ഗ്രന്ഥങ്ങൾ നീക്കി 4295 ഗ്രന്ഥങ്ങൾ നാഷനൽ ലൈബ്രറിക്കു സംഭാവന ചെയ്തിട്ടുണ്ടു്. ശ്രീ. ത്രിപുര ശങ്കരബാനർജിയുടെ നാമധേയത്തിൽ ശ്രീ. നിത്യാനന്ദഭട്ടാചാര്യ നൂറു സംസ്കൃത കൈഎഴുത്തു ഗ്രന്ഥങ്ങളും സംഭാവനയായി കൊടുത്തിട്ടുണ്ടു്. ചില കൈഎഴുത്തു കൃതികൾക്കു മുന്നൂറു കൊല്ലത്തിനുമേൽ പഴക്കമുണ്ടെന്നു കാണുന്നു. പരേതനായ ശ്രീ. രാമദാസ് സെന്നിന്റെ ഓർമ്മക്കായി അദ്ദേഹത്തിന്റെ അവകാശികൾ രാമദാസ്സെൻ സമാഹാരം എന്നു് അറിയപ്പെടുന്ന 3476 ഗ്രന്ഥങ്ങൾ സംഭാവന ചെയ്തിട്ടുണ്ടു്.

പ്രവർത്തനങ്ങൾ

ഇൻഡ്യൻ സംസ്കാരത്തിന്റെ വിവിധവശങ്ങളേയും ഉൾക്കൊള്ളുന്ന ഒരു ബിബ്ളിയാഗ്രാഫി തയ്യാറാക്കാൻ ലൈബ്രറി

# തിരുവനന്തപുരം

# ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല

[കൽക്കട്ടാ നാഷണൽ ലൈബ്രറി ലൈബ്രേറിയൻ ശ്രീ. ബി. എസ്സ്. കേശവൻ 1951 ഡിസംബർ 6-ാം നു- ഈ ഗ്രന്ഥശാല സന്ദർശിച്ച് രേഖപ്പെടുത്തിയ അഭിപ്രായം.]

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല സന്ദർശിച്ചശേഷം, അത് തിരുവിതാംകൂറിനു അഭിമാനിക്കാവുന്ന ഒരു സ്ഥാപനമാണെന്നു മാത്രമല്ല ഒരു ജനകീയ നേട്ടം തന്നെയാണെന്നു പറയുന്നതിലും എനിക്കു സംശയലേശമില്ല. ഈ ഗ്രന്ഥശാലയിൽ മലയാളഭാഷയിലുള്ള ഗ്രന്ഥസമുച്ചയത്തിന്റെ ഒരു പ്രധാനഭാഗം അടങ്ങിയിട്ടുണ്ട്. വരാനിരിക്കുന്ന കാലങ്ങളിൽ ഉണ്ടാകാവുന്ന സാഹിത്യസമുച്ചയത്തിന്റെ ഒരു കേന്ദ്രമാണ് ഈ സമാഹാരം. മററു ഗ്രന്ഥശാലകളിൽ അലഭ്യമായ മാസികാസമ്പത്തു ഇവിടെ ഉണ്ട്. സാമുദായികവും സാംഭവികവും സാഹിത്യപരവുമായി ഭാവിചരിത്രം നിർമ്മിക്കുന്നതിനു ഈ ആനുകാലികപ്രസിദ്ധീകരണങ്ങൾക്കുള്ള പ്രാധാന്യം എത്രതന്നെ വിസ്തരിച്ചാലും മതിവരുന്നതല്ല. വളരെയധികം പ്രസിദ്ധീകരണം നിലച്ച പുസ്തകങ്ങളും ഓലയിലും ചെമ്പുതകിടിലുമുള്ള വിലയേറിയ കൈയ്യെഴുത്തു പ്രമാണങ്ങളും ഇവിടെയുണ്ട്. ദൂരവീക്ഷണവും ആത്മാർത്ഥതയുമുള്ള ഒരു പണ്ഡിതസമിതിയാണു ഇതിന്റെ നടത്തിപ്പുകാർ എന്നുള്ളതാണു അതിലേറെ മെച്ചം. ജായിന്റ് സെക്രട്ടറിമാർ സാഹിത്യപരമായി പ്രശസ്തിയും വിലയും നേടിയവരാണ്. ഈ സ്ഥാപനത്തിന്റെ ജീവനായ ശ്രീ. കേശവപിള്ള വളരെ വിപുലമായ ജനസംഘത്തിലും കാണാൻ കഴിയാത്ത ഒരപൂർവ്വവ്യക്തിയാണ്. അദ്ദേത്തിന്റെ ആത്മാർത്ഥത സ്ഥിരപ്രതിഷ്ഠമാണ്. മനോഹരമായ ഒരു പുതിയ മന്ദിരം പണിയാൻ മനസ്സുമുട്ടിയിരിക്കുന്ന അദ്ദേഹത്തിനു ആ ആഗ്രഹം ഫലിച്ചുകാണുന്നതിനു ദീർഘായുസ്സ് ആശംസിക്കുന്നു. കെട്ടിടത്തിന്റെ പ്ലാനും പണത്തിന്റെ ഒരു ഭാഗവും തയ്യാറായിട്ടുണ്ട്. എന്നാൽ ഗവർമ്മെന്റിന്റെ സഹായം ഈ ആഗ്രഹസാദ്ധ്യത്തിനു ആവശ്യമാണ്. എന്തെങ്കിലും സഹായദാനത്തിനു മറെറാരു സ്ഥാപനവും ഇത്രമാത്രം അർഹിക്കുന്നില്ല.

---

ചുമതല ഏററിട്ടുണ്ട്. ഒരു ഭാഗം തീർത്ത്; പണ്ഡിതന്മാരുടെ അഭിപ്രായത്തിനും നിരൂപണത്തിനുമായി അയയ്ക്കുകയും അവരുടെ നിർദ്ദേശങ്ങളെ പരിഗണിച്ച് മുഴുവനും ആവർത്തിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കൽക്കട്ടാ യൂണിവേഴ്സിററി നടത്തിയ ലൈബ്രറി ട്രെയിനിംഗ് കോഴ്സിനും ബംഗാൾ ലൈബ്രറി അസോസിയേഷൻ നടത്തിയ സമ്മർ ട്രെയിനിംഗ്സ്ക്കൂളിനും വേണ്ട ഒത്താശകൾ ചെയ്തിട്ടുണ്ട്. ശ്രീ. ബി. എസ്. കേശവൻ (ലൈബ്രേറിയൻ) സമ്മർ സ്ക്കൂളിന്റെ ഡയറക്ടറായി പ്രവർത്തനം നടത്തി.

ശ്രീ. ബി. എസ് കേശവൻ ഇപ്പോൾ അമേരിക്കൻ പര്യടനം നടത്തുന്നു. കുമാരി പ്രേമിള്ളാദംശികാർ ആസ്ട്രേലിയായിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു അങ്ങോട്ടു പോയിരിക്കയാണ്.

എന്റെ അടുത്ത സന്ദർശനവേളയിൽ ഈ ആശ ഫലിച്ചു കാണാൻ ഞാൻ ആഗ്രഹിക്കുന്നു. വായനശാലയുടെ പ്രവർത്തന റിപ്പോർട്ടിൽ ഏററവും ആശാസ്യമായ ഭാഗം വാർഷികവരവായ 11,171 രൂപായിൽ 870 രൂപാ മാത്രമാണു് ഗവമ്മെന്റു് ഗ്രാൻറായി ഇതിനു് ലഭിക്കുന്നതു് എന്നുള്ളതാണു്. ഇതിന്റെ സാരം ഈ ഗ്രന്ഥശാലയുടെ മാന്യത ചിരപ്രതിഷ്ഠമാണെന്നാത്രെ. ഗവമ്മെൻറിന്റെ സഹായത്തിനു ഈ ഗ്രന്ഥശാലയ്ക്കു് കിഴിടയങ്കിില്ല. പ്രത്യുത അന്തസായ അതിന്റെനില ആ സഹായം ആവശ്യപ്പെടുകയാണു ചെയ്യുന്നതു്. സ്ഥാപനത്തിനു എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. ഇതിന്റെ പ്രവർത്തകർ, വേഗത്തിൽ പരിശീലനം സിദ്ധിച്ച ഒരു ലൈബ്രേറിയനെ നിയമിക്കുമെന്നും ഗ്രന്ഥങ്ങൾ അടുക്കിവയ്ക്കുന്നതിനു ശാസ്ത്രീയരീതികൾ സ്വീകരിക്കുമെന്നും ഞാൻ ആശിക്കുന്നു. ഒരു കാർഡു കാബിനററു് വളരെ ആവശ്യമാണു്. പുസ്തകങ്ങൾ കൂടെക്കൂടെ പൊടിതുടച്ചു സൂക്ഷിക്കണം. ഷെൽഫുകൾ കൂടുതൽ ഉപയോഗക്ഷമമാക്കണം. ഇതെല്ലാം സ്ഥലസൗകര്യമുണ്ടാകുമ്പോൾ പരിഹരിക്കപ്പെടാവുന്നതേയുള്ളു.

---

## അഭിപ്രായത്തിനുവന്നിട്ടുള്ള പുസ്തകങ്ങൾ

| | പേരു് | ഗ്രന്ഥകർത്താവു് | വില | | |
|---|---|---|---|---|---|
| 1. | കുമാരനാശാൻ ചില സ്മരണകൾ | കെ. സദാശിവൻ | 1 | 0 | 0 |
| 2. | വെള്ളപ്പൂക്കൾ | മേട്ടേൽ ജി. മാധവൻപിള്ള | 0 | 8 | 0 |
| 3. | കാമിനി | കല്ലേലിൽ രാഘവൻ | 0 | 12 | 0 |
| 4. | കാലടിപ്പാടുകൾ | വി. ഉണ്ണിക്കൃഷ്ണൻനായർ | 1 | 8 | 0 |
| 5. | അഗാധ നീലിമകൾ | ഓ. എം. അനുജൻ | 1 | 0 | 0 |
| 6. | ഹെലൻ | ഡാ. കെ. എം. വമ്മ | 1 | 8 | 0 |
| 7. | നവരത്നം | പി. എസ്. സുബ്ബരാമപട്ടർ | 0 | 12 | 0 |
| 8. | തെണ്ടിയുടെ മകൻ | പി. കെ. കുര്യാക്കോസു്, വിദ്വാ. | 1 | 4 | 0 |
| 9. | സ്വാതന്ത്ര്യചിന്ത | കെ. എസ്. മണി B. A. & L. T | 1 | 4 | 0 |
| 10. | തടവുകാരി | ടി | 1 | 0 | 0 |
| 11. | ഇരുളിൽ | ടി | 1 | 0 | 0 |
| 12. | തകന്ന മുരളി | ടി | 1 | 0 | 0 |
| 13. | ത്രികോണം | ടി | 0 | 12 | 0 |
| 14. | ക്രമുകം | വന്നേരി ബാലകൃഷ്ണൻ | 0 | 8 | 0 |
| 15. | പ്രതിബന്ധം | പി. ജി. ചെല്ലപ്പൻപിള്ള ബോംബെ | 1 | 8 | 0 |
| 16. | മാക്സിംഗോക്കി | മുണ്ടശ്ശേരി | 1 | 4 | 0 |
| 17. | സെബുന്നിസാ | ഡാ. എസ്. കെ. നായർ | 1 | 0 | 0 |
| 18. | ഫാദർ ജോൺപൊറോട്ടം | ഫാദർ ജി. സി. ടീലാർ | 1 | 8 | 0 |

## ഗ്രന്ഥശാലാവാർത്തകൾ

# മാതൃകാപരമായ സംഭാവന

1. ചെമ്മൺകാലായൂണിയൻ ലൈബ്രറി പ്രസിഡൻറ് ശ്രീ. എം. കൊച്ചുമ്മിണിപ്പണിക്കർ പ്രസ്തുത ലൈബ്രറിക്കു വേണ്ടി ഒന്നേമുക്കാൽ സെൻറ സ്ഥലം സംഭാവന ചെയ്യാമെന്ന്, ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ലൈബ്രറി സന്ദർശിച്ചപ്പോൾ വാഗ്ദാനം ചെയ്യുകയുണ്ടായി.

2. കുലശേഖരം ബ്രഹ്മവിദ്യാലയം ഗ്രന്ഥശാലയ്ക്കു പുതിയ മന്ദിരത്തിനു വേണ്ടി പടനിലം സോമൻനായർ അഞ്ചു സെൻറുസ്ഥലം സംഭാവന ചെയ്തിട്ടുണ്ടു്. പുതിയ മന്ദിരം പണികഴിപ്പിക്കുന്നതുവരെ ഗ്രന്ഥശാലയുടെ ഉപയോഗത്തിനുവേണ്ടി സെക്രട്ടറി ശ്രീ. റ്റി. വി. ഗംഗാധരൻനായർ സൗജന്യമായി ഒരു കെട്ടിടം വിട്ടുകൊടുത്തിരിക്കയാണു്.

3. തിരുനന്തിക്കര നേതാജിസ്മാരക ഗ്രന്ഥശാലയ്ക്കു് തുമ്പോട്ടു് തരിശംവീട്ടിൽ ശ്രീ. എ. ചന്ദ്രശേഖരൻനായർ ബി. എസ്സ്. സി. രണ്ടുസെൻറുസ്ഥലം സംഭാവന ചെയ്തിട്ടുണ്ടു്. പുതിയ കെട്ടിടത്തിൻെറ ജോലി തുടങ്ങിയിരിക്കയാണു്. ഗ്രന്ഥശാലാ പ്രസിഡൻറ് ശ്രീ. എം. കെ. കേശവപിള്ള വായനശാലയ്ക്കു ഒരു കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തിട്ടുണ്ടു്.

4. കുറുമ്പകര (പത്തനാപുരം) നേതാജി മെമ്മോറിയൽ ഗ്രന്ഥശാലയ്ക്കു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഒരു സാധാരണ കർഷകനായ മാവിള പടിഞ്ഞാററതിൽ ശ്രീ. സി. കെ. കൃഷ്ണൻനായർ രണ്ടുസെൻറുസ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

5. പാച്ചല്ലൂർ ഗ്രാമീണഗ്രന്ഥശാലയ്ക്കു് സ്വന്തമന്ദിരം പണിയിക്കുന്നതിനു താഴത്തു വീട്ടിൽ ശ്രീ. ശങ്കരപിള്ള അവർകൾ രണ്ടേകാൽസെൻറ സ്ഥലം സംഭാവന ചെയ്തിട്ടുണ്ടു്.


## സാഹിത്യനിക്ഷേപങ്ങൾ

1. ശ്രീ ലളിതരഹസ്യം (3 ഭാഗങ്ങൾ)
ശ്രീ. കെ. വാസുദേവമൂസ്സതു അവർകളാൽ പരിഭാഷപ്പെടുത്തിയതു്. (മേനിക്കടെലാസ്സിൽ)
ഒന്നാം ഭാഗം 3 രൂ. രണ്ടാം ഭാഗം 3 രൂ. 8 ണ. മൂന്നാംഭാഗം 4 രൂ.

2. താമരമാല (പദ്യം) ഗ്രന്ഥകാരൻ പി. കുഞ്ഞിരാമൻനായർ 0 5 0
3. ശംഖനാദം ,, ,, 0 12 0
4. അക്ഷയചൈതന്യം (10 ചെറുകഥകൾ)
ഗ്രന്ഥകാരൻ റ്റി. സി. ഗോപിനാഥമേനോൻ, B. A., B. L. 0 8 0
5. വാസന്തി (ചെറുകഥകൾ) ഗ്രന്ഥകാരൻ ശങ്കരൻകുട്ടി മേനോൻ 1 0 0

ആവശ്യപ്പെടേണ്ടും മേൽവിലാസങ്ങൾ

P. I. KAKKU
BOOK SELLER
Municipal Office Road, TRICHUR.

H. & C. STORES
BOOK SELLERS
KUNNAMKULAM

## (ii) കെ. ഗോവിന്ദൻ

(സെക്രട്ടറി)

ശ്രീ നാരായണവിലാസം ഗ്രന്ഥശാല, മുരുക്കുംപുഴ

ജീവിതംതന്നെ ഗ്രന്ഥശാലാപ്രവത്തനത്തിനുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ള അനേകം പ്രവത്തകർ നമ്മുടെ ഇടയിലുണ്ട്. അവരെപ്പററിയുള്ള വിവരങ്ങൾ ഈ പംക്തിയിൽക്കൂടി പ്രസിദ്ധപ്പെടുത്തുന്നതാണ്.

എഡിററർ

മുരുക്കുംപുഴ ശ്രീ നാരായണവിലാസം ഗ്രന്ഥശാലാ സെക്രട്ടറിയും ലൈബ്രേറിയനുമായ മി. കെ. ഗോവിന്ദൻെറ അക്ഷീണ പരിശ്രമംകൊണ്ട് 1098 തുലാം 15-ാം തീയതി ഈ ഗ്രന്ഥശാല സ്ഥാപിക്ക



പ്പെട്ടു. ഒരു ചെറിയ കെട്ടിടത്തിൽ തുടങ്ങിയ ഗ്രന്ഥശാലയ്ക്കു് റയിൽവേസ്റ്റേഷനു സമീപം സ്വന്തമായി ഒരു സ്ഥലം വാങ്ങി 1109-ൽ ഒരു നല്ല കെട്ടിടം പണികഴിപ്പിച്ചു. ഗ്രന്ഥപാരായണത്തിനും പത്ര പാരായണത്തിനും പൊതുജനങ്ങൾക്കു കൂടുതൽ ആസക്തിയുളവാക്കുവാൻ 'വിദ്യാഭിവർദ്ധിനിസംഘം' ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നടത്തിവന്നു. ഗ്രന്ഥശാല സന്ദർശിച്ചിട്ടുള്ള വിദ്യാഭ്യാസ മേലദ്ധ്യക്ഷന്മാർ സാഹിത്യരസികന്മാർ തുടങ്ങിയ അനവധി മാന്യന്മാർ, മി. ഗോവിന്ദൻെറ ഗ്രന്ഥശാലാ പ്രവത്തനരീതി, കൃത്യനിഷ്ഠ, ഉത്സാഹശീലം എന്നിവയെക്കുറിച്ചു് നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തിട്ടുണ്ട്. 60-ൽ പ്പുറം വയസ്സായിട്ടും മി. ഗോവിന്ദൻ ഗ്രന്ഥശാലയുടെ അഭിവൃദ്ധിക്കുവേണ്ടി സദാ കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹം തന്നെയാണു്.

## ഗ്രന്ഥശാലകൾ

### മഹാത്മഗാന്ധി മെമ്മോറിയൽ ലൈബ്രറി, തലയൽ

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ഒക്ടോബർ 7-ാം തീയതികൂടി ശ്രീ. ജി. കൃഷ്ണപിള്ള പ്രസിഡൻറായും എൻ. നാഗപ്പൻനായർ സെക്രട്ടറിയായും ജി. ഗോപാലകൃഷ്ണൻ നായർ ജോയിൻറ് സെക്രട്ടറിയായും 11 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### മഹാത്മജി മെമ്മോറിയൽ പബ്ളിക് ലൈബ്രറി, ചാന്നാനിക്കാട്ട്

ഈ വായനശാലയുടെ ഒരു പൊതു യോഗം ഒക്ടോബർ 2-ാം തീയതി ഡാക്ടർ. സി. കെ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽകൂടി. ചാന്നാനിക്കാട്ട് റൂറൽ ലൈബ്രറി ഏല്പിച്ചതിൽ ഗ്രന്ഥശാലാ സംഘത്തോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയുണ്ടായി.

### ദേശസേവിനി ഗ്രന്ഥശാല, മണക്കാട്ട്, തൊട്ടപ്പുഴ

ഈ വായനശാലയുടെ ആഭിമുഖ്യത്തിൽ 'ദേശസേവിനി' എന്ന കൈയ്യെഴുത്തു മാസിക തുടങ്ങിയിരിക്കുന്നു.

### നേതാജിസ്മാരക ഗ്രന്ഥശാല, വയലാ

ഈ ഗ്രന്ഥശാലയുടെ പ്രഥമവാർഷികം 127 കന്നി 7-ാം തീയതി ശ്രീ. പി. കെ. നീലകണ്ഠപ്പിള്ള ബി. എ. എൽ. റി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട. യോഗത്തിൽ ശ്രീ. പി. ജി. നായർ ശാസ്ത്രി കെ. ചന്ദ്രശേഖർ എൻ. നീലകണ്ഠൻ പോററി, സാഹിത്യവിശാരദ് രാഘവൻ നായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

### മഹാത്മാഗാന്ധി മെമ്മോറിയൽ ലൈബ്രറി, തിരുമൂലപുരം

പ്രസ്തുത ഗ്രന്ഥശാലയുടെ മൂന്നാമത്തു വാർഷിക സമ്മേളനം ഒക്ടോബർ 2-ാംതീയതി നി: വ: ദി: ശ്രീ. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ ശ്രീ. എം. വി. നാരായണൻ ബി. എ. എൽ. റി. പ്രസംഗിക്കുകയുണ്ടായി.

സെപ്ററംബർ 23-ാം തീയതി പൊതുയോഗംകൂടി ശ്രീ. എൻ. എസ്സ്. പരമേശ്വരൻ പ്രസിഡൻറായും പി. എം. ചെറിയാൻ ബി. എ. എൽ. റി. വൈസ് പ്രസിഡൻറായും ടി. വി. ചാക്കോ സെക്രട്ടറിയായും 13 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

### വിദ്യാപ്രദായിനി ഗ്രന്ഥശാല, തട്ടാർക്കോണം

ഈ വായനശാലയുടെ വാർഷികപൊതുയോഗം ഒക്ടോബർ 10-ാം തീയതി ശ്രീ. എ. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും ബഡ്ജററും അംഗീകരിച്ചു. ശ്രീ. എ. മാധവൻപിള്ള പ്രസിഡൻറായും കെ. ആർ. കൃഷ്ണപിള്ള വൈസ്പ്രസിഡൻറായും എം. കുട്ടപ്പൻപിള്ള സെക്രട്ടറിയായും ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### പബ്ളിക്ലൈബ്രറി & റീഡിംഗ് റൂം, ഇടമൺ

സെപ്ററംബർ 30-ാം തീയതി ജനാബ് എം. മീരാസാഹിബ് റാവുത്തരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ. പി. എം. ജോസഫ്, കെ. ജെ. ജോസഫ് എം. മാനുവേൽ, കെ. ആർ. പിള്ള, റി. സി. തോമസ് എന്നിവർ പ്രസംഗിച്ചു.

### കുഞ്ഞുണ്ണി മെമ്മോറിയൽ ലൈബ്രറി, ആവിണിശ്ശേരി

പ്രസ്തുത ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള വയോജനവിദ്യാഭ്യാസ

ക്ലാസ്സിൻെറ ഉത്ഘാടനം ഒക്ടോബർ 1-ാം തീയതി ശ്രീ. ഉണ്ണി എസ്സ്. വാര്യർ നിർവ്വഹിച്ചിരിക്കുന്നു. പൊതുയോഗത്തിൽ ശ്രീ. ജെ. എഫ്. കാട്ടുക്കാരൻ ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ. പി. ആർ. ഫ്രാൻസിസ് പ്രസംഗിക്കുകയും ചെയ്തു.

### യുവജന വായനശാല, തൃക്കുന്നപ്പുഴ വടക്ക്

ആഗസ്റ്റ് 8-ാം തീയതി ശ്രീ. എൻ. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽ ഒരു വിശേഷാൽ പൊതുയോഗം കൂടുകയും ശ്രീ. കെ. ഗോവിന്ദൻനായർ പ്രസിഡൻറായും ആർ. രാമകൃഷ്ണപിള്ള സെക്രട്ടറിയായും 7 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

### ചെൺപകവിലാസ് വായനശാല, ചെൺപകരാമൻ പുതൂർ

ഒക്ടോബർ 20-ാംതിയതി ശ്രീ. പി. വിശ്വനാഥൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി ശ്രീ. വി. കോലപ്പാപിള്ള അദ്ധ്യക്ഷനായും, ററി. മുത്തുകുമാരസ്വാമിപിള്ള സെക്രട്ടറിയായും എൻ. കുമാരസ്വാമി അസി. സെക്രട്ടറിയായും 11 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### ടി. കെ. മാധവമെമ്മോറിയൽ വായനശാല, വളമംഗലം

ഈ വായനശാലയുടെ ഒരു യോഗം ഒക്ടോബർ 4-ാംതീയതി ശ്രീ. സി. കുട്ടപ്പൻ വാദ്ധ്യാരുടെ അദ്ധ്യക്ഷതയിൽകൂടി ശ്രീ. പി. കെ. കൊച്ചുകുട്ടൻ, കെ. സി. രാഘവൻ കെ. ഈ. കൊച്ചിട്ട്യാതി എന്നിവർ പ്രസംഗിച്ചു. സക്കുലേററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും നിശ്ചയിക്കുകയുണ്ടായി.

### ദി രാമകൃഷ്ണമെമ്മോറിയൻ ലൈബ്രറി, ചേർത്തല തെക്കു്

നവംബർ 18-ാംതീയതി കൂടിയ പൊതുയോഗത്തിൽ വച്ചു ശ്രീ. പി. കെ. നാരായണക്കുറുപ്പു പ്രസിഡൻറായും എസ്സ്. സോമനാഥൻനായർ സെക്രട്ടറിയായും 7 പേരുൾപ്പെട്ട കമ്മിററിയെ തെരഞ്ഞെടുത്തു.

### വിജ്ഞാന പ്രദായിനി വായനശാല, കട്ടക്കരെ

സാമൂഹ്യ വിദ്യാഭ്യാസദിനം പ്രമാണിച്ചു് നവംബർ 1-ാം തീയതി ശ്രീ. ററി. കെ. ഭാർഗ്ഗവപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി ശ്രീ, പി. കെ. കുമാരൻ എം. കെ. സദാനന്ദപ്പണിക്കർ എന്നിവർ പ്രസംഗിച്ചു.

### വിദ്വാൻ എളയതുസ്മാരക വായനശാല, മച്ചാട്ട്

സാമൂഹ്യ വിദ്യാഭ്യാസദിനം പ്രമാണിച്ചു് ശ്രീ. വി. നാരായണമേനോൻെറ അദ്ധ്യക്ഷതയിൽ നവംബർ 1-ാം തീയതി പൊതുയോഗംകൂടി ശ്രീ. എൻ. എസ്. കുട്ടി യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

### ദേശാഭിവർദ്ധിനി ഗ്രന്ഥശാല, പത്തിയൂർ

ഒക്ടോബർ 29 ാം തീയതി കൂടിയ പൊതുയോഗത്തിൽവച്ചു് ശ്രീ. എസ്സ് ഗോവിന്ദനുണ്ണിത്താൻ ബി. എ. എൽ. ററി. പ്രസിഡൻറായും പി. എൻ. മാധവൻപിള്ള സെക്രട്ടറിയായും 7 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ഗ്രാമോദ്ധാരണ ഗ്രന്ഥശാല, മാരായമുട്ടം

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു ബ്രാഞ്ചായി മരുതത്തൂർ കൂട്ടപ്പലിക്കോണം എന്ന സ്ഥലത്തു് നവംബർ 25-ാം തീയതി ഒരു ഒരു റീഡിംഗ്റൂം ഉത്ഘാടനം ചെയ്യിരിക്കുന്നു.

### എസ്സ്. എൻ. ഡി. പി. ഗ്രന്ഥശാല, എരുമത്തല

ഈ ഗ്രന്ഥശാലയുടെ ഒന്നാമതു വാർഷികയോഗം നവംബർ 26-ാം തീയതി ശ്രീ. ടി. ഓ. ബാവയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. കെ. സി. അഹമ്മദ് കെ. വി. നാരായണശാസ്ത്രി ടി. വി. കെ. സീതി സി. വി., എസ്സ്. എന്നിവർ പ്രസംഗിച്ചു. ബിസ്സിനസ്മീററിംഗിൽ വച്ചു് ശ്രീ. സി. വി. നാരായണൻ പ്രസിഡൻറായും വി. എ. ഭാസ്കരശാസ്ത്രി സെക്രട്ടറിയായും ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

### സ്വയംപ്രകാശിനി അമ്മാൾ സ്മാരകഗ്രന്ഥശാല, പാങ്ങപ്പാറ

വളരെക്കാലമായി പ്രവർത്തനമില്ലാതിരുന്ന പ്രസ്തുത ഗ്രന്ഥശാലയുടെ പുനരുദ്ധാരണം സംബന്ധിച്ചു് ഡിസംബർ 2-ാം തീയതി ശ്രീ. ജെ. രാജഗോപാലൻനായരുടെ അദ്ധ്യക്ഷതയിൽ യോഗംകൂടി. ശ്രീ. രാഘവൻ ബി. എ. ബി. എൽ. ഉൽഘാടനം ചെയ്തു.

### മുഹമ്മദുഅബ്ദുർറഹിമാൻ സ്മാരകവായനശാല, വള്ളിവട്ടം

പ്രസ്തുത ഗ്രന്ഥശാലയുടെ 5-ാം വാർഷികദിനവും മുഹമ്മദുഅബ്ദുർറഹിമാൻെറ ചരമദിനവും വിദ്വാൻ എൻ. പി. കരുപ്പിൻെറ അദ്ധ്യക്ഷതയിൽ നവംബർ 23-ാം തീയതി കൂടുകയുണ്ടായി. ശ്രീ. കെ. എ. കുഞ്ഞുമൈയ്തീൻ എ. എം. ഹനീഫ എന്നിവർ പ്രസംഗിച്ചു. യു. എം. ബാവു സാഹിബ് പ്രസിഡൻറായും കെ. എ. കുഞ്ഞുമൈയ്തീൻ സെക്രട്ടറിയായും 11 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ബാപ്പുജിസ്മാരക ഗ്രന്ഥശാല, കഴക്കൂട്ടം

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ഡിസംബർ 16-ാം തീയതികൂടി ശ്രീ. കെ. പത്മനാഭപിള്ള പ്രസിഡൻറായും കെ. പത്മനാഭൻനായർ സെക്രട്ടറിയായുമുള്ള 7 പേരുൾപ്പെട്ട ഒരുകമ്മററിയെ തെരഞ്ഞെടുത്തു.

### കല്പകവിനായകർ ലൈബ്രേറി, രാമനാഥപുരം

ഈ ഗ്രന്ഥശാലയുടെ നാലാമതുവാർഷികയോഗം ഡിസംബർ 30-ാം തീയതി ശ്രീ. എ. ഗുരുനാഥപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. വിദ്വാൻ കെ. സി. നാണു, വിദ്വാൻ ഈ പണ്ടാരംനമ്പ്യാർ, പി. വിശ്വനാഥൻ എന്നിവർ പ്രസംഗിച്ചു.

### സെൻറ് ആൻറണീസ് ഗ്രാമോദ്ധാരണസംഘം വായനശാല വള്ളവിള

ജനുവരി 20-ാം തീയതി കൂടിയപൊതുയോഗത്തിൽ വച്ചു് ശ്രീ. എ. കെ. എം. ദാസയ്യാ പ്രസിഡൻറായും എം. ബൊനിഫാസ് ഫ്രണാൻറസ്, എസ്സ്. അർക്കലാമൂസ് മൊറായിസ് എന്നിവർ സെക്രട്ടറിമാരായും, 14 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

വൈ. എം. ഏ. ലൈബ്രറി,
വള്ളംകുളം

ഈ വായനശാലയുടെ വാർഷികയോഗം ജനുവരി 13-ാം തീയതി ശ്രീ. ഏ. മാധവൻ പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. പി. ആർ. ശ്രീധർ, ഗംഗാധരപ്പണിക്കർ എന്നിവർ പ്രസംഗിച്ചു. ശ്രീ. ഏ. മാധവൻപിള്ള പ്രസിഡൻറായും കെ. രാഘവൻനായർ സെക്രട്ടറിയായും സി. എൻ. ദാമോദരൻപിള്ള ഖജാൻജിയായും ഉള്ള 9 പേരുൾപ്പെട്ട കമ്മററിയെ തെരഞ്ഞെടുത്തു.

ഗ്രാമീണ വായനശാല,
തിരുവാങ്കുളം

പ്രസ്തുത വായനശാലയുടെ വാർഷികയോഗം ശ്രീ. കെ. എൻ. ശങ്കരൻ കർത്താവിൻെറ അദ്ധ്യക്ഷതയിൽ ഡിസംബർ 30-ാം തീയതികൂടി. വിദ്വാൻ. ജി. അച്യുതമേനോൻ പ്രസംഗിക്കുകയുണ്ടായി.

ദേശസേവിനി ലൈബ്രറി,
ആനിക്കാട്ട്

ഈ ഗ്രന്ഥശാലയുടെ പ്രഥമവാർഷികാഘോഷം ജനുവരി 5-ാം തീയതി കൊണ്ടാടപ്പെട്ടു. പൊതു സമ്മേളനത്തിൽ ഫാദർ ജോൺ മററം എം. എ. ആദ്ധ്യക്ഷം വഹിച്ചു. ശ്രീ. ഗോവിന്ദനുണ്ണി, തൃക്കൊടിത്താനം ഗോപിനാഥൻ നായർ എന്നിവർ പ്രസംഗിച്ചു. ഭാവന എന്ന ഗദ്യനാടകം വായനശാലാംഗങ്ങൾ തന്മയത്വമായി അഭിനയിക്കുകയുണ്ടായി.

ഗാന്ധിമെമ്മോറിയൽ ലൈബ്രറി
കരുമല്ലൂർ

ഈ ഗ്രന്ഥശാലയുടെ 3-ാമതു വാർഷികസമ്മേളനം ജനുവരി 26-ാം തീയതി ശ്രീ. ഗംഗാധരൻ തമ്പിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. സ്റ്റാൻലി എം. എ, മാമ്മൻ, കെ. പി. കൃഷ്ണമേനോൻ, മാവേലിക്കര അച്യുതൻ, ശ്രീമതി ആനന്ദവല്ലിയമ്മ എന്നിവർ പ്രസംഗിച്ചു. രാത്രി പിൻഗാമി എന്ന ഗദ്യനാടകം വായനശാലാംഗങ്ങൾ തന്മയത്വമായി അഭിനയിക്കുകയുണ്ടായി.

വിജ്ഞാന പ്രദായിനി ലൈബ്രറി
തിരുവാമ്പാടി

പ്രസ്തുത ഗ്രന്ഥശാലയ്ക്കു് സ്വന്തമായി ഒരു മന്ദിരം പണി കഴിപ്പിക്കുന്നതിനു വേണ്ടി 25 പേരുൾപ്പെട്ട ഒരു കെട്ടിടനിർമ്മാണക്കമ്മററി രൂപീകരിച്ചിരിക്കുന്നു. സ്ഥാപനത്തിനു 20 സെൻറു് സ്ഥലം സ്വന്തമായുണ്ടു്.

ബ്രഹ്മവിദ്യാഭ്യാസാലയം
ഗ്രന്ഥശാല
കുലശേഖരം

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ജനുവരി 27-ാം തീയതി കൂടി. ശ്രീ. എൻ. കാർത്തികേയൻനായർ പ്രസിഡൻറായും ററി. വി. ഗംഗാധരൻനായർ, വി. കുഞ്ഞുകൃഷ്ണൻനായർ എന്നിവർ സെക്രട്ടറിമാരായും 11 പേരുൾപ്പെട്ട ഒരുകമ്മിററിയെ തെരഞ്ഞെടുത്തു.

വില്ലേജ് ലൈബ്രറി & റീഡിംഗ്റൂം,
നെല്ലായി

ജനുവരി 29-ാം തീയതി കൂടിയ പൊതുയോഗത്തിൽ വച്ചു് ശ്രീ. കെ. പി. ശ്രീധരൻ കർത്താവു് പ്രസിഡൻറായും ററി. ബാലകൃഷ്ണൻനായർ സെക്രട്ടറിയായും കെ. ശങ്കരൻനമ്പൂതിരി ലൈബ്രേറിയനായും 11 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

ദി പീപ്പിൾസ് ലൈബ്രറി,
തീക്കോയി

പ്രസ്തുത വായനശാലയുടെ വാർഷികയോഗം ഡിസംബർ 30-ാം തീയതി ശ്രീ.

ജോൺസൺ ജെ. വെള്ളിക്കാപ്പൻ ബി. ഏ. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. ജോൺസൺ വെള്ളിക്കാപ്പൻ ബി. ഏ. പ്രസിഡന്റായും എം. ഐ. ഇട്ടിയവിരാ ഉപാദ്ധ്യക്ഷനായും വി. എം. സേവ്യർ കാര്യദർശിയായും 11 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## ഗാന്ധിസ്മാരക ഗ്രന്ഥശാല, കോളപ്ര- തൊടുപുഴ

ഈ സ്ഥാപനത്തിൻെറ തൃതീയ വാർഷികപൊതുയോഗം ജനുവരി 12-ാം തീയതി ശ്രീ കെ. റി. മാത്യു ബി. ഏ. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എൻ. കെ. ഗോപാലപിള്ള പ്രസിഡൻറായും കെ. എൻ. രാഘവൻപിള്ള വൈസ് പ്രസിഡൻറയും ടി. കെ. പെരുമാൾപിള്ള സെക്രട്ടറിയായും 12 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## വൈ. എം. സി. ഏ. ലൈബ്രറി, പാറശ്ശാല

1952 ജനുവരി 2-ാം തീയതി കൂടിയ പൊതുയോഗത്തിൽവച്ച് ശ്രീ. വി. ജ്ഞാനയ്യാ കൺവീനറായും ഡേവിഡ് ലാസറസ് ബി. ഏ. സെക്രട്ടറിയായും 5 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു. ജനുവരി 26-ാം തീയതി ഇൻഡ്യൻറിപ്പബ്ളിക്ദിനം വിവിധ പരിപാടികളോടുകൂടി ആചരിക്കയുണ്ടായി.

## ശ്രീ നാരായണസ്മാരക ലൈബ്രറി, കന്നിമേൽ—കൊല്ലം

ജനുവരി 26-ാം തീയതി ഇൻഡ്യൻ റിപ്പബ്ളിക്ദിനം വിവിധപരിപാടികളോടുകൂടി ആചരിക്കയുണ്ടായി.

## കോസ്മോപൊളിററൻ റീഡിംഗ് ക്ലബ്ബ് & ലൈബ്രറി, കല്ലൂർക്കാട്

ഇൻഡ്യൻ റിപ്പബ്ളിക് ദിനവും ലൈബ്രറിവാർഷികവും ജനുവരി 26-ാം തീയതി ശ്രീ. വി. കെ. ചാക്കോ ബി. ഏ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കയുണ്ടായി. ശ്രീ. സി. ജെ. ശൈമൺ ബി. എസ്സ്. സി. ബി. എൽ., പി. കെ. ആൻറണി ബി. എസ്സ്. സി. ബി. എൽ., ഏ. സി. ചാക്കോ ബി. ഏ. ബി. എൽ. എന്നിവർ പ്രസംഗിച്ചു.

## സാഹിത്യസമാജം ഗ്രന്ഥശാല, തൃക്കൊടിത്താനം

പ്രസ്തുതഗ്രന്ഥശാലയുടെ മൂന്നാമതുവാർഷിക പൊതുയോഗം ജനുവരി 13-ാം തീയതി ശ്രീ. എം. കുഞ്ഞുപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എം. കുഞ്ഞുപിള്ള പ്രസിഡൻറായും എ. കെ. ബാലകൃഷ്ണപിള്ള സെക്രട്ടറിയായും ജി. രാമകൃഷ്ണപിള്ള അസി: സെക്രട്ടറിയായും എൻ. ജെ. നായർ ഖജാൻജിയായും 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## വാണീകളേബരം ഗ്രന്ഥശാല, ചെങ്ങമനാട്

ജനുവരി 20-ാം തീയതി കൂടിയ പൊതുയോഗത്തിൽ വച്ച് ശ്രീ. ഇരവിരവിനമ്പൂരിരി പ്രസിഡൻറായും റി. രാഘവൻനമ്പ്യാർ സെക്രട്ടറിയായും ജി. ബാലകൃഷ്ണൻനായർ ഖജാൻജിയായുമുള്ള 7 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## നവസാഹിതി ഗ്രന്ഥശാല, വയലാർ

വാർഷികപൊതുയോഗം ഫെബ്രുവരി 2-ാം തീയതി ശ്രീ. എൻ. പരമേശ്വരക്കു

രുപ്പിന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എൻ. പരമേശ്വരക്കുറുപ്പു പ്രസിഡന്റായും വയലാർ രാമവർമ്മ സെക്രട്ടറിയായും ഉള്ള 7 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

പൊതു സമ്മേളനത്തിൽ ശ്രീ. എൻ. പരമേശ്വരക്കുറുപ്പ് ആദ്ധ്യക്ഷം വഹിക്കുകയും പുത്തൂർ ദിവാകരൻ, പെരുന്ന കെ. വി. തോമസ്, പി. കെ. ബാലകൃഷ്ണൻ, സി. ജീ. സദാശിവൻ, എം. എൽ. ഏ. വയലാർ രാമവർമ്മ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

### ദി നാഷണൽ റീഡിംഗ് റൂം, പവിത്രേശ്വരം

ജാനുവരി 6-ാം തീയതി ഒരു പൊതുയോഗം കൂടി. വായനശാലാ കെട്ടിടം പണിയിക്കുന്നതിനു ശ്രീ. എൻ. നീലകണ്ഠൻനായരുടെ നേതൃത്വത്തിൽ ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### കേരളവർമ്മ മെമ്മോറിയൽ ലൈബ്രറി, പന്തളം

ഈ ഗ്രന്ഥശാലയുടെ പതിമൂന്നാമത്തു വാർഷികം ശ്രീ. പി. സി. രാമവർമ്മരാജായുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. പി. ആർ. രാമവർമ്മ ബി. ഏ., പി., രാഘവൻ പിള്ള ബി. ഏ. ബി. എൽ. എന്നിവർ പ്രസംഗിച്ചു.

---

## അംഗഗ്രന്ഥശാലകൾ (തുടർച്ച)

1233—പനമരം East പബ്ളിക്കുലൈബ്രറി & റീഡിംഗ്റൂം പനമരം. പൊൻകുന്നം
1234—ബാപ്പുജി മെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം മെഴുവേലി, തിരുവല്ല.
1235—റിപ്പബ്ളിക്കുലൈബ്രറി & റീഡിംഗ്റൂം പുതുപ്പള്ളികുന്നം, ശൂരനാട്
1236—മഹാത്മാഗാന്ധിസ്മാരക വായനശാല, തോട്ടവാരം, പുതുക്കാട്.
1237—മഹാത്മാ റീഡിംഗ്റൂം, കിള്ളിയൂർ, പുതുക്കാട.
1238—ഗ്രാമീണവായനശാല, എരുമപ്പെട്ടി' (തലപ്പിള്ളി)
1239—ഗ്രാമീണവായനശാല, ആറ്റൂർ, മുള്ളൂക്കര, (തലപ്പിള്ളി)
1240—മഹാത്മാസ്മാരക ഗ്രാമോദ്ധാരണ കേന്ദ്രം ഗ്രന്ഥശാല, മുള്ളുവിള, നെയ്യാററിൻകര
1241—ദിപബ്ളിക്കുലൈബ്രറി & റീഡിംഗ്ക്ലബ്ബ്, ചേലാട്ട് കോതമംഗലം.
1242—ഗ്രാമീണ വായനശാല, പെരുങ്കടവിള, അമരവിള
1243—കർഷകസേവിനിഗ്രന്ഥശാല, മഞ്ചവിളാകം, അമരവിള
1244—സർക്കാർഗ്രാമീണവായനശാല, പെരിങ്ങണ്ടൂർ, മുളംകുന്നത്തുകാവ് (തലപ്പിള്ളി)
1245—അരുണോദയം വായനശാല, മൈലസ്ലാട്ട്, കൊട്ടിയം.
1246—ടാഗോർ മെമ്മോറിയൽ വായനശാല, അട്ടതല, ചാത്തന്തുർ.
1247—ദേശീയ വായനശാല, കരുകുററി, കുന്നത്തുനാട്.
1248—പബ്ളിക്കുലൈബ്രറി, കരുകുററി, (കുന്നത്തുനാട്)
1249—കർഷകഗ്രന്ഥാലയം, വെങ്ങോല, പെരുമ്പാവൂർ.
1250—നവസാഹിതിഗ്രന്ഥശാല, വയലാർ.
1251—ഇടനാട്ടുവലവൂർ ദേശീയവായനശാല, പുലിയന്തുർ.
1252—കടനാട്ടു പബ്ളിക്കുലൈബ്രറി കടനാട്, പിഴക്,

1253—സ്വദേശാഭിമാനിഗ്രന്ഥശാല, ഇടമാറംകര, ഭരണങ്ങാനം.
1254—മുൻസിപ്പൽ ലൈബ്രറി & റീഡിംഗ്റൂം, നാഗർകോവിൽ.
1255—കർഷകമിത്രം ഗ്രന്ഥശാല, ആട്ടകാൽ, ആന്നാട്ട്, നെടുമങ്ങാട്ട്.
1256—വിജ്ഞാനോദയം ഗ്രന്ഥശാല & വായനശാല, പൂന്തല, പന്തളം.
1257—പുല്ലുവഴി പബ്ളിക്കലൈബ്രറി, പുല്ലുവഴി, പെരുമ്പാവൂർ.
1258—Y. M. A. ലൈബ്രറി & റീഡിംഗ്റൂം മീനടം (North) പാമ്പാടി.
1259—959 C.S- സിൽവർജൂബിലി മെമ്മോറിയൽ റീഡിംഗ്റൂം &ലൈബ്രറി, ചന്തിരൂർ, അരൂർ.
1260—വിജ്ഞാന പോഷിണി ലൈബ്രറി & റീഡിംഗ്റൂം വടകോട്ട്, വെട്ടിക്കവല.
1261—ഗ്രാമീണവായനശാല, പാഞ്ഞാൾ, (Via ഷൊറന്നൂർ)
1262—അയിരൂർ Y. M. C. A. ലൈബ്രറി & റീഡിംഗ്റൂം, കോറാത്തൂർ, തിരുവല്ല.
1263—ചെങ്ങന്നൂർ പബ്ളിക്കലൈബ്രറി & റീഡിംഗ്റൂം മല്ലപ്പള്ളി
1264—ഗ്രാമീണവായനശാല, നെടുംപ്രം പടിഞ്ഞാറേകര, മണിപ്പുഴ, തിരുവല്ല.
1265—വിദ്വാൻ എളയതു്സ്മാരക വയനശാല, മച്ചാട്ട്, വടക്കാഞ്ചേരി.
1266—ഗ്രാമീണവായനശാല, കിള്ളിമംഗലം, തലപ്പിള്ളി.
1267—വില്ലേജ് ലൈബ്രറി & റീഡിംഗ്റൂം ചേറപ്പുഴ, ഇലന്തുരുത്ത്, (തൃശൂർ)
1268—നേതാജിഗ്രന്ഥശാലാ & റീഡിംഗ്റൂം കോയിവിള വടക്ക്, തേവലക്കര.
1269—അണ്ടൂർക്കോണം യുവജനസംഘം ഗ്രന്ഥശാല, വെള്ളൂർ, തോന്നയ്ക്കൽ.
1270—ജനതാഗ്രന്ഥശാല, പുതിയവിള, കാട്ടാക്കട,
1271—വിജ്ഞാനപ്രദായിനി ഗ്രന്ഥശാല, കന്നിമേൽ, കിളികൊല്ലൂർ.
1272—സാംസ്കാരിക സമിതി ലൈബ്രറി & റീഡിംഗ്റൂം, മണർകാട്ട്, കോട്ടയം
1273—ദേശീയവായനശാല, പോങ്ങനാട്ട്, കിളിമാനൂർ.
1274—സഹൃദയവായനശാല, കാക്കോട്ടുമൂല, മയ്യനാട്ട്.


## ഗ്രന്ഥശാലകൾക്കു്

### ഗ്രന്ഥശാല വക പ്രസിദ്ധീകരണങ്ങൾ

| | | രു. | ണ. | സ. |
|---|---|---|---|---|
| 1. | ശ്രീഭൂതനാഥ ചരിതം. ഭാഷാഗാനം | 0 | 8 | 0 |
| 2. | തിരുനാമകീർത്തനമാല | 0 | 2 | 0 |
| 3. | സുപ്രിയ അഥവാ മണൽക്കാട്ടിലെ പ്രസൂനം | 0 | 6 | 0 |
| 4. | ശ്രീ മഹാഭാഗവതസന്ധ്യാനാമകീർത്തനം | 0 | 1 | 0 |

ഒരു രൂപായിൽ കുറഞ്ഞ ആർഡറുകൾക്കു് പുസ്തകത്തിൻെറ വിലയ്ക്കുള്ള പോസ്റ്റൽ സ്റ്റാമ്പു മുൻകൂട്ടി അയയ്ക്കണം. ഒരുരൂപായിൽ കുറഞ്ഞു് വി. പി. അയക്കുന്നതല്ല.

സെക്രട്ടറി,
ചേന്നമത്തുകളരി ഗ്രന്ഥാലയം,
കിഴക്കുംമുറി, ചേർത്തല.

N. B. എല്ലാ പുസ്തകങ്ങളും തുറവൂർ ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോയിലും കിട്ടുന്നതാണു്.

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

## Travancore-Cochin Library Association

## ADVERTISEMENT TARIFF

| | | |
|---|---|---|
| **FRONT COVER PAGE** | ... | (Reserved) |
| **BACK COVER PAGE** | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| **COVER PAGE 2** | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| **COVER PAGE 3** | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion. |
| | ... | insertions or more. |
| **ANY OTHER PAGE** | ... | Rs. 40 per insertion. |
| **HALF PAGE** | ... | Rs. 25 .... |
| **QUARTER PAGE** | ... | Rs. 15 .... |
| **BELOW QUARTER PAGE** | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*

**GRANDHALOKAM,**

PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു ബി. ഏ. ബി. എൽ.
,, പലകശ്ശേരി പി. രാഘവൻ
ബി. ഏ. ബി. എൽ.
,, നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
,, ഏ. ആർ. സുലൈമാൻസേട്ട്
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ.
,, എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ
,, എം. കെ. മേനോൻ
,, K. W. മുരളീധരമാരാർ ബി. ഏ.
എൽ. എൽ. ബി;
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററ് എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Trivandrum.